# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

ഒക്ടോബർ 2025 | വാല്യം 52 ലക്കം 7 | പേജ് 12 | വില ₹10.00

UNITY Monthly | October 2025 | Volume 52 Issue 7 | Chief Editor: JAISON JOSEPH | Page 12 | Price ₹10.00





## ലഡാക്ക് പ്രക്ഷോഭം അടച്ചമർത്തുന്ന ബിജെപി സർക്കാരിന്റെ സ്വേച്ഛാധിപത്യ നടപടിയിൽ പ്രതിഷേധിക്കുക

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് സെപ്റ്റംബർ 25ന് പുറപ്പെടുവിച്ച പ്രസ്താവന

**ല**ഡാക്കിൽ പ്രക്ഷോഭം നടത്തിയ വിദ്യാർത്ഥികൾക്കും യുവാക്കൾക്കുംനേരെപോലീസ് നടത്തിയ വെടിവെപ്പിനെ ഞങ്ങൾ ശക്തമായി അപലപിക്കുന്നു. വെടിവെപ്പിൽ നാല് യുവാക്കൾ കൊല്ലപ്പെടുകയും ഏകദേശം നൂറോളം വിദ്യാർത്ഥികൾക്കും യുവാക്കൾക്കും പരിക്കേൽക്കുകയും ചെയ്തു. 2019ൽ ബിജെപി നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ ഭരണഘടനയുടെ 370-ാം വകുപ്പ് റദ്ദാക്കിക്കൊണ്ട് ജമ്മു-കാശ്മീരിനും ലഡാക്കിനും നൽകിയിരുന്ന പ്രത്യേക പദവി ഇല്ലാതാക്കിയതാണ് ഇപ്പോഴത്തെ അശാന്തിക്ക് കാരണം.

ലഡാക്കിലെ ജനങ്ങൾക്ക് മിനിമം നിയമനിർമ്മാണ അവകാശങ്ങൾപോലും നിഷേധിക്കപ്പെട്ടു. കേന്ദ്രസർക്കാരിന്റെ തുടർച്ചയായ അടിച്ചമർത്തലുകൾ, വൻകിട മുതലാളിമാരുടെ ക്രൂരമായ ചൂഷണം, വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ, വ്യാപകമായ അഴിമതി എന്നിവ ജനങ്ങളിൽ വലിയ പ്രതിഷേധംഉണ്ടാക്കി.പ്രതിഷേധിക്കുന്ന ആളുകളെ വെടിവെച്ച് കൊല്ലുകയും നിരവധി യുവാക്കളെ പരിക്കേൽപ്പിക്കുകയും ചെയ്തുകൊണ്ട് ഈ പ്രക്ഷോഭത്തെ നിശ്ശബ്ദമാക്കാൻ ശ്രമിക്കുന്ന ബിജെപി സർക്കാരിന്റെ സ്വേച്ഛാധിപത്യപരമായ നീക്കത്തെ ഞങ്ങൾ അപലപിക്കുന്നു.

പ്രതിഷേധക്കാരുമായി ഉടൻ ചർച്ചകൾ ആരംഭിക്കാൻ ഞങ്ങൾ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു. കൂടാതെ, കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് മതിയായ നഷ്ടപരിഹാരം നൽകണമെന്നും, കുറ്റവാളികളായ പോലീസ് ഉദ്യോഗസ്ഥരെ കർശനമായി ശിക്ഷിക്കണമെന്നും ആവശ്യപ്പെടുന്നു. ■

അയ്യപ്പ സംഗമം

# സങ്കുചിത പാർലമെന്ററി ലക്ഷ്യങ്ങളോടെയുള്ള സിപിഐ(എം)ന്റെ തീക്കളി

**തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പേരിൽ ഇടതു സർക്കാർ സംഘടിപ്പിച്ച ആഗോള അയ്യപ്പസംഗമം സെപ്റ്റംബർ 20ന് പമ്പയിൽ നടന്നു. 'വിശ്വമാനവികതയുടെ മഹാസംഗമ'മെന്ന് നാടുനീളെ പ്രചരിപ്പിക്കപ്പെട്ട അയ്യപ്പസംഗമം പച്ചയായ വർഗ്ഗീയലക്ഷ്യങ്ങളോടെ സംഘടിപ്പിക്കപ്പെട്ടതു മാത്രമായിരുന്നു. അടിമുടി ജനങ്ങളുടെ വെറുപ്പിനും രോഷത്തിനും പാത്രമായി മാറിക്കഴിഞ്ഞ പിണറായി ഭരണം, വിശ്വാസവും ഭക്തിയും ഉപയോഗപ്പെടുത്തി തിരഞ്ഞെടുപ്പിൽ കടന്നുകൂടുന്നതിനായി ആസൂത്രണം ചെയ്തതായിരുന്നു അയ്യപ്പസംഗമം. പാർലമെന്ററി താൽപര്യം മുൻനിർത്തി സർക്കാർ കളിക്കുന്നത് തീക്കളിയാണെന്ന് പറയാതെ വയ്യ.**

**ദീ**ർഘകാലാടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ മതേതര-ജനാധിപത്യ ഘടനയ്ക്കുമേൽ ഈ നീക്കങ്ങൾ ഏൽപ്പിക്കുന്ന ആഘാതം അളക്കാനാവാത്തതാണ്. ആപൽക്കരമായ ഈ അജണ്ടയുടെ അന്തിമഗുണഭോക്താക്കൾ രാജ്യത്തെ ഫാസിസ്റ്റ് ശക്തികളായിരിക്കുമെന്നതിൽ ഒരു സംശയവുമില്ല.

"മണ്ണിലും മനസ്സിലും നൈർമല്യം പകരുന്ന സമഭാവനയുടെ സങ്കൽപ്പം ആഴത്തിൽ കോർത്തിണക്കിയിട്ടുള്ള ശബരിമലയെപ്പോലെ മറ്റൊരു ആരാധനാലയം ലോകത്തില്ല. ലോകത്തിന് മതമൈത്രിയുടെ മഹദ്സന്ദേശം പകർന്നുനൽകുന്ന മഹാതീർത്ഥാടന കേന്ദ്രം കൂടിയാണിത്" ദേവസ്വം മന്ത്രി വി.എൻ.വാസവൻ ദേശാഭിമാനിയിൽ എഴുതിയ ലേഖനത്തിൽ നിന്നുമുള്ളതാണ് ഈ വാചകങ്ങൾ. സിപിഐ(എം) ജനറൽ സെക്രട്ടറി എം.എ.ബേബി ദേശാഭിമാനി പത്രത്തിൽത്തന്നെ കേരളത്തിന്റെ 'മതനിരപേക്ഷ പാരമ്പര്യത്തിന് ഒരു മുതൽക്കൂട്ട്' എന്ന പേരിൽ സെപ്റ്റംബർ 19

(ശേഷം 3-ാം പേജിൽ)



സ്ത്രീകൾക്കുനേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾക്കും മദ്യത്തിനും മയക്കുമരുന്നിനുമെതിരെ അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന (എഐഎംഎസ്എസ്) അഖിലേന്ത്യ കമ്മിറ്റിയുടെ ആഹ്വാനപ്രകാരം സെപ്തംബർ 1 മുതൽ 7 വരെ നടന്ന അഖിലേന്ത്യ പ്രതിഷേധ വാരാചരണത്തിന്റെ ഭാഗമായി കൽക്കത്തയിൽ നടന്ന റാലി.

പലസ്തീൻ

# ലോകമെമ്പാടും വംശഹത്യക്കെതിരെ പ്രതിഷേധമുയരുന്നു

**മനഃസാക്ഷിയുള്ള മനുഷ്യരുടെയെല്ലാം ഹൃദയത്തെ മരവിപ്പിക്കുന്ന കാഴ്ചകളും വാർത്തകളുമാണ് പലസ്തീനിലെ ഗസയിൽ നിന്നും ദിനംപ്രതി നമ്മൾ കേൾക്കുകയും കാണുകയും ചെയ്തുകൊണ്ടിരിക്കുന്നത്. 2023 ഒക്ടോബർ 7ന് ആരംഭിച്ച ഹമാസ് - ഇസ്രയേൽ സംഘർഷം, ഇസ്രയേൽ വളരെ ഏകപക്ഷീയമായി, മനുഷ്യത്വത്തെ ചവിട്ടിയരച്ച് മുന്നോട്ടു കൊണ്ടുപോവുകയാണ്. മനുഷ്യചരിത്രത്തിലെ ഏറ്റവും ഹീനമായ ആക്രമണങ്ങളിലൊന്നാണ് പലസ്തീനിലെ നിസ്സഹായരായ ജനങ്ങൾക്കുമേൽ ഇസ്രയേൽ നടത്തിക്കൊണ്ടിരിക്കുന്നത്.**

**ഈ** സംഘർഷത്തിൽ ഇസ്രയേലിനുണ്ടായ നഷ്ടങ്ങൾ വളരെ ചെറുതാണ്. ഒടുവിലത്തെ റിപ്പോർട്ടുകൾ പ്രകാരം 65,000ലധികം പേരാണ് പലസ്തീനിൽ കൊല്ലപ്പെട്ടിരിക്കുന്നത്. കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾക്കിടയിൽ ഇനിയും ആയിരങ്ങൾ കുടുങ്ങിക്കിടപ്പുണ്ടാകും എന്നും പറയപ്പെടുന്നു. ഇതിൽ 147 കുഞ്ഞുങ്ങളടക്കം 440 പേർ പട്ടിണി മൂലമാണ് മരിച്ചത് എന്ന കണക്ക് ഏതൊരുമനുഷ്യന്റെയും ഹൃദയം നുറുക്കുന്നതാണ്. യുദ്ധത്തിന്റെ പേരിൽ മരുന്നും ഭക്ഷണവുമടക്കം ഗസയിലേക്കുള്ള എല്ലാ അന്താരാഷ്ട്ര സഹായവും തടയുകയാണ് ഇസ്രയേൽ. സ്കൂളുകൾ, ആശുപത്രികൾ, ഭക്ഷണവിതരണകേന്ദ്രങ്ങൾ തുടങ്ങിയയിടങ്ങളെ തിരഞ്ഞുപിടിച്ചാണ് ഇസ്രയേൽ ആക്രമിക്കുന്നത്. നൂറുകണക്കിനുപേർ ഈ ആക്രമണങ്ങളിൽ കൊല്ലപ്പെടുന്നു. വാർത്തകൾ റിപ്പോർട്ട് ചെയ്യേണ്ട അന്താരാഷ്ട്ര മാദ്ധ്യമപ്രവർത്തകരും ആരോഗ്യപ്രവർത്തകരും അട

(ശേഷം 2-ാം പേജിൽ)



പലസ്തീനിലെ വംശഹത്യക്കെതിരെ വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസ്(ഡബ്ല്യുഎഫ്റ്റിയു) ആഹ്വാനം ചെയ്ത 'ഗസ ഐക്യദാർഢ്യവാര'ത്തോടനുബന്ധിച്ച് എഐയുറ്റിയുസിയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 21ന് കോഴിക്കോട് സംഘടിപ്പിച്ച ഗസ ഐക്യദാർഢ്യ റാലിയിൽ ട്രംപിന്റെയും നെതന്യാഹുവിന്റെയും കോലം കത്തിക്കുന്നു.

# സയണിസ്റ്റ് ഇസ്രയേലിനെ നിലയ്ക്കുനിർത്തുക

(1–ാം പേജിൽ നിന്ന്)

ക്കമുള്ളവരെയുംആക്രമണംലക്ഷ്യം വെയ്ക്കുന്നു. ഗസയിലെ ആരോഗ്യ വകുപ്പിന്റെ കണക്കുകളനുസരിച്ച്, ഇതുവരെ കൊല്ലപ്പെട്ടവരിൽ 9,735 വനിതകളും 18,430 കുട്ടികളുമുണ്ട്. പരിക്കേറ്റവരുടെ കണക്ക് പതിനായിരക്കണക്കിനാണ്. ഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയും മരുന്നിന്റെയും ദൗർലഭ്യം കൂടി ഗസയിൽ ഇസ്രയേൽ മനഃപൂർവം സൃഷ്ടിക്കുമ്പോൾ ഒരു ജനതയെ ഒന്നടങ്കം ഇല്ലായ്മ ചെയ്യാനുള്ള വംശഹത്യ തന്നെയാണ് അവർ നടപ്പാക്കുന്നതെന്ന് സാമാന്യബോധമുള്ള ഏതൊരാൾക്കും നിസ്സംശയം മനസ്സിലാക്കാം. കുട്ടികളെ പ്രത്യേകം ലക്ഷ്യം വയ്ക്കുന്നതും വംശഹത്യ ഉന്നംവെച്ചാണ്



ചങ്ങനാശ്ശേരി തെങ്ങണയിൽ നടന്ന ഗസ ഐക്യദാർഢ്യസമ്മേളനം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു.

ഗസയിൽ വളരെ ആസൂത്രിതമായ കൂട്ടക്കൊലയാണ് നടത്തുന്നതെന്ന് പറയാൻ നിരവധി കാരണങ്ങളുണ്ട്. 2023 ഒക്ടോബർ 7ന് ഇസ്രയേലിൽ ഹമാസ് നടത്തിയ അങ്ങേയറ്റം അപലപനീയമായ ആക്രമണത്തിൽ നൂറുകണക്കിന് നിരപരാധികളായ ഇസ്രയേൽ പൗരന്മാർ കൊല്ലപ്പെടുകയും നിരവധി പേരെ ബന്ദികളാക്കി പിടിക്കുകയും ചെയ്തിരുന്നു. ഇതിനുള്ള പ്രതികാരമായിട്ടാണ് അന്ന് ഹമാസിനു നിയന്ത്രണമുണ്ടായിരുന്ന ഗസക്കുമേൽ ഇസ്രയേൽ ആക്രമണമഴിച്ചുവിട്ടത്. എന്നാൽ, സ്വയംപ്രതിരോധം, ബന്ദികളെ മോചിപ്പിക്കൽ എന്നീ ലക്ഷ്യങ്ങളല്ല ഇസ്രയേൽ തുടരുന്ന ആക്രമണത്തിനു പ്രചോദനമെന്ന് ഇന്ന് വളരെ വ്യക്തമാണ്. ബന്ദികളുടെ മോചനത്തിനായി നിലവിൽവന്ന വെടിനിർത്തൽപോലും ഏകപക്ഷീയമായി ലംഘിച്ചുകൊണ്ടാണ് ഇസ്രയേൽ ഇപ്പോൾ ആക്രമണങ്ങൾ തുടരുന്നത്. വെടിനിർത്തൽ അവസാനിപ്പിച്ച 2025 മാർച്ച് മുതൽ സെപ്റ്റംബർ വരെ 12,000ലധികം പലസ്തീൻകാർ ഇസ്രയേൽ ആക്രമണങ്ങളിൽ കൊല്ലപ്പെട്ടതായാണ് കണക്ക്. ഗസ നഗരത്തിലും പരിസരപ്രദേശങ്ങളിലും രൂക്ഷമായ ഭക്ഷ്യക്ഷാമമാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. അഞ്ചു ലക്ഷത്തിലധികമാളുകൾ ഇവിടെ കൊടുംപട്ടിണിയിലായിരിക്കുന്നു. അവശേഷിക്കുന്നവരും കടുത്ത ഭക്ഷണദൗർലഭ്യത്തെ നേരിടുന്നുണ്ട്. അതേസമയം ഗസയിലേക്കുള്ള ഭക്ഷണവും മരുന്നും ഇന്ധനവും കുടിവെള്ളവും ഇസ്രയേൽ തടയുന്നത്, പ്രതിസന്ധി രൂക്ഷമാക്കുന്നു. എല്ലാ അന്താരാഷ്ട്ര നിയമങ്ങളെയും മര്യാദകളെയും കാറ്റിൽപ്പറത്തി അവരിതു ചെയ്യുന്നത്, ബലമായി പലസ്തീൻ ജനതയെ പുറത്താക്കി ഗസ പിടിച്ചടക്കാനുള്ള ഹീനനീക്കത്തിന്റെ ഭാഗമാണ്. ഗസയിലെ ആശുപത്രികൾ, സ്കൂളുകൾ, ദുരിതാശ്വാസ ക്യാമ്പുകൾ എന്നിവയെയൊക്കെ ലക്ഷ്യമിട്ടുള്ള ആക്രമണങ്ങളാണ് ഇസ്രയേൽ വർദ്ധിപ്പിച്ചിരിക്കുന്നത്. അന്താരാഷ്ട്രനിയമങ്ങളെ വെല്ലുവിളിച്ചുള്ള ഇത്തരം ആക്രമണങ്ങൾ ഏത് ശത്രുവിനെതിരെയുള്ള സ്വയംപ്രതിരോധത്തിന്റെ ഭാഗമാണ്? ഭക്ഷണത്തിനായി യാചിച്ചുനിൽക്കുന്ന പലസ്തീൻകാരുടെ മേൽ ഒരു മടിയുമില്ലാതെ നിറയൊഴിക്കുകയും ബോംബുകൾ



കൊല്ലം അഞ്ചലിൽ നടന്ന ഗസ ഐക്യദാർഢ്യസമ്മേളനം എഐയുറ്റിയുസി സംസ്ഥാന സെക്രട്ടറി ബി.വിനോദ് ഉദ്ഘാടനം ചെയ്യുന്നു

വർഷിക്കുകയുമാണ് ഇസ്രയേൽ എന്നത് ഇന്ന് ലോകം കണ്ടുകൊണ്ടിരിക്കുന്നു. കുഞ്ഞുങ്ങളും ഗർഭിണികളുമുള്ള ആശുപത്രികളിൽ ബോംബിടുന്നു. ഇത് വംശഹത്യയല്ലാതെ മറ്റെന്താണ്?

തിരിച്ചടിക്കാൻ ശേഷിയില്ലാത്ത ജനതയ്ക്കുമേൽ നിരന്തരം ആക്രമണം നടത്തുകയും അവർക്ക് വേണ്ട ഏറ്റവും കുറഞ്ഞ മനുഷ്യത്വപരമായ സഹായം കൂടി നിഷേധിക്കുകയും ചെയ്തുകൊണ്ട് തികഞ്ഞ തെമ്മാടിരാഷ്ട്രമായി ഇസ്രയേൽ മുന്നോട്ടുപോകുമ്പോൾ ഇസ്രയേലിനുള്ളിലും ലോകത്ത് എല്ലായിടത്തും മനഃസാക്ഷിയുള്ള ജനങ്ങൾ അവർക്കെതിരെ ശബ്ദമുയർത്തുകയാണ്. പക്ഷേ, അതൊന്നും കൂസാതെ അവർ മുന്നോട്ടുപോകുന്നു. അതിനൊപ്പം തന്നെ, ഇറാനിലും ലെബനനിലും സിറിയയിലും ഇപ്പോൾ ഖത്തറിലും വരെ, മറ്റ് രാജ്യങ്ങളുടെ സ്വാതന്ത്ര്യത്തെയും പരമാധികാരത്തെയും ലോകമനഃസാക്ഷിയെയും വെല്ലുവിളിച്ചുകൊണ്ട് അവർ തുടരെ ആക്രമണങ്ങൾ നടത്തുന്നു. അറബ് മേഖലയിലൊന്നടങ്കം അവർ അശാന്തി പടർത്തുന്നു. ഇത്രയും അതിക്രമങ്ങൾ നടത്തിയിട്ടും അതു തടയാനോ ഇസ്രയേലിനെ പിന്തിരിപ്പിക്കാനോ ഐക്യരാഷ്ട്രസഭയ്ക്കോ ലോകരാഷ്ട്രങ്ങൾക്കോ കഴിയുന്നില്ല. ഡൊണാൾഡ് ട്രംപിന്റെ നേതൃത്വത്തിലുള്ള അമേരിക്ക ഉറച്ച പിന്തുണയുമായി ഇസ്രയേലിനും പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിനും പ്രോത്സാഹനമരുളുന്നു. സ്വന്തം നാട്ടിലെ ജനങ്ങൾ തന്നെ എതിർപ്പുമായി തെരുവിലിറങ്ങിയിട്ടും പലസ്തീനെതിരെ ഹീനമായ ആക്രമണങ്ങൾ ഓരോ ദിവസവും ആവർത്തിക്കുകയാണ് നെതന്യാഹുവും അയാളുടെ നേതൃത്വത്തിലുള്ള ഇസ്രയേലിലെ തീവ്രവലതുപക്ഷശക്തികളും. മനുഷ്യരാശിയ്ക്കെതിരേയുള്ള കുറ്റകൃത്യം എന്നു വിലയിരുത്തി അന്താരാഷ്ട്ര ക്രിമിനൽ കോടതി നെതന്യാഹുവിനെതിരെ അറസ്റ്റ് വാറന്റ് പുറപ്പെടുവിച്ചിരുന്നു. ഗസയിലെ ആക്രമണങ്ങൾ കൂടാതെ വെസ്റ്റ്ബാങ്കിലും ഇസ്രയേലികളുടെ അനധികൃത കുടിയേറ്റങ്ങളെ പ്രോത്സാഹിപ്പിച്ച് സംഘർഷമുണ്ടാക്കി പലസ്തീൻ ജനതയെ അവരുടെ മണ്ണിൽനിന്നും നിഷ്കാസനം ചെയ്യുന്നു. തനിക്കെതിരെ കോടതിവിധികൾ ഉണ്ടാകുമ്പോഴും, ജനം തെരുവിലിറങ്ങുമ്പോഴും അതിനെ മറികടക്കാനായി പലസ്തീനിലും മറ്റ് രാജ്യങ്ങളിലും ആക്രമണം നടത്തി യുദ്ധാന്തരീക്ഷം നിലനിർത്തുക എന്നത് ഒരു ശൈലിയായി നെതന്യാഹു സ്വീകരിക്കുന്നു എന്നത് കാണാതിരുന്നുകൂടാ. അമേരിക്കയുടെ നേതൃത്വത്തിലുള്ള സാമ്രാജ്യത്വ-മുതലാളിത്ത ക്യാമ്പാകട്ടെ ഇതിനൊപ്പം നിൽക്കുന്നു. ഇസ്രയേലിനുവേണ്ട ആയുധങ്ങൾ കയറ്റുമതി ചെയ്യുന്നത് അമേരിക്കയും ജർമ്മനിയും പോലെയുള്ള രാജ്യങ്ങൾ യാതൊരു കുറ്റബോധവുമില്ലാതെ ഇപ്പോഴും തുടരുന്നു. കാലങ്ങളായി പലസ്തീൻ ജനതയ്ക്കൊപ്പം അടിയുറച്ചുനിന്ന നീതിപൂർവ്വമായ നിലപാടിനെ തിരുത്തിക്കൊണ്ട്, ഇന്ത്യയിലെ നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള സർക്കാർ സ്വീകരിച്ചുവന്ന ഇസ്രയേൽ അനുകൂലനിലപാടുംവ്യാപാര-സൈനിക ബന്ധവും ഈ സാഹചര്യത്തിലും തുടരുന്നു എന്നതും കാണേണ്ടതുണ്ട്. യുഎന്നിന്റെ പൊതുസഭയിൽ പങ്കെടുക്കുന്നതിന് വന്നെത്താനായി പലസ്തീൻ പ്രസിഡന്റ് മഹ്മൂദ് അബ്ബാസിന് യുഎസ് വിസ നൽകിയില്ല. ഇതേ സമ്മേളനത്തിൽ പ്രസംഗിക്കാൻ വന്ന നെതന്യാഹുവിനെ ബഹിഷ്കരിച്ചുകൊണ്ട് ഇറങ്ങിപ്പോവുകയാണ് മിക്ക രാജ്യങ്ങളുടെയും പ്രതിനിധികൾ ചെയ്തത്. ലോകരാഷ്ട്രങ്ങൾക്കിടയിൽ ഇസ്രയേൽ ഒറ്റപ്പെടുന്ന ഈ സാഹചര്യത്തിലും പുതുതായി 600 കോടി ഡോളറിന്റെ ആയുധങ്ങൾ അവർക്ക് വിൽക്കാനുള്ള പദ്ധതി അവതരിപ്പിച്ചിരിക്കുകയാണ് അമേരിക്കയിലെ ട്രംപ് ഗവൺമെന്റ്. ഈ ആയുധങ്ങൾ, പലസ്തീനിലെ അവശേഷിക്കുന്ന നിസ്സഹായരായ കുഞ്ഞുങ്ങളുടെ മേലാകും പതിക്കുക എന്നത് നാം ഓരോരുത്തരും ചിന്തിക്കേണ്ടതാണ്. മനുഷ്യന്റെ വേദനകളേക്കാളും ജീവനേക്കാളും, തങ്ങൾ സേവിക്കുന്ന ദുഷിച്ച മുതലാളിത്തയജമാനന്മാരുടെ വർഗ്ഗതാത്പര്യങ്ങൾ മാത്രം ഉയർത്തിപ്പിടിക്കുന്ന ഇത്തരം ഭരണാധികാരികൾ സൃഷ്ടിക്കുന്ന വിനാശം കൂടിയാണ് നാമിപ്പോൾ കൺമുന്നിൽ കാണുന്നത്. കുട്ടികളേയും സ്ത്രീകളേയും ബോധപൂർവ്വം ലക്ഷ്യമിട്ട് തികച്ചും വംശഹത്യ തന്നെ നടത്തിയിട്ടും ഈ തെമ്മാടിക്കൂട്ടത്തെ നിലയ്ക്കുനിർത്താൻ ലോകത്തിനാകുന്നില്ല എന്നതിലും ഓരോ മനുഷ്യനും ലജ്ജിക്കേണ്ടിയിരിക്കുന്നു.



എറണാകുളത്ത് ഹൈക്കോടതി ജംഗ്ഷനിൽ നടന്ന ഐക്യദാർഢ്യ സംഗമത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗം ജ്യോതികൃഷ്ണൻ മുഖ്യപ്രസംഗം നടത്തുന്നു.

പക്ഷേ, ഗസ ഒരു നൊമ്പരമായി ലോകത്തെ അദ്ധ്വാനിക്കുന്ന തൊഴിലാളികളുടേയും സാധാരണക്കാരുടേയും ഉള്ളിൽ കത്തുന്ന എന്ന യാഥാർത്ഥ്യമുണ്ട്. ഇക്കഴിഞ്ഞ ദിവസം, ഇറ്റലിയിലെ പതിനായിരക്കണക്കിന് തൊഴിലാളികൾ പലസ്തീൻ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് തെരുവിലിറങ്ങിയത് നാം കണ്ടു. യുകെ, കാനഡ, ആസ്ട്രേലിയ, ഫ്രാൻസ്, ബൽജിയം, പോർച്ചുഗൽ തുടങ്ങി നിരവധി രാജ്യങ്ങൾ പലസ്തീനെ സ്വതന്ത്ര പരമാധികാര രാജ്യമായി അംഗീകരിക്കുന്ന പ്രഖ്യാപനങ്ങൾ നടത്തുന്നു. അഥവാ, തങ്ങളുടെ ജനങ്ങളെ ഭയന്ന് അവർ അതിനു നിർബന്ധിതരാകുന്നു. യുഎന്നിൽ നെതന്യാഹുവിനെതിരെയുണ്ടായ പ്രതിഷേധവും ഒരു സൂചനയാണ്.

പക്ഷേ, ലോകത്ത് വിവിധ രാജ്യങ്ങളിൽ സാമ്രാജ്യത്വ-മുതലാളിത്തത്തിന്റെ താത്പര്യാർത്ഥം, അവർ ശക്തി പകർന്നു വളർത്തിക്കൊണ്ടുവരുന്ന തീവ്ര വലതുപക്ഷ ശക്തികളുടെയാകെ പ്രതിനിധിയെന്ന നിലയിൽ തുടർന്നും ലോകമനഃസാക്ഷിയെയും മനുഷ്യരാശിയേയും വെല്ലുവിളിക്കുകയാണ് ഇസ്രയേൽ ഭരണനേതൃത്വം.

ഗസയിൽ അവശേഷിക്കുന്ന നിസ്സഹായരായ മനുഷ്യരെയെങ്കിലും രക്ഷിക്കാനും വംശഹത്യ തടയിടാനും മേഖലയിൽ സമാധാനം തിരികെക്കൊണ്ടുവരാനും ഐക്യരാഷ്ട്രസംഘടനയുടെ സംയുക്ത സമാധാനസേനയെ ഉടനെ ഇവിടെ നിയോഗിച്ച് ഇസ്രയേൽ ഭീകരതയ്ക്ക് കടിഞ്ഞാണിടേണ്ടതുണ്ട്. ഈ അതിക്രമം അവസാനിപ്പിക്കുന്നതുവരെ ഇന്ത്യ, ഇസ്രയേലുമായുള്ള എല്ലാ സൈനിക സഹകരണവും നിർത്തിവെക്കണം. ഇസ്രയേലിലേക്കുള്ള എല്ലാ ആയുധ–സൈനിക കയറ്റുമതിയും അവസാനിപ്പിക്കാനുള്ള നടപടികളുണ്ടാകണം. ഗസയിലെ യുദ്ധബാധിതരായ ജനങ്ങൾക്ക് അടിയന്തരമായി ഭക്ഷണവും വൈദ്യസഹായവുമെത്തിക്കാൻ ഐക്യരാഷ്ട്ര സംഘടനതന്നെ മുൻകൈയെടുക്കണം. ഇതിനായി ലോകരാജ്യങ്ങളെയും സംഘടനകളെയും നിർബന്ധിതരാക്കാൻ മനഃസാക്ഷിയുള്ള നാമോരോരുത്തരും സാധ്യമായ രീതിയിലെല്ലാം ശബ്ദമുയർത്തണം. ഇറ്റലിയിലടക്കം നിരവധി രാജ്യങ്ങളിലെ തൊഴിലാളികൾ കാണിച്ചുതന്ന മാതൃക നമുക്കും ഏറ്റെടുക്കാം. ■



പലസ്തീനിലെ വംശഹത്യക്കെതിരെ കായംകുളത്ത് നടന്ന പ്രകടനം

അയ്യപ്പ സംഗമം

# ശാസ്ത്രീയ മനോഭാവവും ഉയർന്ന രാഷ്ട്രീയ പ്രബുദ്ധതയും നിലനിൽക്കുന്ന സമൂഹത്തിൽ മാത്രമേ ഇടതുപക്ഷ രാഷ്ട്രീയത്തിന് മുന്നേറാനാവൂ

*(1-ാം പേജിൽ നിന്ന്)*

ന് എഴുതിയ ലേഖനത്തിൽ പറയുന്നത്, "ലോകത്തെ ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രങ്ങളിലൊന്ന് എന്ന നിലയിൽ ശബരിമല കാലങ്ങളായി ഭക്തിയുടെയും ചിട്ടയുടെയും സാഹോദര്യത്തിന്റെയും പ്രതീകമാണ്. ശബരിമല ഒരു ക്ഷേത്രം മാത്രമല്ല.. അത് കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക സമന്വയത്തിന്റെ പ്രതീകമാണ്" എന്നാണ്. ആനന്ദപുളകിതരായി നേതാക്കൾ നടത്തുന്ന പ്രകീർത്തനങ്ങളുടെ യഥാർത്ഥ ലക്ഷ്യമെന്താണ്?

ശബരിമലയിൽ കോടതിവിധി നടപ്പാക്കാനെന്ന പേരിൽ കൈക്കൊണ്ട നടപടികൾ വിശ്വാസികളെ വലിയതോതിൽ അകറ്റാനിടയാക്കി എന്ന് പിന്നീട് നടന്ന തിരഞ്ഞെടുപ്പ് തെളിയിക്കുകയുണ്ടായി. അത് തിരിച്ചുപിടിക്കാനുള്ള തന്ത്രമെന്ന നിലയിൽ ശബരിമലയെയും വിശ്വാസികളെയും തങ്ങൾ അതിയായി ബഹുമാനിക്കുന്നുവെന്ന് സ്ഥാപിച്ച് അവരുടെ വോട്ടുറപ്പാക്കാൻ നടത്തുന്ന കസർത്തുകൾ മാത്രമാണിത്. ഉയർന്ന ഉത്തരവാദിത്തബോധത്തോടെ പെരുമാറേണ്ടുന്ന ഇടത് പ്രസ്ഥാനങ്ങൾ, സങ്കുചിതമായ ലക്ഷ്യങ്ങൾക്കുവേണ്ടി പറയുന്ന വാക്കുകൾ നിരുപദ്രവകരമായി ഭവിക്കില്ല എന്ന നാം മനസ്സിലാക്കണം.

'കാലങ്ങളായി ശബരിമലയിൽ നിലനിൽക്കുന്ന മതനിരപേക്ഷ പാരമ്പര്യം ഊട്ടിയുറപ്പിക്കുന്നതിനാണ് ആഗോള അയ്യപ്പസംഗമമെന്ന ആഘോഷം സംഘടിപ്പിക്കുന്നത്' എന്നാണ് സഖാവ് എം.എ.ബേബി ദേശാഭിമാനിയിൽ എഴുതിയിട്ടുള്ളത്. ശബരിമല തീർത്ഥാടകർ വാവരുനടയിൽ തൊഴുന്നുവെന്നും അർത്തുങ്കൽപ്പള്ളി ശബരിമലയിലേക്കുള്ള വഴികളുമായി ബന്ധപ്പെട്ടിരിക്കുന്നുഎന്നതുമാണ് ശബരിമലയുടെ മതനിരപേക്ഷതക്കുള്ള തെളിവുകളായി സഖാവ് ഹാജരാക്കുന്നത്. മതേതരത്വത്തെയും മതനിരപേക്ഷതയെയും സംബന്ധിച്ച് അടിസ്ഥാനധാരണയ്ക്കു നിരക്കുന്നതാണോ ശബരിമലയെ സംബന്ധിച്ച് മുകളിൽ സൂചിപ്പിച്ചിട്ടുള്ള പരാമർശങ്ങൾ. വ്യത്യസ്ത മതവിശ്വാസങ്ങളുടെ അനുഷ്ഠാനങ്ങൾ കൂട്ടിയിണക്കിയുള്ള ചടങ്ങുകൾ കേരളത്തിലെ എണ്ണമറ്റ ആരാധാനാലയങ്ങളിൽ നാം കാണാറുണ്ട്. ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും പരസ്പരമുള്ള സ്വാധീനം മാത്രമാണ് അതിൽ പ്രതിഫലിക്കുന്നത്. അതിന് ആധുനിക മതേതര - മതനിരപേക്ഷ ധാരണകളുമായി എന്തുബന്ധം?

മതനിരപേക്ഷ മൂല്യങ്ങളിൽ ഊന്നിയ കേരള നവോത്ഥാന ആശയങ്ങളുടെ അടിസ്ഥാനത്തിൽ, കൂടുതൽ ഉയർന്ന ശാസ്ത്രീയ -ജനാധിപത്യ ധാരണകൾ സമൂഹത്തിൽ വളർത്തിയെടുക്കാൻ ബാധ്യതയുള്ളവരാണ് ഇടതുപക്ഷം. അതുകൊണ്ടുതന്നെ സിപിഐ (എം)ന്റെ വർഗീയ അജണ്ട ഇടതുപക്ഷ ജനാധിപത്യ മനോഭാവക്കാരിൽ കടുത്ത ആശങ്കയും അമർഷവും സൃഷ്ടിച്ചിട്ടുണ്ട്. മതവിശ്വാസത്തെയും ആചാരാനുഷ്ഠാനങ്ങളെയും പൗരന്റെ വ്യക്തിപരമായ വിഷയമായികാണുകയുംസർക്കാർഅതിനെ പ്രോത്സാഹിപ്പിക്കുകയോ അടിച്ചമർത്തുകയോ ചെയ്യാതിരിക്കുകയും എന്നതാണ് മതേതര സർക്കാരിന്റെ നിലപാട്. ഭരണകൂടം ഒരു മതത്തെയും പ്രകൃത്യാതീത ശക്തികളിലുള്ള ഒരു തരം വിശ്വാസത്തെയും അംഗീകരിക്കാതിരിക്കുക എന്നതാണ് മതേതരത്വത്തിന്റെ ശരിയായ വിവക്ഷ. സാമൂഹ്യ വിഷയങ്ങളിലോ ഭരണകാര്യങ്ങളിലോ മതം ഇടപെടുന്നതും അനുവദിക്കാനാകില്ല.

അയ്യപ്പ സംഗമം പോലുള്ള പരിപാടികൾ മതേതരത്വത്തിന് വലിയ പ്രഹരമാണ് ഏൽപ്പിക്കുന്നത്. ബിജെപിയുടെയും മറ്റു തീവ്ര വലതുപക്ഷ നിലപാടുകളിൽ നിന്ന് ഇതെങ്ങനെയാണ് വ്യത്യാസപ്പെട്ടിരിക്കുന്നത്? ഇന്ത്യയുടെ പ്രധാനമന്ത്രി രാമക്ഷേത്രം ഉദ്ഘാടനം ചെയ്തതിനെ വിമർശിക്കാൻ സിപിഐ(എം) അണികൾക്ക് എങ്ങനെ കഴിയും? കാര്യകാരണ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ പ്രശ്നങ്ങളെ പഠിക്കാനും അവയുടെ പരിഹാരത്തിന്റെ ദിശയിൽ മുന്നേറാനും ജനങ്ങളെ പ്രാപ്തരാക്കേണ്ടവരാണ് ഇടതുപക്ഷക്കാർ. ശാസ്ത്രീയ മനോഭാവവും ഉയർന്ന രാഷ്ട്രീയ പ്രബുദ്ധതയും നിലനിൽക്കുന്ന സമൂഹത്തിൽ മാത്രമേ ഇടതുപക്ഷ രാഷ്ട്രീയത്തിന് മുന്നേറാൻ ആകൂ. കേരളത്തിന്റെ മതനിരപേക്ഷ ജനാധിപത്യ പാരമ്പര്യത്തെത്തന്നെ നിഷേധിക്കുന്ന ഇത്തരം നീക്കങ്ങൾക്കെതിരെ മുഴുവൻ ഇടതുപക്ഷ ചിന്താഗതിക്കാരും ജനാധിപത്യ മനോഭാവക്കാരും നിലകൊള്ളേണ്ടതുണ്ട്.

നിന്ദ്യമായ തിരഞ്ഞെടുപ്പ് നേട്ടത്തിനായി രൂപകൽപ്പന ചെയ്ത വർഗ്ഗീയപദ്ധതിയായ, നാലാംകിട രാഷ്ട്രീയനാടകമായ സംഗമത്തെ വിശ്വമാനവികതയുടെ മഹാസംഗമമെന്ന് ദേവസ്വം ബോർഡ് മാത്രമല്ല, സിപിഐ(എം) ഔദ്യോഗിക ജിഹ്വകളും വിശേഷിപ്പിക്കുകയുണ്ടായി. ശുദ്ധ അറിവില്ലായ്മ മാത്രമല്ല, സിപിഐ(എം) അനുവർത്തിക്കുന്ന ധിക്കാരത്തിന്റെയും അഹന്തയുടെയും പ്രതിഫലനവും ഈ പ്രചാരണത്തിൽ കാണാം. മാനവികതയുടെ ഉദാത്തമായ വീക്ഷണത്തെ അടിമുടി അപമാനിക്കുന്ന പ്രചാരണമാണിത്. ജനാധിപത്യം മുന്നോട്ടുവച്ച ഉന്നതമായ ആദർശമാണ് മാനവവാദം അല്ലെങ്കിൽ മാനവികത. അന്ധതയുടെയും വിശ്വാസത്തിന്റെയും സ്ഥാനത്ത് യുക്തിയെ സ്വീകരിക്കുന്ന അടിസ്ഥാനസമീപനമാണ് മാനവവാദത്തിന്റേത്. മാനവവാദത്തെ സംബന്ധിച്ചിടത്തോളം മനുഷ്യനാണ് എല്ലാത്തിന്റെയും മാനദണ്ഡം. മനുഷ്യന് നിരക്കുന്നത് ശരി, അല്ലാത്തത് തെറ്റ്. അത് നിർണ്ണയിക്കുന്നത് അനുഭവത്തിന്റെയും യുക്തിചിന്തയുടെയും ഉരകല്ലിൽ പരിശോധിച്ചുകൊണ്ടുമാത്രം. യഥാർത്ഥ മാനവവാദം അഥവാ മാനവികത ഇതായിരിക്കെയാണ്, കേരള സർക്കാർ സംഘടിപ്പിച്ച അയ്യപ്പസംഗമം മാനവികതയെയല്ല, വിശ്വമാനവികതയെ പ്രതിനിധാനം ചെയ്യുന്നുവെന്ന് വീമ്പിളക്കുന്നത്. അവിടെകൊണ്ടും അവസാനിക്കുന്നില്ല, അത് വിശ്വമാനവികതയുടെ മഹാസംഗമമാണത്രേ! മഹത്തായ മാനവവാദം മുന്നോട്ടുവച്ച ആദർശത്തിന് നേർവിപരീതമായ ചെയ്തികളെയാണ് വിശ്വമാനവികതയുടെ മഹാസംഗമമെന്ന ഘോഷിക്കുന്നത്!

ശബരിമലയുടെ മതനിരപേക്ഷത ഊട്ടിയുറപ്പിക്കാൻ സംഘടിപ്പിച്ചിട്ടുള്ള അയ്യപ്പസംഗമത്തിൽ കൂടെയുള്ളതാകട്ടെ, മുസ്ലീം മതവിശ്വാസികൾക്കുനേരെ വിഷം ചീറ്റുന്ന വെള്ളാപ്പള്ളിയും. നാരായണഗുരുവിന്റെ ആദർശങ്ങൾ ഇതുപോലെ പിന്തുടരുന്ന മറ്റൊരാൾ ഇല്ല എന്നാണ് മുഖ്യൻ വെള്ളാപ്പള്ളിക്ക് സർട്ടിഫിക്കറ്റ് നൽകിയത്. മതനിരപേക്ഷത ശക്തിപ്പെടുത്താൻ വിളിച്ചുചേർക്കപ്പെട്ട അയ്യപ്പസംഗമത്തിന്റെ വേദിയിൽ ആദരവോടെ വായിക്കപ്പെട്ടത് യുപി മുഖ്യമന്ത്രി യോഗി ആദിത്യനാഥിന്റെ സന്ദേശവും. വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും വികാരം ആളിക്കത്തിച്ച് ന്യൂനപക്ഷവിഭാഗങ്ങളെ വേട്ടയാടുന്നതിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന, സ്വന്തം സംസ്ഥാനത്ത് നൂറുകണക്കിന് പാവപ്പെട്ട മുസ്ലീങ്ങളുടെ വീടുകൾ ബുൾഡോസർ ഉപയോഗിച്ച് ഇടിച്ചുനിരപ്പാക്കുന്ന യോഗിയെ കൂട്ടിയാണ് മതനിരപേക്ഷത ബലപ്പെടുത്താൻ ഇറങ്ങിപുറപ്പെട്ടിരിക്കുന്നത്. ശബരി മലയിൽ ആചാര സംരക്ഷണത്തിനുവേണ്ടി നിലകൊള്ളുമെന്ന സിപിഐ(എം)ന്റെ മലക്കം മറിച്ചിൽ വെറുതെയാകാനിടയില്ല. ഇതിൽ മതനിരപേക്ഷതയുടെ പ്രശ്നങ്ങളൊന്നും അന്തർഭവിച്ചിട്ടില്ലെന്നും എന്തു നെറിവുകെട്ട മാർഗ്ഗത്തിലൂടെയും വോട്ട് സംഘടിപ്പിക്കൽ മാത്രമാണ് ലക്ഷ്യമെന്നും ഇതിലൂടെ സംശയരഹിതമായി സ്ഥാപിക്കപ്പെടുകയാണ്. അയ്യപ്പസംഗമത്തിന്റെ ലക്ഷ്യം വോട്ടും കമ്മീഷനുമാണെന്ന് വിശ്വാസികൾക്കും അവിശ്വാസികൾക്കും ബോധ്യപ്പെട്ടുകഴിഞ്ഞു. എസ്എൻഡിപിയെയും എൽഡിഎഫിൽ നിന്ന് അകലം പാലിച്ചു നിന്നിരുന്ന എൻഎസ്എസിനെയും തങ്ങളുടെ ചേരിയിലേക്ക് കൊണ്ടുവരാൻ എൽഡിഎഫിന് കഴിഞ്ഞിരിക്കുന്നു. അങ്ങിനെ തിരഞ്ഞെടുപ്പ് തന്ത്രങ്ങൾ ഒന്നൊന്നായി ലക്ഷ്യം നേടുമ്പോൾ, സംസ്ഥാനത്തിന്റെ ജനാധിപത്യ ഭാവി ഇരുളടയുക തന്നെ ചെയ്യും.

ജനങ്ങളുടെ ജീവിതദുരിതങ്ങൾക്ക് തരിമ്പെങ്കിലും ആശ്വാസം പകരുന്നതിലോ, ഭരണരംഗത്ത് മിനിമം ജനാധിപത്യം ഉറപ്പാക്കുന്നതിലോ, സാംസ്കാരിക രംഗം വഷളാകാതെ നോക്കുന്നതിലോ ഒന്നും യാതൊരു താൽപര്യവുമില്ലാത്ത പിണറായി ഭരണം ശബരിമലയുടെ വികസ

*(ശേഷം 4-ാം പേജിൽ)*

# നെൽകർഷക സംരക്ഷണസമിതി 2-ാം സംസ്ഥാന സമ്മേളനം

നെൽകർഷകർക്ക് C2+50% താങ്ങുവില നടപ്പാക്കുക, സംഭരണ നയത്തിലെ അപാകതകൾ പരിഹരിച്ച് നെൽവില ലഭ്യമാക്കാൻ റിവോൾവിംഗ് ഫണ്ട് നടപ്പിലാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് നെൽകർഷക സംരക്ഷണ സമിതി രണ്ടാം സംസ്ഥാന സമ്മേളനം കുട്ടനാട്ടിലെ മാമ്പുഴക്കരിയിൽ സംഘടിപ്പിച്ചു.

എം.എസ്.സ്വാമിനാഥൻ നഗറിൽ നടന്ന സമ്മേളനം ഫ്രാൻസിസ് ജോർജ് എംപി ഉദ്ഘാടനം ചെയ്തു. കർഷകർക്ക് ന്യായമായ വേതനവും തുല്യമായ ആനുകല്യങ്ങളും കൃത്യമായ ന്യായവിലയും ലഭ്യമാക്കണമെന്ന് അദ്ദേഹം പറഞ്ഞു.

കൊടിക്കുന്നിൽ സുരേഷ് എംപി മുഖ്യപ്രഭാഷണം നടത്തി. നെൽകർഷക സംരംക്ഷണ സമിതി സംസ്ഥാന പ്രസിഡന്റ് റജീന അഷറഫ് കാഞ്ഞിരം അദ്ധ്യക്ഷത വഹിച്ചു. നെൽകർഷകനും ചലച്ചിത്രനടനുമായ കൃഷ്ണപ്രസാദ് രചിച്ച 'ഹൃദയപൂർവ്വം കർഷക നടൻ' എന്ന പുസ്തകം മുതിർന്ന കർഷക കല്യാണിക്ക് നൽകി പ്രകാശനം ചെയ്തു. തുടർന്ന് കുട്ടനാട്ടിലെ മുതിർന്ന നെൽ കർഷകനും ജീവകാരുണ്യ പ്രവർത്തകനുമായ ജോസ് ജോൺ വെങ്ങാന്തറയെ ആദരിച്ചു.




നെൽകർഷക സംരംക്ഷണ സമിതി രണ്ടാമത് സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി കുട്ടനാട്ടിലെ മാമ്പുഴക്കരിയിൽ നടന്ന കർഷക റാലി.

തോമസ് കെ. തോമസ് എംഎൽഎ, ഫാദർ ഡോ.ടോം പുത്തൻകളം, സന്തോഷ് ശാന്തി, എസ്.കൃഷ്ണകുമാർ, കെ.അബ്ദുൾ അസീസ്, കെ.ചിദംബരം കുട്ടി മാസ്റ്റർ, വി.ജെ.ലാലി, സാം ഈപ്പൻ, സി.പ്രഭാകരൻ, പി.ആർ.സതീശൻ, ലാലിച്ചൻ പള്ളിവാതുക്കൽ എന്നിവർ പ്രസംഗിച്ചു.

സമ്മേളനത്തിന്റെ ഭാഗമായി നൂറ് കണക്കിന് കർഷകർ പങ്കെടുത്ത കർഷറാലി സംഘടിപ്പിച്ചു. പ്രായാധിക്യവും മറന്ന് മുതിർന്ന കർഷകരും അമ്മമാരും കുടുംബാംഗങ്ങളും പങ്കെടുത്ത കർഷക റാലിയിൽ വൻ പ്രതിഷേധമാണ് അലയടിച്ചത്. സംസ്ഥാന ജനറൽ സെക്രട്ടറി സോണിച്ചൻ പുളിങ്കുന്ന്, പി.വേലായുധൻ നായർ, കോർഡിനേറ്റർ ജോസ് കാവനാട്, രക്ഷാധികാരികളായ സണ്ണി തോമസ്, വിശ്വനാഥപിള്ള, സന്തോഷ് പറമ്പിശേരി, സുഭാഷ്, മാത്യൂ തോമസ്, പി.എസ്.വേണു, കെ.ബി.മോഹനൻ എന്നിവർ റാലിയിൽ പങ്കെടുത്തു. ■

# റഷ്യൻ എണ്ണയുടെ ഇറക്കുമതി: നേട്ടം കുത്തകകൾക്കുമാത്രം

റഷ്യയിൽനിന്നും ക്രൂഡ് ഓയിൽ വാങ്ങുന്നതിന്റെ പേരിൽ ഇന്ത്യയുടെ കയറ്റുമതി ഉൽപന്നങ്ങൾക്കുമേൽ അമേരിക്ക 50 ശതമാനം നികുതി ചുമത്തിയിരിക്കുകയാണ്. റഷ്യ-യുക്രൈൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ റഷ്യയ്ക്കുമേൽ ജി7 രാജ്യങ്ങളും യൂറോപ്യൻ യൂണിയനും ഏർപ്പെടുത്തിയ വ്യാപാര നിയന്ത്രണം മറികടന്ന് ഇന്ത്യ റഷ്യയിൽനിന്നും കുറഞ്ഞ വിലയ്ക്ക് ക്രൂഡ് ഓയിൽ വാങ്ങുന്നതുകൊണ്ടാണത്രേ ഈ അധിക ചുങ്കം.

ഇറാക്ക്, സൗദി അറേബ്യ, യുഎഇ, വെനിസ്വേല തുടങ്ങിയ രാജ്യങ്ങളെ പിന്തള്ളി ഇന്ത്യയിലേയ്ക്ക് ഏറ്റവും കൂടുതൽ ക്രൂഡ് ഓയിൽ കയറ്റുമതി ചെയ്യുന്ന രാജ്യമായി റഷ്യ മാറിയിരിക്കുകയാണ്.

അന്താരാഷ്ട്രമാർക്കറ്റിലുള്ള നിരക്കിനെക്കാൾ കുറഞ്ഞ നിരക്കിൽ ക്രൂഡ് ഓയിൽ ഇറക്കുമതി ചെയ്യുന്നതിലൂടെ നേട്ടം കൊയ്യുന്നത് ആരാണ്? റഷ്യൻ സീബോൺ ക്രൂഡ് ഓയിലിന്റെ ഇന്ത്യയിലെ പ്രമുഖ ഇറക്കുമതി കമ്പനി അംബാനിയുടെ റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്(ആർഐഎൽ) ആണ്. റഷ്യൻ സ്റ്റേറ്റ് ഉടമസ്ഥതയിലുള്ള റോസ്നെഫ്റ്റ് എന്ന കമ്പനിക്ക് ഏതാണ്ട് 50ശതമാനം ഷെയർ ഉള്ള നയാര എനർജിയാണ് രണ്ടാം സ്ഥാനത്ത്.

2021വരെ ആർഐഎല്ലിന്റെ ജാംനഗർ റിഫൈനറിയിൽ എത്തിച്ചേർന്നിരുന്ന റഷ്യൻ ക്രൂഡ് ആകെയുള്ളതിന്റെ മൂന്ന് ശതമാനമായിരുന്നുവെങ്കിൽ 2025ആയപ്പോൾ അത് 50ശതമാനമായി വർദ്ധിച്ചെന്ന് ഫിൻലാൻഡ് ആസ്ഥാനമായി പ്രവർത്തിക്കുന്ന റിസർച്ച് ഓൺ എനർജി ആന്റ് ക്ലീൻ എയർ(സിആർഇഎ) റിപ്പോർട്ട് ചെയ്യുന്നു. നയാരയുടെ വാദിനാർ റിഫൈനറിയിൽ 66 ശതമാനവും റഷ്യൻ ക്രൂഡ് ആണ്. ഇന്ത്യൻ വാണിജ്യ മന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം 2022-24വരെയുള്ള സമയംകൊണ്ട് ഇറക്കുമതി ചെയ്ത റഷ്യൻ ക്രൂഡ് 10.38മില്യൺ ടൺ ആണെങ്കിൽ, 2025ലെ ആദ്യ ഏഴ് മാസംകൊണ്ടുതന്നെ 18.3 മില്യൺ ടൺ ക്രൂഡ് ഓയിൽ ആർഐഎൽ റഷ്യയിൽനിന്ന് ഇറക്കുമതി ചെയ്തു. ഒരു വർഷത്തിനുള്ളിൽ 64 ശതമാനത്തിന്റെ വർദ്ധനവ്!

റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ കണക്കു പ്രകാരം അവരുടെ 2021-22ലെ ലാഭം 67,845 കോടിയാണ്. തുടർന്നുള്ള വർഷങ്ങളിൽ, 22 -23ൽ 73,670 കോടി, 23-24ൽ 79,020 കോടി, 24-25ൽ 813,09 എന്നിങ്ങനെ അത് വർദ്ധിച്ചുവന്നു. 2019-20ൽ 39,880 കോടി രൂപയായിരുന്ന ലാഭം 2025 ആയപ്പോഴേക്കും ഇരട്ടിലധികമായി വർദ്ധിച്ചു!

ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളും ഇപ്പോൾ റഷ്യൻ ക്രൂഡ് ഓയിലിനെയാണ് കൂടുതലായി ആശ്രയിക്കുന്നത്. ഈ മൂന്നുകമ്പനികളും കൂടെ 2023-24 വർഷങ്ങളിലുണ്ടാക്കിയ ലാഭം 86,000കോടിരൂപയാണ്. ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ മാത്രം ലാഭം നോക്കിയാൽ മുൻവർഷം 8,242 ആയിരുന്നത് 23-24 വർഷങ്ങളിൽ 39,619 കോടിയായി ഉയർന്നു. 381 ശതമാനം വർദ്ധനവ്! ഭാരത് പെട്രോളിയം കോർപ്പറേഷന്റെ 23-24 വർഷങ്ങളിലെ ലാഭം 26,674 കോടിയാണ്, മുൻവർഷം കേവലം 1,870 കോടി. ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷനാകട്ടെ 23-24വർഷങ്ങളിൽ ലാഭം 14,694 കോടിയാണ്, മുൻവർഷം 8,974 കോടിയും.(*കെബിഎസ് ക്രോണിക്കിൾ*)



ആർഐഎല്ലിന്റെ ജാംനഗർ റിഫൈനറിയിലും നയാരയുടെ വദിനാർ (ഗുജറാത്ത്) റിഫൈനറിയിലുമായി സംസ്കരിക്കുന്ന റഷ്യൻ ക്രൂഡോയിലിന്റെ പെട്രോളിയം ഉൽപ്പന്നങ്ങളുടെ പ്രധാന ഉപഭോക്താക്കൾ റഷ്യയുടെമേൽ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിച്ച യൂറോപ്യൻ യൂണിയനും റഷ്യൻ ഇറക്കുമതിയുടെ പേരിൽ ഇന്ത്യയ്ക്കുമേൽ താരിഫ് ചുമത്തുന്ന അമേരിക്കയുമാണ്. 2025 ജൂലൈവരെയുള്ള കാലയളവുകൊണ്ട് അമേരിക്ക റിലയൻസിൽനിന്നും 8.4 മില്യൺ ടൺ പെട്രോളിയം ഉൽപ്പന്നങ്ങളാണ് വാങ്ങിയിരിക്കുന്നത്. 14 ശതമാനത്തിന്റെ വർദ്ധനവ്.

കഴിഞ്ഞ രണ്ടുവർഷമായി അന്താരാഷ്ട്ര മാർക്കറ്റ് വിലയിൽനിന്നും 15 മുതൽ 25ശതമാനം കിഴിവിലാണ് ഇന്ത്യൻ കമ്പനികൾ ക്രൂഡ് ഓയിൽ റഷ്യയിൽനിന്നും ഇറക്കുമതി ചെയ്യുന്നത്. കുറഞ്ഞ നിരക്കിൽ ക്രൂഡ് ഓയിൽ ഇറക്കുമതി ചെയ്തും കുറഞ്ഞ നിരക്കിൽ ശുദ്ധീകരിച്ച് കയറ്റുമതി ചെയ്തും എണ്ണക്കമ്പനികൾ ലാഭം കുന്നുകൂട്ടുമ്പോഴുംഎക്സൈസ്ഡ്യൂട്ടിയിലൂടെയും വാറ്റിലൂടെയും സർക്കാരുകൾ വരുമാനം വർദ്ധിപ്പിക്കുമ്പോഴും പെട്രോളിന്റെയോ ഡീസലിന്റെയോ ആഭ്യന്തര വിലയിൽ അത് പ്രതിഫലിക്കുന്നില്ല, സാധാരണ ജനങ്ങൾക്ക് വിലകുറവിന്റെ ആനുകൂല്യം നൽകുന്നില്ല. ജനങ്ങളുടെ മേലുള്ള പകൽകൊള്ള അനസ്യൂതം തുടരുകയാണ്. ■

## അയ്യപ്പ സംഗമം

# കേരളത്തിന്റെ ഇടതുപക്ഷ അന്തരീക്ഷത്തെ തിരിച്ചുപിടിക്കുക

*(3-ാം പേജിൽ നിന്ന്)*

നത്തിന്റെ കാര്യത്തിൽ അതീവ തൽപരരാണത്രേ! ശബരിമലയെ ആത്മീയ ടൂറിസത്തിന്റെ ആഗോള കേന്ദ്രമാക്കാനാണ് ഇറങ്ങി പുറപ്പെട്ടിട്ടുള്ളത്. ലക്ഷങ്ങൾ മുതൽ കോടികൾവരെ സംഭാവന ചെയ്യുന്നവർക്ക് അതിനനുസരിച്ചുള്ള സൗകര്യങ്ങൾ ശബരിമലയിൽ നൽകും. ദർശനം നടത്താനും താമസത്തിനും മറ്റ് ആവശ്യങ്ങൾക്കുമൊക്കെ സൗകര്യം നൽകും. ലോകകേരള സഭക്കാരെ ഇതിനായി ക്ഷണിച്ചിട്ടുണ്ട്. ഇപ്രകാരം ശബരിമല വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തന്നെ സർക്കാരിന്റെ പക്കലുണ്ടത്രേ.

ഇതിന്റെ ഭാഗമായാണ് എൽഡിഎഫ് സർക്കാരും ദേവസ്വം ബോർഡും ചേർന്ന് ആഗോള അയ്യപ്പ സംഗമം നടത്തിയത്. സർക്കാരിന്റെയോ ദേവസ്വം ബോർഡിന്റെയോ പണം സംഗമത്തിനായി ചെലവഴിക്കില്ലെന്ന് കോടതിയിൽ പറഞ്ഞെങ്കിലും സംഗമം നടത്താൻ കോടികൾ പൊടിച്ചു. പരസ്യത്തിനുതന്നെ ലക്ഷങ്ങളായി. ക്ഷേമപെൻഷൻ നൽകാനും കുഞ്ഞുങ്ങൾക്ക് ഉച്ചക്കഞ്ഞി നൽകാനും ആശമാർക്ക് പ്രതിദിനം 100 രൂപ കൂട്ടിക്കൊടുക്കാനും സർക്കാർ ജീവനക്കാർക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ നൽകാനും ഒന്നും പണമില്ല. ആശുപത്രികളിൽ മരുന്നെത്തിക്കാൻ പോലും ഫണ്ടില്ല. മാമാങ്കങ്ങൾക്കും ധൂർത്തിനും ഒരു കുറവുമില്ല താനും.

പാർലമെന്ററി ഗോദയിൽ എൽഡിഎഫിന്റെ മുഖ്യ എതിരാളി യുഡിഎഫ് ആയതുകൊണ്ട് ബിജെപിയോട് മൃദുസമീപനം പുലർത്തുന്ന തന്ത്രമാണ് സിപിഐ(എം) സ്വീകരിച്ചു പോരുന്നത്. സംഗമത്തിലേക്ക് മുഖ്യമന്ത്രി യോഗി ആദിത്യനാഥിനെ ക്ഷണിക്കുകയും അദ്ദേഹത്തിന്റെ സന്ദേശം അഭിമാനപൂർവ്വം അവതരിപ്പിക്കുകയുമൊക്കെ ചെയ്തത് ആപത് സൂചനകളാണ് നൽകുന്നത്. സംഘപരിവാറിന്റെ വിദ്വേഷ രാഷ്ട്രീയത്തിന്റെ ആൾരൂപമായ യോഗിയും മുസ്ലീം വിരോധം മുഖമുദ്രയാക്കിയ വെള്ളാപ്പള്ളിയെയും ഒക്കെ ആനയിക്കപ്പെടുന്നത് കൃത്യമായ കണക്കുകൂട്ടലോടെ തന്നെയാണ്.

ന്യൂനപക്ഷ താൽപര്യം ഉയർത്തിപ്പിടിക്കുന്നു എന്നവകാശപ്പെടുന്ന പാർട്ടികളെയൊന്നും ഇനിയും ചാക്കിലാക്കാൻ കഴിയാത്ത സ്ഥിതിക്ക്, ഭൂരിപക്ഷ വർഗീയതാപ്രീണനം തുറുപ്പുചീട്ടായി പ്രയോഗിക്കാൻ സിപിഐ (എം) തുനിഞ്ഞിറങ്ങിയിരിക്കുകയാണ്. പലസ്തീൻ വിഷയവും മറ്റും വാതോരാതെ പ്രസംഗിച്ചിട്ടും ലോക്‌സഭാ തിരഞ്ഞെടുപ്പിൽ ന്യൂനപക്ഷ വോട്ടുകൾ സമാഹരിക്കാൻ കഴിയാതെ പോയത് വലിയ തിരിച്ചടിയായിരുന്നു. ഭൂരിപക്ഷ വർഗീയതാ പ്രചരണത്തിന്റെ കാര്യത്തിൽ ബിജെപിയെപോലും നിഷ്പ്രഭമാക്കാൻപോന്ന വൈഭവം സിപിഐ(എം) അവസരവാദത്തിനുണ്ടെന്ന കാര്യവും ഇതിനകം തെളിയിച്ചിട്ടുള്ളതാണ്. മുഖ്യമന്ത്രിയുടെ മലപ്പുറം പ്രസ്താവനയും ഹിന്ദു ദിനപ്പത്രത്തിലെ അഭിമുഖവും പി.ജയരാജന്റെ കൃതിയും സംസ്ഥാനത്തുടനീളം ക്ഷേത്ര നടത്തിപ്പിലും മറ്റും സിപിഐ(എം) കേഡർമാരും അനുഭാവികളും സജീവമാകുന്നതും എല്ലാം ദുഷ്ടലക്ഷ്യത്തോടെയുള്ള ഒരു അജണ്ടയുടെ ഭാഗമാണ്.

സിപിഐ(എം) പോളിറ്റ് ബ്യൂറോ മെമ്പറായ പിണറായി, ഭക്തനാണെന്ന് വെള്ളാപ്പള്ളി പരസ്യപ്രസ്താവന നടത്തുന്നതും പിണറായി അത് നിഷേധിക്കാതിരിക്കുന്നതും പരസ്പര ധാരണയോടെ തന്നെയാണ്. വിശ്വാസികളുടെ മനസ്സിൽ സിപിഐ(എം)നോട് എന്തെങ്കിലും നീരസം ഉണ്ടെങ്കിൽ അതുകൂടി മാറ്റിയെടുക്കാനുള്ള തന്ത്രമാണിത്.


തിരഞ്ഞെടുപ്പ് അടുക്കുമ്പോൾ വോട്ട് ലക്ഷ്യംവെച്ച് ദരിദ്ര ജനവിഭാഗങ്ങൾക്ക് ചില അപ്പക്കഷണങ്ങൾ എറിഞ്ഞു കൊടുക്കുന്നതും ചില ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്നതുമൊക്കെ സ്ഥിരം നമ്മൾ കാണാറുള്ളതാണ്. എന്നാൽ വർഗീയ ധ്രുവീകരണം നടത്തി വോട്ടുബാങ്കുകൾ സൃഷ്ടിക്കുന്നത് ദൂരവ്യാപക ഭവിഷ്യത്തുകളാണ് സൃഷ്ടിക്കുക. പത്ത് വോട്ടിനുവേണ്ടി നിലപാട് മാറ്റില്ല എന്ന് വീമ്പിളക്കുന്ന പിണറായി, പത്തോട്ടിനു വേണ്ടി തരംതാഴുക മാത്രമല്ല വർഗീയ സ്പർദ്ധ വളർത്തി സാമൂഹ്യ അന്തരീക്ഷം മലീമസമാക്കുകകൂടിയാണ്.

വർഗീയ ചിന്താഗതി ബലപ്പെടുന്നതും വർഗീയ അന്തരീക്ഷം പടരുന്നതും സംഘപരിവാർ ശക്തികളെയാണ് സഹായിക്കുക. രാജ്യത്തെ ആസൂത്രിതമായി ഫാസിസ്റ്റ് അന്ധകാരത്തിലേക്ക് നയിക്കുന്ന ബിജെപിക്ക് കേരളം ഇന്നും ബാലികേറാ മലയാണ്. ആ മണ്ണ് വർഗീയതയ്ക്ക് വേരോട്ടമുണ്ടാക്കാൻ പാകത്തിൽ ഒരുക്കിക്കൊടുക്കുകയാണ് സിപിഐ(എം). വർഗീയവിരുദ്ധരെന്ന് ചമഞ്ഞുകൊണ്ടുതന്നെ മുസ്ലീംലീഗുമായി അവിഹിതബന്ധം സ്ഥാപിക്കാൻ അടവ് നയം പയറ്റിയ സിപിഐ(എം) വോട്ടിനുവേണ്ടി എന്തും ചെയ്യാൻ മടിക്കാത്തവരാണെന്ന് പലവട്ടം ബോധ്യപ്പെട്ടിട്ടുള്ളവരാണല്ലോ.

പതിനെട്ടടവും പയറ്റിയിട്ടും അയ്യപ്പ സംഗമം പരാജയമായിരുന്നു. ഒഴിഞ്ഞുകിടന്ന കസേരകൾ നിറയ്ക്കാൻ ജീവനക്കാരെയും വളണ്ടിയർമാരെയുമൊക്കെ പിടിച്ചിരുത്തിയിട്ടും പകുതി കസേരകൾ ഒഴിഞ്ഞു കിടന്നു. ഇത് ചൂണ്ടിക്കാണിച്ച മാധ്യമപ്രവർത്തകരോട് എഐ ഉപയോഗിച്ച് ഒഴിഞ്ഞ കസേരകൾ ഉണ്ടാക്കിയതല്ലേ എന്ന വിഡ്ഢിത്തം എഴുന്നള്ളിക്കുകയാണ് സിപിഐ(എം) സംസ്ഥാന സെക്രട്ടറി ചെയ്തത്.

തിരഞ്ഞെടുപ്പ് അടുക്കുംതോറും സിപിഐ(എം)ന് സമനില തെറ്റുകയാണ്. സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ പിണറായിയെ കാരണഭൂതനെന്ന് വാഴ്ത്തിപ്പാടുന്നു. പാർട്ടിയുടെ തിരുവനന്തപുരം ജില്ലാ സമ്മേളനത്തിൽ ഇത് തിരുവാതിരയായി രൂപം പ്രാപിക്കുന്നു. ഇതൊന്നും പോരാഞ്ഞ് 'പിണറായി ദ ലജന്റും' വരുന്നുണ്ട്. നേതാവെന്നോ സഖാവെന്നോ ഉള്ള പ്രയോഗമൊന്നും ഇപ്പോൾ ഇല്ല. ക്യാപ്റ്റൻ എന്നാണ് വിശേഷിപ്പിക്കുന്നത്. ജനകീയാസൂത്രണത്തിലൂടെ സമൂഹത്തെ അരാഷ്ട്രീയവൽക്കരിച്ചവർ ഇപ്പോൾ പാർട്ടിയെയും അരാഷ്ട്രീയവൽക്കരിക്കുകയാണ്.

എന്നാൽ, ഈ ചെപ്പടി വിദ്യകൾ കൊണ്ടൊന്നും ജനങ്ങളുടെ തീക്ഷ്ണമായ ജീവിതാനുഭവങ്ങൾക്ക് മൂടുപടം ഇടാം എന്ന് സിപിഐ(എം) കരുതേണ്ട. എട്ടു മാസത്തോളമായി അതിജീവന പോരാട്ടം നടത്തുന്ന ആശമാരെ അവഗണിച്ച് മുന്നോട്ടു പോകാൻ പ്രബുദ്ധ കേരളം ആരെയും അനുവദിക്കില്ല. ആനുകൂല്യം വർധിപ്പിച്ച കേന്ദ്ര ബിജെപി സർക്കാരിന്റെ മാന്യത പോലും പിണറായി ഭരണം കാണിച്ചില്ല. അംഗൻവാടി ജീവനക്കാർ സമരവുമായി വന്ന് വെറും കൈയോടെ മടങ്ങി. സിവിൽ പോലീസ് റാങ്ക് ഹോൾഡേഴ്സ് കണ്ണീരോടെ പിൻവാങ്ങി. പണിയെടുത്ത് ജീവിക്കുന്നവരോടുള്ള ഈ ഭരണത്തിന്റെ പുച്ഛവും ധാർഷ്ട്യവും ജനങ്ങൾ കാണുന്നുണ്ട്. യുവാക്കൾ തൊഴിലുകിട്ടാതെ അലയുമ്പോഴും പിൻവാതിലിലൂടെ പാർട്ടിക്കാരെ തിരുകിക്കയറ്റാൻ ശ്രമം നടക്കുന്നു, ഭാരിച്ച ശമ്പളം വാങ്ങിക്കുന്നവർക്ക് പിന്നെയും കൂട്ടിക്കൊടുക്കുന്നു, ആർഭാടങ്ങൾ പൊടിപൊടിക്കുന്നു, അഴിമതിയും കെടുകാര്യസ്ഥതയും അരങ്ങ് തകർക്കുന്നു, പോലീസ് അഴിഞ്ഞാടുന്നു, ആശുപത്രികൾ നോക്കുകുത്തികളാകുന്നു, ലഹരി ജീവിതത്തെ കാർന്നു തിന്നുന്നു, വിദ്യാഭ്യാസം താറുമാറാകുന്നു. ജനവിരുദ്ധതയുടെ പാരമ്യത്തിൽ എത്തിയിരിക്കുന്ന പിണറായി ഭരണത്തെ രക്ഷിക്കാൻ ഒരു മാമാങ്കത്തിനും വർഗീയ കരുനീക്കത്തിനും കഴിയില്ലെന്ന് ഉറപ്പാണ്. ■



# ചെങ്ങറ സമരം ഐതിഹാസിക വിജയത്തിലേക്ക്

**പ്രബുദ്ധമായ കേരളീയ സമൂഹത്തിന് അഭിമാനവും ആത്മവിശ്വാസവും നല്കിക്കൊണ്ട്, ഐതിഹാസികമായ ചെങ്ങറ ഭൂസമരം വിജയത്തിലേക്ക് നീങ്ങുന്നു. കേരളത്തിലെ ഏറ്റവും പാവപ്പെട്ട മനുഷ്യർ കഴിഞ്ഞ 18 വർഷക്കാലമായി നടത്തിക്കൊണ്ടിരുന്ന, നീതിക്കുവേണ്ടിയുള്ള ഈ പ്രക്ഷോഭത്തിനുനേരേ കൊട്ടിയടയ്ക്കപ്പെട്ടിരുന്ന അധികാരകേന്ദ്രങ്ങളുടെ വാതിലുകളാണ് ഇന്ന് പ്രതീക്ഷയുടെ പ്രകാശം പരത്തിക്കൊണ്ട് പതുക്കെ തുറക്കുന്നത്. ഇതഃപര്യന്തം സമരത്തോട് ശത്രുത പുലർത്തി വന്നിരുന്ന സർക്കാർ, നിലപാട് മാറ്റി അനുഭാവസൂചകമായ നടപടികളുമായി മുന്നോട്ടു വരാൻ നിർബന്ധിതമായിരിക്കുന്നു.**

ഇക്കഴിഞ്ഞ ആഗസ്റ്റ് 29ന് സംസ്ഥാന പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ.അനിൽ ചെങ്ങറ സമരഭൂമിയിൽ നേരിട്ടെത്തി. അവിടെ താമസിക്കുന്ന മുഴുവൻ കുടുംബങ്ങൾക്കും മഞ്ഞ ബിപിഎൽ റേഷൻ കാർഡും ഓണക്കിറ്റും വിതരണം ചെയ്തു. വരുംനാളുകളിൽ റേഷൻ വിതരണത്തിനായി, സഞ്ചരിക്കുന്ന റേഷൻ കടയും ചെങ്ങറ സമരഭൂമിയിൽ എത്തുമെന്ന് പ്രഖ്യാപിച്ചു. ഡീസൽ വിളക്കിന്റെ വെട്ടത്തിൽ പഠിച്ചിരുന്ന അവിടുത്തെ കുഞ്ഞുങ്ങൾക്ക് ഇനി മണ്ണെണ്ണ വിളക്ക് ഉപയോഗിക്കാൻ കഴിയത്തക്കവിധം ഓരോ കുടുംബത്തിനും ആറ് ലിറ്റർ മണ്ണെണ്ണ വീതം ലഭിക്കുമത്രെ.

ചടങ്ങിൽ അദ്ധ്യക്ഷനായിരുന്ന സ്ഥലം എംഎൽഎ ജിനീഷ് കുമാർ പറഞ്ഞത്, "ചെങ്ങറയിൽ ഇതുവരെ ഉദ്യോഗസ്ഥരും പോലീസുകാരും എത്തിയത് നിങ്ങളെ ഒഴിപ്പിക്കാൻ ആയിരുന്നെങ്കിൽ, ഇനി അവർ വരുന്നത് നിങ്ങളുടെ ജീവിതം മെച്ചപ്പെടുത്താനായിരിക്കും" എന്നാണ്. എൽഡിഎഫ് സർക്കാർ അടക്കം ഇക്കാലമത്രയും ശ്രമിച്ചത് ചെങ്ങറയുടെ ജീവന്മരണ പോരാട്ടത്തെ തല്ലിക്കെടുത്താനായിരുന്നു എന്ന് അവർക്ക് കുമ്പസരിക്കേണ്ടി വന്നിരിക്കുന്നു.

സെപ്റ്റംബർ 1ന് വാട്ടർ അതോറിറ്റിയുടെയും വനം വകുപ്പിന്റെയും ഉദ്യോഗസ്ഥർ ചെങ്ങറ സമരഭൂമി സന്ദർശിച്ചു. മലയാലപ്പുഴ പഞ്ചായത്ത് സെക്രട്ടറി സമരഭൂമിയിലെത്തി തൊഴിലുറപ്പ് പദ്ധതിയിൽ ആളുകളെ ചേർക്കുന്നതിനും ക്ഷേമപെൻഷൻ നൽകുന്നതിനും തീരുമാനമായിട്ടുണ്ട് എന്ന് അറിയിച്ചു. വൈദ്യുതി നൽകുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതായി ആഗസ്റ്റ് 29ന് മന്ത്രിതന്നെ അറിയിച്ചിരുന്നു.

വൈദ്യുതി ഇല്ലാതെ ആധുനിക മനുഷ്യജീവിതം ഏതാണ്ട് അസാദ്ധ്യമാണ്. ഇക്കാലമത്രയും അവർക്കത് നിഷേധിക്കപ്പെട്ടിരുന്നു. മണ്ണിൽ കെട്ടിപ്പൊക്കിയ ചെറിയ കുടിലും ഡീസൽ വിളക്കും! ആനയും കുറുക്കനും കാട്ടു പന്നിയും പെരുമ്പാമ്പും ഒക്കെ കയറിയിറങ്ങുന്ന ഒരു പ്രാകൃത ജീവിതം..! ഇതാണ് ഇതുവരെ ചെങ്ങറയിലുണ്ടായിരുന്നത്. സ്വന്തമായി ഒരു തുണ്ട് കൃഷി ഭൂമി എന്ന സ്വപ്നമാണ് ഏഴായിരത്തോളം വരുന്ന സമരക്കാരെ, മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ട ഈ ദുരിത ജീവിതത്തിന് നിർബന്ധിതരാക്കിയത്.

വോട്ടർ കാർഡും റേഷൻ കാർഡും മാത്രമല്ല, വൈദ്യുതിയും കുടിവെള്ളവും പാചക വാതകവും റോഡും ചികിത്സാസൗകര്യങ്ങളും പോലുമില്ലാതെ ഏറ്റവും പിന്നാക്കാവസ്ഥയിൽ കഴിഞ്ഞിരുന്ന സമരഭൂമിയിലെ



ളാഹ ഗോപാലൻ

കുടുംബങ്ങൾക്ക് സർക്കാരിൽനിന്ന് പിടിച്ചുപറ്റാനായത് മേൽപ്പറഞ്ഞ സൗകര്യങ്ങൾ മാത്രമല്ല നിതാന്തജാഗ്രതയോടെ അവർ പരിപാലിച്ച വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തിനുള്ള ചരിത്രപരമായ അംഗീകാരം കൂടിയാണ്. സുദീർഘമായ 18 വർഷക്കാലം പ്രക്ഷുബ്ധമായ പല വൈതരണികളെയും നേരിട്ട്, ഒഴുക്കിനെതിരെ നീന്തിയ, വിട്ടുവീഴ്ചയില്ലാതെ മുന്നേറിയ പ്രക്ഷോഭമാണ് ഇന്ന് വിജയതീരത്തേക്ക് അണയുന്നത്. 18 വർഷം പിന്നിടുന്ന സമരജീവിതത്തിന്റെയും അത് സൃഷ്ടിച്ച നേട്ടങ്ങളുടെയും പാഠങ്ങളുടെയും ചരിത്രമൂല്യം വളരെ വലുതാണ്.

## ജനാധിപത്യ സമരചരിത്രത്തിലെ ഉജ്ജ്വലമായ ഒരു ഏട്

ആദരണീയനായ ളാഹ ഗോപാലന്റെ നേതൃത്വത്തിൽ 2007 ആഗസ്റ്റ് നാലിന് പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ അതുമ്പുംകുളത്തിന് അടുത്തുള്ള ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കുറുമ്പറ്റി ഡിവിഷനിൽ കുടിലുകെട്ടി താമസിച്ചുകൊണ്ട് ആരംഭിച്ച ഭൂസമരം. ഏഴായിരത്തോളം കുടുംബങ്ങൾ! സമാനതകളില്ലാത്ത പ്രതികൂലാവസ്ഥകളെയാണ് സമരം അതിജീവിച്ചത്.

പരമ്പരാഗതമായി മണ്ണിൽ പണിയെടുത്തുവരുന്ന ഭൂരഹിത കർഷകരായ തങ്ങൾക്ക് കൃഷിചെയ്ത് ജീവിക്കുവാൻ അഞ്ച് ഏക്കർ ഭൂമി വീതം നൽകണം എന്നതായിരുന്നു സമരത്തിന്റെ ഡിമാന്റ്. ചെങ്ങറയിലെ എസ്റ്റേറ്റ് ഭൂമി തന്നെ വേണം എന്നല്ല അവർ ആവശ്യപ്പെട്ടത്, മറിച്ച് കേരളത്തിൽ എവിടെയെങ്കിലും കൃഷിക്ക് യോഗ്യമായ ഭൂമി നൽകുക എന്നതായിരുന്നു.

സമരരീതികൊണ്ടും ഡിമാന്റിന്റെ ന്യായയുക്തതകൊണ്ടും സമരക്കാരുടെ അചഞ്ചലമായ ഇച്ഛാശക്തി, അക്ഷോഭ്യത, സ്ഥിരത ഇവകൊണ്ടുമൊക്കെ കേരളത്തിന്റെ ജനാധിപത്യ സമര ചരിത്രത്തിൽ അസാധാരണമായ സ്ഥാനമാണ് ചെങ്ങറ ഭൂസമരം നേടിയെടുത്തത്. ചെങ്ങറയിൽ കുടിൽകെട്ടി പാർത്തുകൊണ്ടുള്ള സമരം ആരംഭിക്കുന്നതിനും ആറു വർഷങ്ങൾക്കു മുൻപേ ഈ ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള സമരങ്ങൾ സാധുജന വിമോചന സംയുക്ത വേദി ആരംഭിച്ചിരുന്നു. അതായത്, ളാഹ ഗോപാലന്റെ നേതൃത്വത്തിൽ ആ സംഘടന രൂപീകരിക്കപ്പെട്ട നാൾ മുതൽ.

നിവേദനങ്ങളും മാർച്ചുകളും ധർണ്ണകളുമൊക്കെ ഫലം കാണാതെ വന്നപ്പോഴാണ് കുറച്ചു സാഹസികവും അസാധാരണവുമായ കുടിൽകെട്ടി താമസിച്ചുള്ള സമരത്തിലേയ്ക്ക് അവർ കടന്നത്. അതിനായി അവർ തിരഞ്ഞെടുത്ത ചെങ്ങറ എസ്റ്റേറ്റ് ഭൂമി, സർക്കാരിന് അവകാശപ്പെട്ടതും രാഷ്ട്രീയ നേതാക്കളുടെ ഒത്താശയോടെ ഹാരിസൺ മലയാളം പ്ലാന്റ്ഷൻസ് അനധികൃതമായി കൈവശം വെച്ചിരിക്കുന്നതുമായ, ടാപ്പിംഗ് കഴിഞ്ഞ് റബ്ബർമരങ്ങൾ വെട്ടിമാറ്റി റീ പ്ലാന്റ് ചെയ്യാനായി നിർത്തിയിരുന്ന തോട്ടമായിരുന്നു. ഈ ബ്രിട്ടീഷ് കമ്പനി 100 ലേറെ വർഷങ്ങൾക്കുമുമ്പ് സർക്കാരിൽ നിന്ന് പാട്ടത്തിനെടുത്ത് 1985ൽ പാട്ടക്കാലാവധി പൂർത്തിയായ തോട്ടമായിരുന്ന അത്. ആ അർത്ഥത്തിൽ നൂറുശതമാനവും ന്യായമായ ഒരു ഡിമാന്റും സമരവുമായിരുന്നു ചെങ്ങറ സമരം.




കൃഷിഭൂമി നൽകി ചെങ്ങറ ഭൂസമരം ഒത്തുതീർപ്പാക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ നേതൃത്വത്തിൽ പത്തനംതിട്ട കളക്ടേറ്റിലേക്ക് നടന്ന മാർച്ച് 2008 മാർച്ച് 17ന് ചെങ്ങറയിൽ നിന്നും ആരംഭിച്ചപ്പോൾ. സഖാക്കൾ സി.കെ.ലൂക്കോസ്, വി.വേണുഗോപാൽ, എസ്.രാജീവൻ, ളാഹ ഗോപാലൻ തുടങ്ങിയവർ മുൻനിരയിൽ.

സമരം ആരംഭിച്ചപ്പോൾ കേരളം ഭരിച്ചിരുന്നത് സഖാവ് വി.എസ്.അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള എൽഡിഎഫ് ഗവൺമെന്റ് ആണ്. കേരളത്തിലെ ഭൂരഹിതരും പരമ ദരിദ്രരുമായ മനുഷ്യർ, വിശേഷിച്ച്, ബഹുഭൂരിപക്ഷവും പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർ, ഇത്തരത്തിൽ ഒരു അടിസ്ഥാന ആവശ്യം ഉന്നയിച്ചുകൊണ്ട് സമരം ആരംഭിച്ചപ്പോൾ അതിന്റെ ന്യായയുക്തത തിരിച്ചറിഞ്ഞ് അവരുടെ ആവശ്യങ്ങൾ അനുതാപപൂർവ്വം അംഗീകരിക്കുവാൻ ആ സർക്കാർ തയ്യാറായില്ല. എന്നുമാത്രമല്ല, വളരെ നിഷേധാത്മകവും ശത്രുതാപരവുമായ നിലപാടാണ് ആ ഗവൺമെന്റ് സമരത്തോട് സ്വീകരിച്ചത്. നൂറു വർഷങ്ങൾക്കു മുമ്പ് അയ്യങ്കാളി പ്രജാസഭയിൽ സമാനമായ ആവശ്യം ഉന്നയിച്ചപ്പോൾ തുറന്ന മനസ്സോടെ അംഗീകരിക്കുവാൻ അന്നത്തെ രാജഭരണംപോലും തയ്യാറായി എന്നത് മനസ്സിലാക്കുമ്പോഴാണ് ഒരു വിദേശ കുത്തകയ്ക്കുവേണ്ടി ജനാധിപത്യ ഭരണക്രമത്തിൽ ഇടതുപക്ഷമെന്ന് അവകാശപ്പെടുന്ന ഒരു ഗവൺമെന്റ് ഇത്തരമൊരു നിലപാട് സ്വീകരിച്ചതിന്റെ പിന്നിലെ മനുഷ്യത്വവിരുദ്ധത തിരിച്ചറിയുന്നത്.

പാവപ്പെട്ട മനുഷ്യരുടെ എല്ലാ ജനാധിപത്യ സമരങ്ങളുടെയും നേരെ മൂലധനശക്തികളുടെപക്ഷത്തുനിന്നുകൊണ്ട് സിപിഐ (എം) സ്വീകരിക്കാറുള്ള നിലപാടുതന്നെ ഈ സമരത്തിലും അവർ അനുവർത്തിച്ചു. സമരം ചെയ്യുന്നവരെ ഏറ്റവും മ്ലേച്ഛമായ ഭാഷയിൽ ആക്ഷേപിക്കുക എന്നതായിരുന്നു സമരത്തെ നേരിടാൻ പതിവുപോലെ അവർ സ്വീകരിച്ച ആദ്യത്തെ തന്ത്രം! "അന്യന്റെ മുതൽ മോഷ്ടിക്കുന്നവർ, റബ്ബർ പാൽ മോഷ്ടിച്ച് വിറ്റ്തിന്നു സുഖിച്ചു കഴിയുന്നവർ" എന്നൊക്കെയുള്ള ആക്ഷേപങ്ങൾ ആ സമരത്തിന് നേരെ അവർ ഉന്നയിച്ചു. "മര്യാദയ്ക്ക് ഇറങ്ങിപ്പോയില്ലെങ്കിൽ കൊമ്പുംമുള്ളും ഉള്ള പോലീസിനെ നേരിടേണ്ടി വരും" എന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. സമരത്തിന് പിന്നിൽ തീവ്രവാദികൾ ആണ് എന്ന ആക്ഷേപവും ഉന്നയിച്ചു. അങ്ങനെ പല വിധത്തിൽ സമരത്തെ ഒറ്റപ്പെടുത്തുവാനുള്ള ശ്രമങ്ങളും നടത്തി. സമരക്കാർ ഒരു ഭീഷണിക്കുമുന്നിലും വഴങ്ങിയില്ല. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ധാരാളം സംഘടനകൾ അവിടെ സമരക്കാർക്കുവേണ്ടി ഭക്ഷണവും വസ്ത്രങ്ങളും മരുന്നുകളും മറ്റും എത്തിച്ചുകൊണ്ടിരുന്നു.

ഒരു ദിവസം പ്രഭാതത്തിൽ വെളിച്ചം വീഴുന്നതിനുമുമ്പ് ആയിരക്കണക്കിന് പോലീസുകാർ ചെങ്ങറ സമരഭൂമിയുടെ വിവിധ പ്രദേശങ്ങൾ വളഞ്ഞു. സമരക്കാരെ ബലം പ്രയോഗിച്ച് അടിച്ചിറക്കുമ്പോൾ ഉണ്ടാക

(ശേഷം 6–ാം പേജിൽ)

# ചെങ്ങറ സമരം: മികച്ച സംഘാടനവും സമർപ്പിതമായ പോരാട്ടവും അധികാരികളെ മുട്ടുകുത്തിച്ചു

(5-ാം പേജിൽ നിന്ന്)

...ന്ന അത്യാഹിതങ്ങളെ നേരിടുവാൻ ആംബുലൻസുകളിൽ മെഡിക്കൽ സംവിധാനം അണിനിരന്നു. സമരസ്ഥലത്ത് മണ്ണെണ്ണ ശരീരത്തിൽ ഒഴിച്ച് ആത്മാഹുതി ചെയ്യാൻ ശ്രമിക്കുന്നത് തടയുവാൻ ഹെലികോപ്റ്ററുകൾ വെള്ളവുമായി സമര ഭൂമിക്കു മുകളിൽ പറന്നു.

എന്നാൽ മികച്ച സമരതന്ത്രജ്ഞൻ ആയിരുന്ന ളാഹ ഗോപാലന്റെ നേതൃത്വവും സമര ഭൂമിയിലെ പോരാളികളുടെ സമർപ്പിതമായ നിലപാടും സർക്കാരിന്റെ നീക്കത്തെ പരാജയപ്പെടുത്തി. നിരവധി പേർ റബ്ബർ മരങ്ങളിൽ കയറി കഴുത്തിൽ കുരുക്കിട്ട് ആത്മഹത്യക്ക് തയ്യാറായിനിന്നു. സമര ഭൂമിയിലെ ആബാലവൃദ്ധം ജനങ്ങളും ഒരുമിച്ച് പോലീസ് നടപടിയെ നേരിടാൻ തയ്യാറായിരുന്നു. നിവൃത്തിയില്ലാതെ അച്യുതാനന്ദൻ സർക്കാരിന് കീഴടങ്ങി പിന്മാറേണ്ടിവന്നു. ഒടുവിൽ, സമരക്കാരെ വഞ്ചിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഒരു വ്യാജ പാക്കേജ് പ്രഖ്യാപിച്ച് രംഗത്തുവന്നു. അതിലെ വ്യവസ്ഥകൾ ഒന്നും സ്വീകാര്യമല്ലാതിരുന്നതിനാൽ സമര സമിതി അതിനോട് വിയോജിച്ചു. ഗവൺമെന്റിന്റെ വാഗ്ദാനം വിശ്വസിച്ച് ഭൂമി സ്വീകരിക്കാൻ പോയവരെല്ലാം വഞ്ചിതരായി മടങ്ങേണ്ടിവന്നു. ഒട്ടും കൃഷിയോഗ്യമല്ലാത്ത പാറകളാണ് ഗവൺമെന്റ് വച്ചുനീട്ടിയത്.

പോലീസ് നടപടിയിലൂടെ സമരത്തെ പരാജയപ്പെടുത്താൻ കഴിയില്ല എന്ന് ബോധ്യപ്പെട്ടപ്പോൾ സിപിഐ(എം) നേതൃത്വം ഹീനമായ ഒരു ഫാഷിസ്റ്റ് തന്ത്രവുമായി രംഗത്തെത്തി. 'സമരത്തിനെതിരെ സമരം'!!! സമരക്കാർമൂലം തൊഴിൽ നഷ്ടപ്പെട്ട ടാപ്പിംഗ് തൊഴിലാളികൾ എന്ന വ്യാജേന കുറച്ച് ഗുണ്ടകളെ തെരുവിൽ അണിനിരത്തിക്കൊണ്ട് ചെങ്ങറ സമരക്കാർക്കെതിരെ സമരം എന്നപേരിൽ ആക്രമണങ്ങൾ ആരംഭിച്ചു. സമരഭൂമിയിലേക്കു പോവുകയും സമരഭൂമിയിൽനിന്ന് പുറത്തേക്ക് വരികയും ചെയ്യുന്നവർക്കെതിരെ ഉപരോധം ആരംഭിച്ചു. വഴിയുടെ ഓരത്ത് പന്തൽ കെട്ടി സിഐടിയുവിന്റെ നേതൃത്വത്തിൽ എല്ലാ തൊഴിലാളി സംഘടനകളുടെയും പേരിൽ അവർ അവിടെ രാപകൽ കാവലിരുന്നു. സ്ത്രീകളായാലും കുട്ടികളായാലും വൃദ്ധരായാലും സമരഭൂമിയിലുള്ളവരെ എവിടെ കണ്ടാലും തല്ലിച്ചതയ്ക്കുവാൻ തുടങ്ങി. സമരത്തോടുള്ള അനുഭാവംകൊണ്ട് സമരഭൂമിയിലേക്ക് ഭക്ഷ്യവസ്തുക്കളുമായി എത്തുന്നവരെയും സമരത്തെ പിന്തുണച്ചെത്തുന്ന പ്രമുഖ വ്യക്തികളെയും അവർ സഞ്ചരിച്ച വാഹനങ്ങളെയുമെല്ലാം ആക്രമിച്ചു. പോലീസും നിയമ സംവിധാനവും പരിപൂർണ്ണമായും ഈ അക്രമപ്രവർത്തനങ്ങൾക്ക് കൂട്ടുനിന്നു. മാധ്യമങ്ങൾ ഇത്തരം വാർത്തകൾ റിപ്പോർട്ട് ചെയ്യാതെയായി. ചെങ്ങറയിൽ നടക്കുന്ന കൊടുംക്രൂരതകൾ ലോകം അറിഞ്ഞില്ല. ഈ സാഹചര്യത്തിൽ സമരഭൂമിയിലുള്ളവർക്ക് പുറത്തുപോയി ജോലി ചെയ്ത് വരുമാനം ഉണ്ടാക്കാനും ഭക്ഷണം ഉറപ്പാക്കാനും കഴിയാതെവന്നു. കൊടും പട്ടിണി! രോഗ ബാധിതരാകുന്നവരെ പുറത്തുള്ള ആശുപത്രികളിലേക്ക് കൊണ്ടുപോകാൻ പറ്റാതായി. പട്ടിണിയും രോഗങ്ങളും മൂലം 11 പേർ ക്രൂരമായ ആ ഉപരോധത്തിന്റെ നാളുകളിൽ ചെങ്ങറ സമര ഭൂമിയിൽ മരിച്ചുവീണു. ഒരു വർഷത്തിലേറെക്കാലം ഉപരോധം എന്ന പേരിലുള്ള ഈ അതിക്രമങ്ങൾ സർക്കാർ ഒത്താശയോടെ അവിടെ അരങ്ങേറി.

ഈയൊരു പ്രതിസന്ധിയുടെ ഘട്ടത്തിൽ ചെങ്ങറയിൽ സിപിഐ(എം)ന്റെ നേതൃത്വത്തിൽ നടക്കുന്ന മനുഷ്യാവകാശ ലംഘനങ്ങളും കൊള്ളരുതായ്മകളും പൊതുസമൂഹത്തെ അറിയിക്കേണ്ടത് അനിവാര്യമായി. അതിനുവേണ്ടി കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെയും ചെങ്ങറസമര സഹായ സമിതിയുടെയും നേതൃത്വത്തിൽ കേരളമെമ്പാടും സമരനായകൻ ളാഹ ഗോപാലന് സ്വീകരണം നൽകുന്ന വലിയ സമ്മേളനങ്ങൾ സംഘടിപ്പിച്ചു. എല്ലാ സമ്മേളനങ്ങളിലും ളാഹ ഗോപാലനോടൊപ്പം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയേറ്റ് അംഗവും സമരസഹായ സമിതി കൺവീനറുമായ സഖാവ് എസ്.രാജീവനും പങ്കെടുത്തു. കേരളത്തിലെ സാമൂഹ്യ, സാംസ്കാരിക രംഗങ്ങളിലെ പ്രമുഖ വ്യക്തികളെല്ലാം ആ വേദികളിൽ അണിനിരന്നു. ആയിരക്കണക്കിന് ആളുകൾ കേരളമെമ്പാടുമുള്ള ആ യോഗങ്ങളുടെ ശ്രോതാക്കളായി. അങ്ങനെ ചെങ്ങറയിൽ നടക്കുന്ന സംഭവവികാസങ്ങളും സിപിഐ(എം) നടത്തുന്ന നുണപ്രചാരണങ്ങളും കേരള സമൂഹത്തിന്റെ മുന്നിൽ ആനാവരണം ചെയ്യപ്പെട്ടു. കേരള മനഃസാക്ഷി സമരത്തോടൊപ്പം നിലയുറപ്പിച്ചു.

സിപിഐ(എം)ന്റെയും സിഐടിയുവിന്റെയും ആക്രമണങ്ങൾ മൂലം സമര ഭൂമിയിലെ കുട്ടികൾക്ക് സ്കൂളിൽ പോയി പഠിക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടായി. അതിനെ തുടർന്ന് മുഴുവൻ കുട്ടികളെയും വനത്തിലെ ദുർഘടമായ വഴികളിലൂടെ സമരഭൂമിക്ക് പുറത്തെത്തിച്ച് എരുമേലി മുട്ടപ്പള്ളിയിലെ സർക്കാർ സ്കൂളിൽ ചേർത്ത്, അവിടെ താമസസൗകര്യം ഒരുക്കി പഠനം ഉറപ്പാക്കുന്നതിന് സമര സഹായ സമിതി നേതൃത്വം നൽകി.

ഒരു വർഷക്കാലം നീണ്ടുനിന്ന ആ ഗുണ്ടാ ഉപരോധത്തെ സമരഭൂമിയിലെ ജനങ്ങൾ തികഞ്ഞ സമചിത്തതയോടെ നേരിട്ടു. ഒരിടത്തും ഒരു ചെറിയ അക്രമസംഭവംപോലും അവരുടെ ഭാഗത്തുനിന്ന് ഉണ്ടായില്ല. ഒടുവിൽ സിപിഐ(എം)ന് ഉപരോധം എന്ന വ്യാജസമരവും പിൻവലിക്കേണ്ടിവന്നു. സമരസ്ഥലത്തുനിന്നും അവരെ പുറത്താക്കാനുള്ള എല്ലാ വഴികളും അടഞ്ഞ് സിപിഐ(എം)ഉം സർക്കാരും നിരായുധരായി. അവിടെ സ്വന്തംപേരിൽ ഭൂമി ലഭിക്കാത്തതിനെ തുടർന്ന്, റേഷൻ കാർഡും വോട്ടർ കാർഡും അടക്കമുള്ള യാതൊരു ഔദ്യോഗിക രേഖകളും ഇല്ലാതെ സർക്കാരിന്റെ യാതൊരു ഔദാര്യവുമില്ലാതെ അവർ അവിടെ സമരജീവിതം തുടർന്നു. അചഞ്ചലമായി തുടർന്നുവന്ന അവരുടെ സമരം വിജയകരമായി പര്യവസാനിക്കുന്ന സാഹചര്യമാണ് സർക്കാരിന്റെ പുതിയ നടപടികളിലൂടെ ഉണ്ടായിരിക്കുന്നത്. സിപിഐ(എം)ന് മറ്റൊരു ജനാധിപത്യ പ്രക്ഷോഭത്തിന്റെ മുന്നിൽക്കൂടി അടിയറവ് പറയേണ്ടി വന്നിരിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെയും ഇതര അധഃസ്ഥിത ജനവിഭാഗങ്ങളുടെയും അവകാശങ്ങൾ നേടിയെടുക്കുവാനുള്ള ഒരേയൊരു മാർഗ്ഗം സമരം മാത്രമാണെന്ന് തെളിയിക്കുകയാണ് ചെങ്ങറ സമരം. ന്യായമായ ഡിമാന്റ് ഉയർത്തി ഇച്ഛാശക്തിയോടെ, ഐക്യത്തോടെ ചൂഷിത ജനവിഭാഗങ്ങൾ അണിനിരന്നാൽ അവകാശങ്ങൾ നേടിയെടുക്കാൻ കഴിയും എന്നുമാത്രമല്ല, അതുവഴി ആത്യന്തികമായി സാമൂഹ്യ സാഹചര്യത്തെ തന്നെ പരിവർത്തനപ്പെടുത്താനും കഴിയും എന്നതാണ് മാനവസമൂഹത്തിന്റെ ഇതഃപര്യന്തമുള്ള ചരിത്രം നൽകുന്ന പാഠം.

സമൂഹത്തിലെ ഏറ്റവും ദുരിതമനുഭവിക്കുന്ന ജനവിഭാഗങ്ങൾ നടത്തിയ ഈ സമരത്തെ അതിന്റെ തുടക്കം മുതൽ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) നിരുപാധികമായി പിന്തുണച്ചിരുന്നു. സമരത്തിന്റെ പ്രതിസന്ധി ഘട്ടങ്ങളിലെല്ലാം പാർട്ടിയുടെ ശക്തമായ സാന്നിധ്യവും ഇടപെടലും ഈ പ്രക്ഷോഭത്തിന് ബലം പകർന്നു. കമ്മ്യൂണിസത്തെ എപ്പോഴും എതിർത്തിരുന്ന ഒരാളായിരുന്നിട്ടും ളാഹ ഗോപാലൻ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പാർട്ടിയെ ഈ സമരത്തിന്റെ ഏറ്റവും അടുത്ത മിത്രമായി സ്വീകരിച്ചു. പാർട്ടിയെ സ്വന്തം ജീവനെപ്പോലെ അദ്ദേഹം സ്നേഹിച്ചു; വിശ്വസിച്ചു. ഒരിക്കൽ, 'പച്ചക്കുതിര' എന്ന മാസികയിൽ ളാഹ ഗോപാലൻ നൽകിയ ഒരു ഇന്റർവ്യൂവിൽ അദ്ദേഹം പറഞ്ഞു, "എനിക്ക് ഈ പാർട്ടിയെ വെറുപ്പായിരുന്നു. പത്തനംതിട്ട നഗരത്തിൽ പാട്ടയുമായി നടക്കുന്ന ഇവരെ കാണുമ്പോൾ എനിക്ക് പുച്ഛമായിരുന്നു. മറ്റെല്ലാവരെയും പോലെ സമരഭൂമിയിലേക്ക് വന്ന ഇവരെയും ഞാൻ ആദ്യമാദ്യം അകറ്റി നിർത്തി. എന്നാൽ പിന്നീട് സാവധാനം ഈ പാർട്ടിയെ ഞാൻ തിരിച്ചറിഞ്ഞു. ഈ പാർട്ടി ഇല്ലാതെ എനിക്ക് ഇന്ന് ജീവിക്കാൻ കഴിയില്ല. ഇത് എന്റെ രക്തത്തിന്റെ ഭാഗമായിരിക്കുന്നു."ഹരിപ്പാട് മുട്ടത്ത് നേതാജി സാമൂഹ്യ-സാംസ്കാരിക പഠന കേന്ദ്രത്തിന്റെ ഉദ്ഘാടന സമ്മേളനവേളയിലും അദ്ദേഹം ഇതേവാക്കുകൾ ആവർത്തിച്ചു.

രാഷ്ട്രീയമായും പ്രത്യയശാസ്ത്രപരമായും എന്തൊക്കെ ഭിന്നതകൾ ഉണ്ടെങ്കിലും കഷ്ടപ്പെടുന്നവരുടെയും യാതന അനുഭവിക്കുന്നവരുടെയും പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നവർക്ക് പരസ്പരം തിരിച്ചറിയാതിരിക്കാനും സാഹോദര്യം അനുഭവിക്കാതിരിക്കാനും കഴിയില്ല. സത്യസന്ധതയും ആത്മാർത്ഥതയും ഉള്ളവർക്കിടയിൽ ഉണ്ടാകുന്ന സഹജാവബോധമാണ് ഇതിന് കാരണം. കഴിഞ്ഞ 18 വർഷക്കാലം ചെങ്ങറയിലെ പോരാളികൾ നടത്തിയ പോരാട്ടത്തോടൊപ്പം ചേർന്നുനിന്ന്, അതിന്റെ ചൂരും ചൂടും വേദനയും സംഘർഷവും അനുഭവിച്ച എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പ്രസ്ഥാനം ചെങ്ങറയിലെ പോരാളികളുടെ ഈ വിജയം അങ്ങേയറ്റം അഭിമാനകരമായ നേട്ടമായി കാണുന്നു. ചെങ്ങറ സമരഭൂമിയിലെ പോരാളികളെയും, ആ സമരത്തെ പിന്തുണച്ച കേരളത്തിലെ പ്രബുദ്ധരായ ജനങ്ങളെയും അവർക്കുവേണ്ടി അണി

(ശേഷം 7-ാം പേജിൽ)





2014 ആഗസ്റ്റ് 4ന് കോന്നിയിൽ നടന്ന ചെങ്ങറ ഭൂസമരത്തിന്റെ ഏഴാം വാർഷിക സമ്മേളനത്തിൽ ളാഹ ഗോപാലൻ പ്രസംഗിക്കുന്നു. എസ്.രാജീവൻ, സി.ആർ.നീലകണ്ഠൻ, സി.പി.ജോൺ, ഡോ.വി.വേണുഗോപാൽ, ഫാ.എബ്രഹാം ജോസഫ്, പ്രൊഫ.ഫിലിപ്പ് എൻ.തോമസ്, ഡോ.സൈമൺ ജോൺ തുടങ്ങിയവർ വേദിയിൽ. | 2015 ആഗസ്റ്റിൽ ചെങ്ങറ സമരഭൂമിയിൽ നടന്ന എട്ടാം വാർഷിക സമ്മേളനത്തിൽ സമര സഹായസമിതി കൺവീനർ എസ്.രാജീവൻ പ്രസംഗിക്കുന്നു. ഡോ.ഗീവർഗ്ഗീസ് മാർ കൂറിലോസ്, ളാഹ ഗോപാലൻ തുടങ്ങിവർ വേദിയിൽ.

## ളാഹ ഗോപാലൻ അനുസ്മരണം



ചെങ്ങറ ഭൂസമരനായകൻ ളാഹ ഗോപാലന്റെ നാലാം ചരമവാർഷികത്തോടനുബന്ധിച്ച് സെപ്റ്റംബർ 21ന് ചെങ്ങറ സമരഭൂമിയിൽ നടന്ന അനുസ്മരണ സമ്മേളനം മുൻ ആസൂത്രണ ബോർഡ് അംഗം സി.പി.ജോൺ ഉദ്ഘാടനം ചെയ്യുന്നു. എസ്‌വിഎസ്‌വി സംസ്ഥാന പ്രസിഡന്റ് കെ.എസ്.ഗോപി അധ്യക്ഷത വഹിച്ചു. മുൻ എംഎൽഎ ജോസഫ് എം. പുതുശ്ശേരി, ഡോ. സൈമൺ ജോൺ, എസ്.രാജീവൻ, ജോർജ് മുല്ലക്കര, എം. ഷാജർഖാൻ, എൽ. ഹരിറാം, ബിജോയ് ഡേവിഡ്, രഘു ഇരവിഷോർ, മിനി കെ. ഫിലിപ്പ്, ബാബു കുട്ടൻചിറ, എസ്.മിനി, ജെയിംസ് കണ്ണിമല, സന്തോഷ് പെരുമ്പെട്ടി, എസ്. രാധാമണി, സുരേഷ് കല്ലേലി, പി.കെ.ബാബു, ടി.എം.സത്യൻ, സുമ ഫിലിപ്പ് തുടങ്ങിയവർ പ്രസംഗിച്ചു.

# കേരള–യൂറോപ്യൻ യൂണിയൻ കോൺക്ലേവ് 2025: എഐയുറ്റിയുസി സമർപ്പിച്ച നിർദ്ദേശങ്ങൾ

സംസ്ഥാന സർക്കാരിന്റെ 'വികസന' പരിപാടികളിൽ ഒന്നായ 'ബ്ലൂ ഇക്കോണമി'(സമുദ്ര സമ്പദ്‌വ്യവസ്ഥ)യുടെ ഭാഗമായി 2025 സെപ്റ്റംബർ 18, 19 തീയതികളിൽ കോവളം ലീലാ റാവിസ് ഹോട്ടലിൽ വച്ച് 'ബ്ലൂ റൈഡ്സ്' എന്ന പേരിൽ ഒരു കോൺക്ലേവ് നടക്കുകയുണ്ടായി. കേരള സർക്കാരും കേന്ദ്രസർക്കാരും യൂറോപ്യൻ യൂണിയനും യോജിച്ചുകൊണ്ടുള്ള ഒരു അന്തർദേശീയ സംയുക്ത സംരംഭം ആയിട്ടാണ് "രണ്ട് തീരങ്ങൾ, ഒരേ കാഴ്ചപ്പാട്" സന്ദേശം പറഞ്ഞുകൊണ്ട് ഈ കോൺക്ലേവ് നടന്നിട്ടുള്ളത്. സംസ്ഥാന ഫിഷറീസ് വകുപ്പാണ് ഇതിന്റെ സംഘാടനം നിർവഹിച്ചിട്ടുള്ളത്. വ്യവസായ പ്രമുഖർ, നയതന്ത്ര പ്രതിനിധികൾ, അക്കാദമിക് പണ്ഡിതർ, ഇന്ത്യയിലെയും യൂറോപ്യൻ യൂണിയനിലെയും തല്പരകക്ഷികൾ ഒക്കെയാണ് കോൺക്ലേവിലേക്ക് ക്ഷണിക്കപ്പെട്ടവർ. കേരളത്തിൽ നിന്നുള്ള ട്രേഡ് യൂണിയൻ പ്രതിനിധികളുടെ കൂട്ടത്തിൽ എഐയുറ്റിയുസിയും ക്ഷണിക്കപ്പെട്ടിരുന്നു.

കോടിക്കണക്കിന് രൂപ മുടക്കി സംഘടിപ്പിക്കപ്പെട്ട ഈ കോൺക്ലേവ്, സമുദ്ര സമ്പദ്‌വ്യവസ്ഥ (ബ്ലൂ ഇക്കോണമി) എന്നറിയപ്പെടുന്ന, കോർപ്പറേറ്റുകൾ സമുദ്രം പിടിച്ചടക്കുന്ന പദ്ധതിയുടെ നടത്തിപ്പിനായി രൂപകല്പന ചെയ്യപ്പെട്ട ഒന്നായിരുന്നു. മുൻകൂട്ടി നിശ്ചയിപ്പിക്കപ്പെട്ട സെഷനുകളും പാനലിസ്റ്റുകളും പൊതുവിൽ കോർപ്പറേറ്റ് താല്പര്യങ്ങളെ മുൻനിർത്തിയുള്ളതായിരുന്നു. ഓരോ സെഷന്റെയും ഒടുവിൽ ചോദ്യോത്തരം എന്ന പേരിൽ ഏതാനും മിനിറ്റുകളാണ് നീക്കിവെച്ചിരുന്നത്.

മത്സ്യവും ധാതുലവണങ്ങളും ഉൾപ്പെടെയുള്ള സമുദ്രസമ്പത്തിന്റെയും തീരത്തിന്റെയും തുറമുഖങ്ങളുടെയും ഒക്കെ സമ്പൂർണ അധികാരം കോർപ്പറേറ്റുകൾക്ക് ഉറപ്പാക്കുന്ന വിധം ബിസിനസ് നടത്തുന്നതിനുള്ള ഒരു മേളയായിരുന്നു കോൺക്ലേവ്. കോൺക്ലേവിൽ 7288 കോടി രൂപയുടെ നിക്ഷേപത്തിന് ധാരണാപാത്രമായെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. സംസ്ഥാനത്തെ 28 നിക്ഷേപകർ ധാരണാ പത്രങ്ങളിൽ ഒപ്പുവെച്ചെന്നും പറയുന്നു. നിരോധനങ്ങളും വിലക്കുകളുംകൊണ്ട് തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെയോ, കരിമണൽ ഖനനംമൂലം കിടപ്പാടം നഷ്ടപ്പെടുന്ന തീരനിവാസികളുടെയോ കോർപ്പറേറ്റുകളുടെ തുറമുഖ വികസനംകൊണ്ട് ജീവിതം വഴിമുട്ടിയ ജനങ്ങളുടെയോ പ്രശ്നങ്ങൾ ഇത്തരം ബിസിനസ് മേളകളിൽ ചർച്ചയ്ക്കായി വരുന്നതേയില്ല. എന്നുമാത്രമല്ല, അവയൊക്കെ അധികരിപ്പിക്കാനുള്ള കരുനീക്കങ്ങളാണ് ഒരുങ്ങുന്നതും.

കോൺക്ലേവിൽ എഐയുറ്റിയുസി എഴുതി സമർപ്പിച്ച നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു:

ഇന്ത്യയിലെ കേന്ദ്ര ട്രേഡ് യൂണിയനുകളിൽ ഒന്നെന്ന നിലയിലും, തികച്ചും തൊഴിലാളിവർഗ്ഗ കാഴ്ചപ്പാടിൽ എല്ലാ പ്രതിഭാസങ്ങളെയും പ്രശ്നങ്ങളെയും വിശകലനം ചെയ്യുകയും സമീപിക്കുകയും ചെയ്യുന്ന വിപ്ലവ ട്രേഡ് യൂണിയൻ എന്ന നിലയിലും ഞങ്ങൾ മുന്നോട്ട് വെക്കുന്ന അഭിപ്രായങ്ങളെയും നിർദ്ദേശങ്ങളെയും നമ്മുടെ രാജ്യത്തെ ജനങ്ങളുടെ ഉത്തമ താല്പര്യങ്ങളെ മാത്രം മുൻനിർത്തിയുള്ള ആരോഗ്യകരമായ ചർച്ചയുടെ ഭാഗമായി പരിഗണിക്കണമെന്ന മുഖവുരയോടെ ഏതാനും പോയന്റുകൾ അവതരിപ്പിക്കട്ടെ.

1) 'ബ്ലൂ ഇക്കണോമി' ലക്ഷ്യം വയ്ക്കുന്ന കാര്യങ്ങളിൽനിന്നും വ്യക്തമാകുന്നത്, ലാഭതൃഷ്ണകൊണ്ട് കരയിലുള്ള പ്രകൃതിവിഭവങ്ങൾ അതിരുകളില്ലാതവിധം ചൂഷണം ചെയ്ത ഭരണകൂടങ്ങൾ ഇനി ഭൂഗോളത്തിൽ അവശേഷിച്ച കടലിലെയും തീരങ്ങളിലെയും സമ്പത്തിനെ (സമുദ്ര ആവാസ വ്യവസ്ഥയെ) വിഭവങ്ങളെന്ന് പേരിട്ട് ക്രമാതീതമായി ചൂഷണം ചെയ്യാനുള്ള ബൃഹത്പദ്ധതിയാണ് ഇത് എന്നാണ്.

2) പ്രാകൃത മനുഷ്യ സമുദായം തൊട്ടുതന്നെ മനുഷ്യൻ ജലജീവികളായ മത്സ്യങ്ങളെ പിടിച്ച് സ്വന്തം നിലനില്പിന് വേണ്ടി ഭക്ഷണത്തിനായി ഉപയോഗിച്ച് പോന്നിട്ടുണ്ടെന്ന് കാണാം. സമൂഹ പുരോഗതിക്കനുസരിച്ച് ഇതിന്റെ രീതിയും തോതും വികാസം പ്രാപിക്കുന്നുണ്ട്. എങ്കിലും ഏറിയപങ്കും ഭക്ഷണ - ആരോഗ്യ ആവശ്യങ്ങളിലാണ് ഇത് ഊന്നിയിരുന്നത്.

3) മനുഷ്യസമൂഹത്തിന്റെ പൊതുനന്മയ്ക്കുംആവശ്യങ്ങൾക്കുമായിപ്രകൃതിവിഭവങ്ങൾ സമൂഹം ഉപയോഗപ്പെടുത്തുക തന്നെ വേണം. എന്നാൽ, അത് അതിരില്ലാത്തതും നിയന്ത്രണമില്ലാത്തതുമാകാൻ പാടില്ലെന്ന വസ്തുത ആധുനിക ലോകം നിസ്തർക്കമായി അംഗീകരിച്ചതാണ്. ആവാസ വ്യവസ്ഥയുടെ നിലനില്പിനും വരുംതലമുറയുടെ ആവശ്യങ്ങൾക്കുംവേണ്ടി ഏറ്റവും കരുതലോടെ മാത്രമേ പ്രകൃതി വിഭവങ്ങൾ ഉപയോഗപ്പെടുത്താൻ പാടുള്ളൂ എന്നതായിരിക്കണം ആധുനിക മനുഷ്യന്റെ സംസ്കാരം.

4) ഈ ആധുനിക ശാസ്ത്രീയ കാഴ്ചപ്പാടിന് നിരക്കുന്നതാണോ നീല സമ്പദ്‌വ്യവസ്ഥയുടെ ദർശനവും ദൗത്യവും എന്നത് പരിശോധിക്കപ്പെടണമെന്ന് ഒന്നാമതായി പറയേണ്ടി വരുന്നു. സമുദ്രത്തിന്റെ ആവാസ വ്യവസ്ഥയുടെ നാശത്തിനും മലിനീകരണത്തിനും ഇടയാക്കുന്ന, തീരത്തേയും ആഴക്കടലിലേയും എണ്ണ - വാതക - ധാതു ഖനനവും വിപുലമായ തുറമുഖ വികസനങ്ങളും ടൂറിസ്റ്റ് പദ്ധതികളും നേർവിപരീത ദിശയിലേക്കാണ് കാര്യങ്ങൾ കൊണ്ടെത്തിക്കുന്നത്.

5) രണ്ടാമതായി, നൂറ്റാണ്ടുകളായി ജീവസന്ധാരണത്തിനായി കടലിനെ ആശ്രയിച്ച് തീരത്ത് അധിവസിച്ച് വരുന്ന തദ്ദേശവാസികളായ മനുഷ്യരുടെ ജീവിതം എത്രമാത്രം ഇതിൽ പരിഗണിക്കപ്പെടുന്നുണ്ട് എന്നതാണ്. ലോകമെങ്ങും കുടുകൂട്ടുന്ന, വെട്ടിപ്പിടിക്കുന്ന, കോർപ്പറേറ്റുകളുടെ ലാഭാർത്തിയാണ് പദ്ധതിയുടെ പ്രഥമ പരിഗണനയെന്നും, ഇത് 'സമുദ്രം പിടിച്ചെടുക്കൽ' എന്ന തലത്തിലേക്ക് പോകുമെന്നും എളുപ്പം മനസ്സിലാക്കാവുന്നതേയുള്ളൂ.

6) കേരള സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും യൂറോപ്യൻ യൂണിയനുമായി ചേർന്നുകൊണ്ടുള്ള ഒരു അന്തർദേശീയ സഹകരണ (international collaboration) പരിപാടിയായ ഈ 'ബ്ലൂ കോൺക്ലേവ്', ഇന്ത്യയിലേയും യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിലേയും ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾക്ക്, പ്രത്യേകിച്ച് കടലും കടൽത്തീരവുമായും ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന മത്സ്യ തൊഴിലാളികൾക്ക്, എന്ത് തരം ക്ഷേമമാണ് പ്രദാനം ചെയ്യുന്നത് എന്നത് വ്യക്തമല്ല.



7) മറിച്ച്, അവരുടെ ജീവിതത്തെയും സമൂഹത്തെയാകെതന്നെയും പ്രതികൂലമായി ബാധിക്കുന്ന ഒട്ടേറെ കാര്യങ്ങൾ ഒളിഞ്ഞും തെളിഞ്ഞും ബ്ലൂ ഇക്കോണമിയിൽ കാണുന്നുമുണ്ട്. ഒരു ജനാധിപത്യ വ്യവസ്ഥിതി ശിഥിലമാക്കുന്ന വിധത്തിൽ സമൂഹത്തിന്റെ പൊതുസമ്പത്ത് സ്വകാര്യ വ്യക്തികളുടെ കൈകളിലേക്ക് കൈമാറുന്ന വിധത്തിൽ ഇതിനകം തന്നെ കാര്യങ്ങൾ നീങ്ങുന്നത് ഉത്കണ്ഠയുണ്ടാക്കുന്നതാണ്.

8) ദേശരാഷ്ട്രം കെട്ടിപ്പടുക്കുന്നതിന്റെ ഭാഗമായി പൊതുമേഖലയിൽ നിർമ്മിച്ച് പരിപാലിച്ച് പോന്നിരുന്ന തുറമുഖങ്ങൾ സ്വകാര്യ കോർപ്പറേറ്റുകൾക്ക് (അതിന്റെ തന്നെ മറ്റൊരു രൂപമായ പിപിപി ആയും) കൈമാറുന്ന സ്ഥിതി രാജ്യത്ത് വ്യാപകമാകുകയാണ്. മാത്രമല്ല, ഇതേ കോർപ്പറേറ്റുകൾക്ക് പൊതുസമ്പത്ത് ഉപയോഗപ്പെടുത്തിക്കൊണ്ടുപോലും പുതിയ തുറമുഖങ്ങൾ തുടങ്ങാൻ അനുമതി ലഭിക്കുന്നു. (ഇപ്രകാരം നിർമ്മിച്ച വിഴിഞ്ഞം തുറമുഖം സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളും തദ്ദേശീയ ജനതയുടെ ഉപജീവന പ്രശ്നങ്ങളും നമ്മുടെ മുമ്പിലുണ്ട്)

9) തലമുറകളായി തീരത്ത് അധിവസിച്ചുവരുന്ന മത്സ്യ തൊഴിലാളികളെയും അവരുടെ ആവാസവ്യവസ്ഥയെയും ഗുരുതരമായി ബാധിക്കുന്നതും പാരിസ്ഥിതിക സന്തുലനത്തിന് കോട്ടം സംഭവിക്കുന്നതുമായ തീരത്തെയും തീരക്കടലിലെയും ധാതുമണൽഖനനം ഭീതിയുളവാക്കുന്നതാണ്. (ആലപ്പുഴ തീരത്തെ കരിമണൽ ഖനനം സൃഷ്ടിച്ച ആഘാതം നമ്മുടെ കൺമുമ്പിലുണ്ട്)

10) മത്സ്യ തൊഴിലാളികളുടെ തൊഴിലിന് എല്ലാവിധ സഹായങ്ങളും അനുബന്ധ ഇളവുകളും ചെയ്തുകൊടുക്കുന്നതിന് പകരം, അവരുടെ തൊഴിലിന് തടയിടുന്ന തരത്തിലുള്ള അനേകം നിരോധനങ്ങളും നിയന്ത്രണങ്ങളുമാണ് അധികാരികൾ കൊണ്ടുവരുന്നത്.

11) നൂറ്റാണ്ടുകളായി തീരപ്രദേശത്ത് പ്രാദേശിക ജനസംസ്കൃതിയിൽ ജീവിച്ചുവരുന്ന പരമ്പരാഗതമത്സ്യത്തൊഴിലാളികളെയും ചെറുകിട മത്സ്യബന്ധനം, സംഭരണം, വിതരണം തുടങ്ങിയ മേഖലകളിലെ തൊഴിലാളികളെയും പുതിയ തീരവികസനത്തിന്റെയും വ്യവസായബന്ധ പദ്ധതികളുടെയും അതിർത്തി തന്ത്ര പ്രാധാന്യത്തിന്റെയുംപ്രകൃതിക്ഷോഭത്തിന്റെയും ഒക്കെ പേരിൽ അകലങ്ങളിലേക്കും ഫ്ലാറ്റ്മുറികളിലേക്കും പറിച്ചെറിയുന്നത് അങ്ങേയറ്റം ക്രൂരമാണ്. ഇന്ത്യയിൽ ഇതിനകം കൊണ്ടുവന്ന നീല സാമ്പത്തിക നയത്തിൽ സ്ത്രീകളെ ജോലികളിൽ നിന്നും ഒഴിവാക്കുന്നതിനെപ്പറ്റി പറയുന്നുണ്ട്.

12) അതേ സമയം, തീരപ്രദേശങ്ങളിൽ തീരവികസനത്തിന്റെയും ടൂറിസത്തിന്റെയും മറ്റും പേരിൽ വൻകിട സമുച്ചയങ്ങളും നിർമ്മിതികളും പണിതുയർത്താൻ വൻകിട മുതലാളിമാർക്ക് അനുമതി നൽകുകയും ചെയ്യുന്നുണ്ട്.

13) ബ്ലൂ ഇക്കോണമിയുടെ പേരിൽ കൊണ്ടുവരുന്ന ലോജിസ്റ്റിക് - കണക്ടിവിറ്റി, കോസ്റ്റൽ ഡെവലപ്മെന്റ്, സുസ്ഥിര മത്സ്യബന്ധനം, അക്വകൾച്ചർ വികസനം, ബ്ലൂ ഇൻവെസ്റ്റ്മെന്റ്, റിസർച്ച്, പുതിയ മൂലധന നിക്ഷേപം തുടങ്ങിയവയെല്ലാം വൻകിട കുത്തകകളുടെ മൂലധന താല്പര്യമാണ് പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്.

14) രാജ്യത്തിന് പൊതുവിലും തദ്ദേശീയ ജനവിഭാഗങ്ങൾക്ക് പ്രത്യേകിച്ചും ഉണ്ടായിരുന്ന ഉടമസ്ഥതയും അധികാരങ്ങളും ഇല്ലായ്മ ചെയ്തുകൊണ്ടുള്ള നവലിബറൽ ആശയങ്ങളാണ് ഇവയ്ക്കു പിന്നിൽ പ്രവർത്തിക്കുന്നത്. ഇത് ജനാധിപത്യ ആശയങ്ങളിൽനിന്നുള്ള തിരിച്ചുപോക്കാണ്.

15) ഈ പദ്ധതി നടപ്പിലാക്കിയ രാജ്യങ്ങളിലെല്ലാം ജനങ്ങളുടെ പ്രത്യേകിച്ച്, തദ്ദേശീയ ജനവിഭാഗങ്ങളുടെ വമ്പിച്ച പ്രതിഷേധങ്ങളെ അതത് ഭരണകൂടങ്ങൾക്ക് നേരിടേണ്ടി വന്നിട്ടുണ്ട്. നമ്മുടെ രാജ്യത്തും കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ നീണ്ടുനില്ക്കുന്ന പ്രതിരോധങ്ങൾ വളർന്നുവരികയും ഇപ്പോഴും തുടരുകയും ചെയ്യുന്നുണ്ട്.

16) അതുകൊണ്ടുതന്നെ, ജനങ്ങളുടെ ജീവിതത്തെ, പ്രത്യേകിച്ച് തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ മെച്ചപ്പെടുത്തുന്നതും, രാജ്യത്തിന്റെ പൊതുസമ്പത്തിനും ജനാധിപത്യ സംവിധാനത്തിനും ഒട്ടും കോട്ടം തട്ടാത്തതും, പ്രാദേശിക ജനവിഭാഗങ്ങളുടെ സ്വാശ്രയത്വത്തിനും സംസ്കൃതിക്കും പ്രാമുഖ്യം നല്കുന്നതും, പാരിസ്ഥിതികാരോഗ്യത്തിനും സാമൂഹികതുല്യതയ്ക്കും പ്രാമുഖ്യം നല്കുന്നതുമായ ഒരു നയവും പദ്ധതിയുമാണ് രൂപം കൊള്ളേണ്ടത്. ഇതിനെ ഒരു ബദൽ കാഴ്ചപ്പാടായി ഞങ്ങൾ മുമ്പോട്ടുവയ്ക്കുകയാണ്. ■

---


(6–ാം പേജിൽ നിന്ന്)

നിരന്ന് കഷ്ടനഷ്ടങ്ങൾ ഏറ്റുവാങ്ങിയ ജനകീയ നേതാക്കളെയും ഹൃദയപൂർവ്വം ഈ അവസരത്തിൽ അഭിവാദ്യം ചെയ്യുന്നു.

ഇതോടൊപ്പം ഒരു യാഥാർത്ഥ്യംകൂടി ജനങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. ഇടതെന്ന് അവകാശപ്പെടുന്ന ഗവൺമെന്റുകളുടെയും കമ്മ്യൂണിസ്റ്റ് എന്ന് അവകാശപ്പെടുന്ന പാർട്ടികളുടെയും അപചയം അവരെ സമരവിരുദ്ധരും മൂലധന സേവകരും മാത്രമല്ല സമരങ്ങളെ നിർദ്ദയമായി അടിച്ചമർത്തുന്നവരുകൂടിയാക്കി മാറ്റിയിരിക്കുന്നു. പണിയെടുക്കുന്നവരുടെയും ജനാധിപത്യ അവകാശങ്ങൾ അഭിലഷിക്കുന്നവരുടെയും വീറുറ്റ പോരാട്ടങ്ങൾകൊണ്ടല്ലാതെ ഈ പിന്തിരിപ്പൻ സാഹചര്യത്തെ നമുക്ക് മറികടക്കാനാവില്ല. അത്തരം പോരാട്ടങ്ങൾക്കായി സജ്ജരാകാൻ ചെങ്ങറ സമരം നമ്മെ ആഹ്വാനം ചെയ്തുകൊണ്ടിരിക്കും. ■

**മനുഷ്യന്റെ ആവശ്യകതകൾ നിറവേറ്റുന്നതിനായി വിഭവങ്ങൾ കാര്യക്ഷമമായി വിനിയോഗിക്കുക എന്നതാണ് ഒരു സമ്പദ്ഘടന ലക്ഷ്യമാക്കേണ്ടതെങ്കിൽ, ആഗോള ആയുധക്കച്ചവടം അതിന്റെ മാരകത വെളിപ്പെടുത്തുന്ന മറുവശമാണ്. ഇത് ഭൂമിശാസ്ത്രപരമായ ഭയപ്പാടുകളെ ഡിമാന്റായും മനുഷ്യന്റെ വേദനകളെ ലാഭമായും സമർത്ഥമായി തിരുത്തിയെഴുതുന്ന ഒരു സംവിധാനമാണ്. അഭിവൃദ്ധിയല്ല, മറിച്ച് വിനാശമാണ് ഇതിന്റെ ഫലം. ഫലസൂചകങ്ങൾ ഉൽപാദനക്ഷമതയിലെ വർദ്ധനവല്ല, മറിച്ച് വർദ്ധിക്കുന്ന അത്യാഹിതങ്ങളാണ്. ഗസയിലും യുക്രൈനിലും സംഘർഷം രൂക്ഷമാകുമ്പോൾ ലോകത്തിലെ മുൻനിര ആയുധ നിർമ്മാതാക്കളുടെ വരുമാനം കുതിച്ചുയരുന്നതിന്റെ ത്രൈമാസ റിപ്പോർട്ടുകൾ വരുന്നു. ഈ മരണ വ്യാപാരികളെ സംബന്ധിച്ചിടത്തോളം ലോകത്തിന്റെ അശാന്തിയിലാണ് അവരുടെ വളർച്ച കുടികൊള്ളുന്നത്.**

# മുതലാളിത്ത വികസനത്തെ മാത്രം ലക്ഷ്യമിടുന്ന യുദ്ധം





മനുഷ്യജീവന് വിലയിടുന്നത് എല്ലായിടത്തും ഒന്നുപോലെയാണ്. ഗസയിൽ ഇതിനകം 60,000ലധികം ആളുകൾ കൊല്ലപ്പെട്ടു. സുഡാനിൽ ഒരു കോടിയിലധികം ആളുകൾ അഭയാർത്ഥികളായി. ഏതാനും വർഷങ്ങളായി യുക്രൈനിൽ ബങ്കറുകളാണ് കുഞ്ഞുങ്ങളുടെ സ്കൂളുകൾ. എന്നാൽ അമേരിക്കയിലെയും ബ്രിട്ടനിലെയും റഷ്യയിലെയും സാമ്രാജ്യത്വ ഭരണകൂടങ്ങളെ സംബന്ധിച്ചിടത്തോളം ഈ ദുരന്തങ്ങൾ അവരുടെ സാമ്പത്തിക ഉന്നമനത്തിനുള്ള ഉപാധികൾ മാത്രമാണ്. സ്റ്റോക് ഹോം ഇന്റർനാഷണൽ പീസ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കണക്കു പ്രകാരം ലോകത്തിലെ മുൻനിരക്കാരായ നൂറ് ആയുധക്കമ്പനികളുടെ വളർച്ചാ നിരക്ക് 2023ൽ 4.2ശതമാനമായി ഉയർന്നു. 632 ബില്യൺ ഡോളറിന്റെ വളർച്ച, അതായത് ഏകദേശം 62,45,600 കോടി രൂപ. ഇത് കേവലം വിപണിയിലെ കയറ്റിറക്കങ്ങളുടെ ഭാഗമായി സംഭവിച്ചതല്ല, 'ദൈവേച്ഛ'കൊണ്ട് സംഭവിക്കുന്നതുമല്ല. കൃത്യമായ കണക്കുകൂട്ടലുകൾ ഇതിന്റെ പിന്നിലുണ്ട്. മുതലാളിത്ത സാമൂഹ്യക്രമത്തിന്റെ അനിവാര്യ നിയമങ്ങൾമൂലം ദിനംപ്രതി ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെയുള്ള അവശ്യവസ്തുക്കൾക്ക് ആവശ്യം കുറഞ്ഞു വരുമ്പോൾ, പരമാവധി ലാഭം എന്ന ഒരേയൊരു മന്ത്രത്താൽ നയിക്കപ്പെടുന്ന കുത്തക മുതലാളിമാരെയും ബിസിനസ് രംഗത്തെ വമ്പൻ സ്രാവുകളെയും സംബന്ധിച്ചിടത്തോളം യുദ്ധം കച്ചവടത്തിന് ഗുണം ചെയ്യും.

യുദ്ധത്തിൽ ഒളിഞ്ഞോ തെളിഞ്ഞോ ഇടപെട്ടുപോരുന്ന മുതലാളിത്ത, സാമ്രാജ്യത്വ രാജ്യങ്ങളിലെ ഭരണാധികാരികളാണ് യുദ്ധത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഗുണഭോക്താക്കൾ. യുക്രൈൻ യുദ്ധത്തെത്തുടർന്ന് റഷ്യയിലെ ആയുധക്കമ്പനികളുടെ വളർച്ചാനിരക്ക് 2023ൽ 40 ശതമാനമായി. ഗസ യുദ്ധത്തെത്തുടർന്ന് ഇസ്രയേലി ആയുധക്കമ്പനികൾ റിക്കോർഡ് വിൽപ്പനയാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. യുക്രൈൻ യുദ്ധത്തിൽ തുർക്കിയിലെ ആയുധ കമ്പനികളും 24ശതമാനം വരുമാന വർദ്ധനയാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. രണ്ടു ലോകമഹായുദ്ധങ്ങളിലും ആയുധം വിറ്റഴിച്ചതുവഴി യഥാക്രമം ബ്രിട്ടീഷ്, ജർമ്മൻ ആയുധ വ്യാപാരികളായിരുന്ന വിക്കേഴ്സിന്റെയും ക്രുപ്പിന്റെയും ലാഭം എല്ലാ കണക്കുകൂട്ടലുകളെയും കവച്ചുവച്ച് കുതിച്ചുയർന്നത് നാം കണ്ടതാണ്. 1902ലെ പേറ്റന്റ് കരാറിൽ ഒരു വിചിത്രമായ കാര്യമുണ്ടായിരുന്നു. ബ്രിട്ടീഷ് വിക്കേഴ്സ് കമ്പനിയുടെ ഫ്യൂസ് ജർമ്മൻ ക്രുപ്പിന്റെ പീരങ്കികളിൽ ഉപയോഗിക്കുന്നതിന് അനുമതി നൽകി. ഈ ബന്ധം ഒന്നാംലോകമഹായുദ്ധത്തിനപ്പുറം നീണ്ടുനിന്നില്ല. നമ്പർ 80 എന്നറിയപ്പെട്ടിരുന്ന ഫ്യൂസിന്റെ വിൽപ്പനയിലൂടെ മാത്രം വിക്കേഴ്സ് കൊയ്തത് 1,07,64,000 പൗണ്ടാണ്. ക്രുപ്പിന്റെയും ലാഭം ഒട്ടും കുറവായിരുന്നില്ല.

ആയുധക്കച്ചവടരംഗത്ത് അമേരിക്കൻ കമ്പനികൾക്കാണ് ഇപ്പോൾ ആധിപത്യം. ലോക്ഹീഡ് മാർട്ടിൻ, ആർറ്റിഎക്സ്(മുമ്പ് റേതിയോൺ), നോർത്രോപ് ഗ്രുമ്മൻ, ബോയിംഗ്, ജനറൽ ഡൈനാമിക്സ് എന്നീ അമേരിക്കൻ കമ്പനികളാണ് ആഗോളതലത്തിലെ ആദ്യത്തെ അഞ്ചു സ്ഥാനക്കാർ. പെന്റഗണിന്റെ 2024ലെ മിലിട്ടറി ബജറ്റ് 997ബില്യൺ ഡോളറായിരുന്നു. ലോകത്താകെ മിലിട്ടറിക്കുവേണ്ടി ചെലവാക്കിയതിന്റെ 37 ശതമാനമായിരുന്നു അത്. എന്നുമാത്രമല്ല, മുൻവർഷത്തെക്കാൾ 5.7 ശതമാനം വർദ്ധനവും. നമ്മുടെ രാജ്യത്തിന്റെ പ്രതിരോധ വ്യവസായ അടിത്തറ നമ്മുടെ ദേശീയ ശക്തിയുടെ വളരെ സവിശേഷവും നിർണായകവുമായ ഘടകമാണ് എന്നാണ് ഒരു മുതിർന്ന പെന്റഗൺ ഉദ്യോഗസ്ഥൻ കോൺഗ്രഷണൽ കമ്മിറ്റിയിൽ അഭിപ്രായപ്പെട്ടത്. യുദ്ധങ്ങളിലൂടെയോ നിഴൽയുദ്ധങ്ങളിലൂടെയോ ആയുധവ്യവസായത്തിന്റെ നിരന്തരമായ വളർച്ച ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. യുദ്ധം ഇല്ലാതെയാകുക എന്നത് അമേരിക്കൻ സമ്പദ് ഘടനയ്ക്കുനേരെയുള്ള യുദ്ധമായി പരിണമിക്കും.

ഭരണകൂട-ആയുധ വ്യാപാരി സഹവർത്തിത്വം മറ്റ് സാമ്രാജ്യത്വ രാജ്യങ്ങളിലും ഇതുപോലെ ആവർത്തിക്കപ്പെടുന്നു. ബ്രിട്ടനിൽ, ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന മൾട്ടിനാഷണൽ ഡിഫൻസ് എയറോസ്പേസ് സെക്യൂരിറ്റി കമ്പനി ബിഎഇ സിസ്റ്റത്തിന്റെ വാല്യക്കാരനെപ്പോലെയാണ് സർക്കാർ പ്രവർത്തിക്കുന്നത്. കമ്പനിയുടെ ആയുധ വരുമാനം 28.8 ബില്യൺ ഡോളറായി ഉയർന്നു. അതേസമയം 2025 ജൂൺ 30ന് അവസാനിച്ച ആറുമാസത്തെ, നികുതിക്കുമുമ്പുള്ള ലാഭം 2.2ശതമാനം വർദ്ധിച്ച് 1.19ബില്യൺ പൗണ്ടാണ്. മുൻവർഷം 1.1ബില്യൺ ആയിരുന്നു.

മന്ത്രിമാരും മറ്റ് മുതിർന്ന ഉദ്യോഗസ്ഥരും ആയുധലോബിയുമായി നിരന്തരമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നുവെന്ന് വൈറ്റ് ഹാൾ മീറ്റിങ്ങുകൾ(ലണ്ടനിലെ വൈറ്റ് ഹാൾ സ്ട്രീറ്റിൽ നടക്കുന്ന ബ്രിട്ടീഷ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളുടെ യോഗം) വിലയിരുത്തിയാൽ മനസ്സിലാകും. കഴിഞ്ഞ പത്തുവർഷത്തിനിടയിൽ പ്രതിദിനം 1.64 തവണ എന്ന നിരക്കിലാണ് കൂടിക്കാഴ്ച. പ്രതിരോധ മന്ത്രാലയത്തിലെ 40ശതമാനം ഉദ്യോഗസ്ഥരും ആയുധ-സുരക്ഷാ മേഖലയിലേയ്ക്ക് കുടിയേറുന്നു.

ഇത് പലപ്പോഴും ഭരണകുത്തകകളുടെയും കോർപ്പറേറ്റുകളുടെയും താൽപര്യങ്ങൾ വേർതിരിച്ചറിയാൻ കഴിയാത്തതും അഴിമതി നിറഞ്ഞതുമായ നയരൂപീകരണത്തിലേയ്ക്ക് നയിക്കുന്നു. ബിഎഇ സിസ്റ്റവും സൗദിയുമായി നടന്ന ഒരു ഇടപാടിനെക്കുറിച്ച് സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ അന്വേഷണം റദ്ദാക്കിയ നടപടി ഇതിന് ഉത്തമഉദാഹരണമാണ്. ആയുധ വിൽപ്പനയെ സംബന്ധിച്ച് തെറ്റിദ്ധാരണാജനകമായ പ്രസ്താവന നടത്തിയതിനും തെറ്റായ കണക്കുകൾ നൽകിയതിനും 2010ൽ ബിഎഇ സിസ്റ്റത്തിനെതിരെ അമേരിക്കൻ കോടതി കുറ്റം ചുമത്തി. എന്നാൽ സൗദി, ബ്രിട്ടീഷ് സർക്കാരുകളുടെ സമ്മർദ്ദത്തെത്തുടർന്ന് അന്വേഷണം നിർത്തിവയ്ക്കേണ്ടിവന്നു. ചുരുക്കിപ്പറഞ്ഞാൽ ആയുധ കച്ചവടം അഴിമതി മുക്തമല്ല. മുതലാളിത്ത സാമ്രാജ്യത്വ ഭരണകൂടങ്ങളുടെയും കൂട്ടാളികളുടെയും യഥേഷ്ടമായ പിന്തുണയോടെയാണ് ഇത് നടത്തപ്പെടുന്നത്. ബോഫോഴ്സ്, ശവപ്പെട്ടി, റാഫേൽ തുടങ്ങിയ അഴിമതി നിറഞ്ഞ പ്രതിരോധ ഇടപാടുകളിൽ ഇന്ത്യാഗവൺമെന്റ് പങ്കാളിയാണ്.

## ഏഷ്യയിലെ ആയുധ സമ്പദ്വ്യവസ്ഥയുടെ പുതിയ അതിരുകൾ

പ്രതിവിപ്ലവാനന്തരം സാമ്രാജ്യത്വ രാജ്യമായി പരിണമിച്ച ചൈന ആയുധവ്യാപാരത്തിൽ അമേരിക്കയുടെ തൊട്ടുപിന്നിൽ രണ്ടാം സ്ഥാനത്താണ്. സർക്കാർ നിയന്ത്രിതമായ ഒരു പൊതു-സ്വകാര്യ പങ്കാളിത്തത്തിന്റെ മാതൃകയായാണ് അത് പ്രവർത്തിക്കുന്നത്. നോറിൻകോ ഗ്രൂപ്പ്, ഏവിയേഷൻ ഇൻഡസ്ട്രി കോർപ്പറേഷൻ ഓഫ് ചൈന(എവിഐസി), ചൈന സ്റ്റേറ്റ് ഷിപ്പ് ബിൽഡിംഗ് കോർപ്പറേഷൻ (സിഎസ്എസ്സി) തുടങ്ങിയ ആയുധകമ്പനികളെല്ലാം സർക്കാർ ഉടമസ്ഥതയിലുള്ള സംരംഭങ്ങളാണ്. ചെറിയ ചില കമ്പനികൾ പ്രതിരോധാവശ്യങ്ങൾക്കുള്ള ചെറിയ ഘടകങ്ങളുടെ ഉൽപ്പാദനത്തിലും ഏർപ്പെട്ടിരിക്കുന്നു.

മറ്റൊരു സാമ്രാജ്യത്വ രാജ്യമായ ഇന്ത്യയും ഈരംഗത്ത് ഒരു ശക്തികേന്ദ്രമായി ഉയർന്നുവരുന്നു. ഇന്ത്യയുടെ പ്രതിരോധ ബജറ്റ് 74 ബില്യൺ ഡോളറിലധികമായി. ടാറ്റാ അഡ്വാൻസ്ഡ് സിസ്റ്റംസ് ലിമിറ്റഡ്(റ്റിഎഎസ്എൽ), ലാർസൺ ആന്റ് ടൂബ്രോ(എൽആന്റ്റ്റി), മഹീന്ദ്ര ഡിഫൻസ് സിസ്റ്റം, ഭാരത് ഫോർജ്(കല്യാണി ഗ്രൂപ്പ്), പാരസ് ഡിഫൻസ് ആന്റ് സ്പേസ് ടെക്നോളജീസ് എന്നിവയാണ് മുൻനിര ഇന്ത്യൻ ആയുധ കമ്പനികൾ. അവയിൽ ചിലതിന് യുഎസ് പ്രതിരോധ ഭീമന്മാരായ ലോക്ഹീഡ് മാർട്ടിൻ, ഷീൽഡ് എഐ, ജനറൽ ആറ്റോമിക്സ്, ബോയിംഗ്, സൈക്കഡിയോ, എംഎ ജനറൽ എന്നിവയുമായി സംയുക്ത സംരംഭങ്ങളുണ്ട്. തദ്ദേശീയമായ ആയുധ നിർമ്മാണത്തിലും ആയുധ കയറ്റുമതിയിലും ഭരണകൂടം കാണിക്കുന്ന ഔത്സുക്യംമൂലം ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡ്(എച്ച്എഎൽ), ഭാരത് ഇലക്ട്രോണിക്സ് (ബിഇഎൽ) തുടങ്ങിയ സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികളും വളർച്ചയുടെ പാതയിലാണ്.

ആർട്ടിഫിഷ്യൽഇന്റലിജൻസ്,സൈബർ യുദ്ധരംഗം എന്നീ മേഖലകളിലെ നവീകരണം പ്രോത്സാഹിപ്പിക്കുന്ന ഐഡിഇഎക്സ് പദ്ധതി സ്വകാര്യ പ്രതിരോധ മേഖലയെ പുതിയൊരു സാങ്കേതിക യുഗത്തിലേയ്ക്കുയർത്തുമെന്ന് ഇന്ത്യയുടെ പ്രതിരോധ മന്ത്രാലയത്തിലെ ഉദ്യോഗസ്ഥൻ സമീപകാലത്ത് വീമ്പുപറയുകയുണ്ടായി. നവീകരണമെന്നും പരമാധികാരമെന്നുമാണ് പറയുന്നതെങ്കിലും യുദ്ധത്തിലൂടെയുള്ള സാമ്പത്തികകുതിപ്പാണ് യഥാർത്ഥ ഉള്ളടക്കം. ആഗോള ആയുധ ഭീമന്മാരുടെ തലപ്പത്തിരിക്കുന്ന ഉദ്യോഗസ്ഥർ കോർപ്പറേറ്റ് തന്ത്രമെന്ന നിലയിൽ രക്തരഹിതമായ ഭാഷയിലാണ് സംസാരിക്കുന്നത്. ലോക്ഹീഡ് മാർട്ടിന്റെ വക്താവിന്റെ അഭിപ്രായത്തിൽ വർദ്ധിക്കുന്ന ഭീഷണമായ സാഹചര്യങ്ങളുടെ വർദ്ധനവ് പ്രതിരോധത്തിലൂന്നിയ ധനകാര്യക്രമീകരണത്തിന്റെ ആവശ്യകത വർദ്ധിപ്പിക്കുന്നു. ആഗോളതലത്തിൽ പിരിമുറുക്കങ്ങൾ വർദ്ധിക്കുന്നതിനാൽ ബഹിരാകാശ മിസൈൽ ഉൽപ്പന്നങ്ങളുടെ വളർച്ച അനിവാര്യമാണെന്ന് ആർടിഎക്സ് പ്രസ്താവന വിരൽ ചൂണ്ടുന്നു. ഭീഷണമായ പരിതസ്ഥിതി എന്നാൽ യുദ്ധപ്രവണതയെന്നും ആവശ്യകത എന്നാൽ വംശഹത്യയും കൂട്ടക്കൊലയുമെന്നുമാണ് യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്നത്. മാരകായുധങ്ങളുടെ വ്യാപാരത്തിലേർപ്പെട്ടിരിക്കുന്ന യുദ്ധക്കൊതിയന്മാർ വാക്കുകൾ പൊതിഞ്ഞ് ഉപയോഗിക്കുന്നുവെന്നുമാത്രം.

ഇത് ആസൂത്രിതമായ കുറ്റകൃത്യമാണ്, അങ്ങേയറ്റം അധാർമ്മികമാണ്. യുദ്ധാവശ്യങ്ങൾക്കായി ആഗോളതലത്തിൽ ചെലവഴിക്കുന്ന തുകയുടെ 3ശതമാനമുണ്ടെങ്കിൽ ലോകംമുഴുവനുമുള്ള കുഞ്ഞുങ്ങൾക്ക് പ്രൈമറി, സെക്കണ്ടറിതല വിദ്യാഭ്യാസം നൽകാം എന്നത് യുണൈറ്റഡ് നേഷൻസിന്റെ കണക്കാണ്. ഒരു എഫ്-35 യുദ്ധവിമാനത്തിന്റെ വിലയായ 80മില്യൺ ഡോളർ 2,00,000 കുഞ്ഞുങ്ങളുടെ ഒരു വർഷത്തെ വിദ്യാഭ്യാസത്തിന് ആവശ്യമായി വരുന്ന തുകയ്ക്ക് തുല്യമാണ്. 26 യുദ്ധവിമാനങ്ങൾക്കുവേണ്ടി ഫ്രാൻസിലെ റാഫേൽ കമ്പനിയുമായി ഇന്ത്യാഗവൺമെന്റ് ഉണ്ടാക്കിയ കരാറനുസരിച്ച് ചെലവ് 63,000 കോടിരൂപയാണെങ്കിൽ, ഗ്രാമീണ തൊഴിലുറപ്പ പദ്ധതി പ്രകാരം രാജ്യത്തെ പാവങ്ങൾക്ക് നൽകേണ്ടത് 86,000കോടി രൂപ മാത്രമാണ്. പ്രതിരോധ കരാറുകളുടെ പിൻബലത്തിൽ രാഷ്ട്രീയാധികാരം ഉറപ്പിച്ചെടുക്കുകയും ആയുധകയറ്റുമതിയിൽ ദേശീയ അന്തസ്സ് അളക്കുകയും ചെയ്യുന്ന ഒരു വ്യവസ്ഥിതിയിൽ ഈ കണക്കുകൾക്കൊന്നും സ്ഥാനമില്ലതന്നെ. ഈ സംഘർഷങ്ങൾ നിയന്ത്രിക്കാൻ ബാധ്യതപ്പെട്ടിരിക്കുന്ന യുണൈറ്റഡ് നേഷൻസിന്റെ സെക്യൂരിറ്റി കൗൺസിൽ ലോകത്തെ മുൻനിര ആയുധവ്യാപാരികളായ അതിന്റെ സ്ഥിരാംഗങ്ങൾ ഉയർത്തുന്ന വീറ്റോ പവറിനുമുന്നിൽ മുട്ടുമടക്കുകയാണ്. യുഎന്നിന്റെ നയതന്ത്ര തന്ത്രങ്ങളുടെ ഊന്നൽ പലപ്പോഴും സമാധാനത്തിനല്ല, മറിച്ച് വാണിജ്യബന്ധങ്ങൾ ഉലയാതെ കാക്കുന്നതിനാണ്.

ഈ ആയുധഭ്രാന്തിന് കാരണമെന്താ

(ശേഷം 9-ാം പേജിൽ)

# പ്രധാനമന്ത്രി മോദിയുടെ കർഷക പ്രേമം..!

പ്രസിഡന്റ് ട്രംപും അമേരിക്കൻ ബഹുരാഷ്ട്ര കമ്പനികളും ഇന്ത്യയുടെ കാർഷിക മേഖലയിലേക്ക് കടന്നുകയറാൻ ശ്രമിക്കുകയാണെന്നും പക്ഷേ, ട്രംപിന്റെ സമ്മർദ്ദത്തിന് വഴങ്ങില്ലെന്നും ഉഭയകക്ഷി വ്യാപാര കരാറിൽ ഒപ്പിടില്ലെന്നും പ്രധാനമന്ത്രി മോദി പ്രഖ്യാപിച്ചു. അത് ഇന്ത്യയിലെ കർഷകർക്ക് ഒരു ദുരന്തമായിരിക്കും. അതിനാൽ, അത്തരമൊരു ദുരന്തം സംഭവിക്കാൻ താൻ അനുവദിക്കില്ലെന്ന് അദ്ദേഹം പറയുന്നു. അദ്ദേഹത്തിന്റെ ഈ പ്രഖ്യാപനം വെളിച്ചത്തുവന്നതോടെ, 'ഗോദി മീഡിയ' എന്ന് വിളിപ്പേരുള്ള മുഖ്യധാര കുത്തക നിയന്ത്രിത മാധ്യമങ്ങൾക്ക് ഹരം കയറി. രാജ്യമെമ്പാടുമുള്ള ഹിന്ദുത്വ പ്രവർത്തകരുടെ ആഹ്ലാദനൃത്തം അവർ വിളംബരം ചെയ്തു. അവർ അഭിമാനത്തോടെ പറയുകയാണ്, "നോക്കൂ, മോദിജി എത്ര ധീരനാണ്! പറ്റില്ല എന്ന് ട്രംപിനോട് പറയാനുള്ള ധൈര്യം അദ്ദേഹത്തിനുണ്ട്! ഇതാണ് യഥാർത്ഥ ദേശസ്നേഹം! ഇത് കാരണം, 8 കോടി ക്ഷീര കർഷകർ രക്ഷിക്കപ്പെട്ടു. ബലെ ഭേഷ് മോദിജി!"

ഇത്രയേറെ പ്രചാരണങ്ങളും 'ഗോദി മീഡിയ'യുടെ കോലാഹലങ്ങളുമുണ്ടായെങ്കിലും ചോദ്യങ്ങൾ അവശേഷിക്കുകയാണ്. ഈ ചോദ്യങ്ങളെ അപവാദപ്രചാരണങ്ങളായി കാവിപ്പടയുടെ വക്താക്കൾക്ക് തള്ളിക്കളയാനാവില്ല. കാരണം ഈ ചോദ്യങ്ങൾക്ക് ശക്തമായ അടിത്തറയുണ്ട്. പ്രധാനമന്ത്രി മോദിയും അദ്ദേഹത്തിന്റെ സർക്കാരും അധികാരത്തിൽ വന്ന നാൾ മുതൽ രാജ്യത്തെ കാർഷിക മേഖലയിലേക്ക് ആഭ്യന്തര, വിദേശ കുത്തക മൂലധനത്തിന്റെ പ്രവാഹത്തിന് വഴി തുറന്നുകൊടുത്തു തുടങ്ങി എന്നതാണ് ആദ്യത്തെ കാര്യം. ഇത് അവരുടെ മുൻഗാമികളായ കോൺഗ്രസ് സർക്കാർ ചെയ്തതിന്റെ കൃത്യമായ തുടർച്ചയാണ്. വളം, വിത്ത്, കീടനാശിനികൾ തുടങ്ങിയവയുടെ ഉത്പാദനവും വിപണനവും മൊൺസാന്റോ, കോർടേവ അഗ്രിസയൻസ്, എഫ്എംസി കോർപ്പറേഷൻ, ഗോവൻ കമ്പനി തുടങ്ങിയ അമേരിക്കൻ ബഹുരാഷ്ട്ര ഭീമൻ കുത്തകകൾക്ക് ഇതിനകം അവർ കൈമാറിക്കഴിഞ്ഞു.

വനഭൂമിയും ജലസ്രോതസ്സുകളും പോലും അവർക്കായി കൊടുത്തിട്ടുണ്ട്. അത് മാത്രമല്ല, കാർഷികോൽപ്പന്നങ്ങളുടെ സംഭരണം മുതൽ വിതരണവും വിൽപ്പനയും വരെയുള്ള എല്ലാ മാർക്കറ്റിംഗ് സംവിധാനവും നിയന്ത്രിക്കാൻ ഈ കാർഷിക ഭീമന്മാർക്ക് അനുമതി നൽകിയിരിക്കുകയാണ്. കഴിഞ്ഞ ജൂലൈയിൽ, പ്രധാനമന്ത്രി മോദി സാമ്രാജ്യത്വ ബ്രിട്ടനുമായി ഒരു 'ഇന്ത്യ-യുകെ സമഗ്ര സാമ്പത്തിക-വ്യാപാര കരാറിൽ (CETA)' ഒപ്പുവെച്ചു. ഈ കരാർ പ്രകാരം, ഇന്ത്യ അതിന്റെ 90% താരിഫ് ഇനങ്ങളിലെ നികുതികൾ നീക്കം ചെയ്യുകയോ കുറയ്ക്കുകയോ ചെയ്യാൻ സമ്മതിച്ചു. ഇത് യുകെയുടെ ഇന്ത്യയിലേക്കുള്ള കയറ്റുമതിയുടെ 92% ഉൾക്കൊള്ളുന്നതാണ്. അതിന്റെ ഫലമായി, ബ്രിട്ടീഷ് കാർഷികോൽപ്പന്നങ്ങൾ കൊണ്ടിറക്കാവുന്ന ഒരു വലിയ കേന്ദ്രമായി ഇന്ത്യ മാറും.

പ്രധാനമന്ത്രി മോദിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ മൂന്ന് കർഷക വിരുദ്ധ കരിനിയമങ്ങൾ എങ്ങനെയാണ് ആവിഷ്കരിച്ചതെന്ന് ഏവർക്കുമറിയാം. അത് കർഷകരുടെ താൽപ്പര്യങ്ങൾക്ക് തികച്ചും ദോഷകരവും പ്രകടമായും കുത്തകകൾക്കും ബഹുരാഷ്ട്ര കമ്പനികൾക്കും അനുകൂലവുമായിരുന്നു. ഈ കരിനിയമങ്ങളെ ചെറുക്കാൻ ദശലക്ഷക്കണക്കിന് കർഷകർ ഒരു വർഷത്തിലധികം ഡൽഹി അതിർത്തിയിൽ പോരാടി, ആയിരത്തോളം പേർ ജീവൻ ബലികഴിച്ചു. ഒടുവിൽ, അത്തരത്തിലുള്ള ശക്തമായ പ്രസ്ഥാനത്തിന്റെ സമ്മർദ്ദത്തിന് വഴങ്ങി, പ്രധാനമന്ത്രി മോദിക്കും അദ്ദേഹത്തിന്റെ സർക്കാരിനും അവ പിൻവലിക്കേണ്ടി വന്നു.

എന്നാൽ, ആ നിയമനിർമ്മാണങ്ങൾ പിൻവാതിലിലൂടെ കൊണ്ടുവരാൻ ശ്രമങ്ങൾ നടക്കുന്നു. എന്നിട്ടും കർഷകരുടെ താൽപ്പര്യം പ്രധാനമന്ത്രി മോദി സംരക്ഷിക്കുമെന്ന് നമ്മൾ വിശ്വസിക്കണം! അങ്ങേയറ്റം അസംബന്ധം! ദരിദ്രരായ കർഷകരോട് പ്രധാനമന്ത്രി മോദിക്ക് തരിമ്പെങ്കിലും സഹതാപമുണ്ടായിരുന്നെങ്കിൽ, കർഷകർക്ക് അവരുടെ വിളകൾക്ക് ആദായകരമായ വില ലഭിക്കുന്നതിനായി, C2+50% ഫോർമുല അടിസ്ഥാനമാക്കി കാർഷികോൽപ്പന്നങ്ങളുടെ മിനിമം താങ്ങുവില (MSP) നിയമപരമായി ഉറപ്പുനൽകിയേനെ. കർഷകരുടെ എല്ലാ കാർഷിക വായ്പകളും എഴുതിത്തള്ളാനും കർഷക തൊഴിലാളികൾക്ക് വർഷം മുഴുവനും ജോലി ഏർപ്പാടാക്കാനും കഴിയേണ്ടതായിരുന്നു.

ഇതിനെക്കുറിച്ചൊന്നും പ്രധാനമന്ത്രി മോദിയോ അദ്ദേഹത്തിന്റെ സർക്കാരോ ചിന്തിക്കുന്നു പോലുമില്ല. പകരം, ഈ ഭരണത്തിൻ കീഴിൽ, കർഷകർക്ക് വീടും, വിളവും, ഭൂമിയും ഉൾപ്പെടെ എല്ലാം നഷ്ടപ്പെടുകയും ആത്മഹത്യ ചെയ്യാൻ നിർബന്ധിതരാവുകയും ചെയ്യുകയാണ്. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഇന്ത്യയുടെ കാർഷിക മേഖലയിൽ 1,12,000ത്തിലധികം ആത്മഹത്യകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

അതുകൊണ്ടുതന്നെ മോദിജിക്ക് കർഷകരുടെ ക്ഷേമത്തിൽ ഒട്ടും ആശങ്കയില്ലെന്ന് വ്യക്തമാണ്. മറിച്ച്, അദ്ദേഹം അതിന് വിപരീത ദിശയിലാണ് സഞ്ചരിക്കുന്നതെന്ന് കാണാം. ഇതാണ് അദ്ദേഹത്തിന്റെ ദുർഭരണത്തിൽ കർഷകർക്കുണ്ടായ കയ്പേറിയ അനുഭവം. അതിനാൽ, കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുമെന്നുള്ള സംസാരം ഒരു തട്ടിപ്പാണ്. പിന്നെ ട്രംപിനെതിരായ മുറവിളിക്ക് കാരണമെന്താണ്? നമുക്ക് ആ വിഷയത്തിലേക്ക് വരാം.

യുക്രൈനുമായുള്ള യുദ്ധത്തെ തുടർന്ന് യൂറോപ്യൻ രാജ്യങ്ങളിലേക്കുള്ള റഷ്യയുടെ എണ്ണ കയറ്റുമതി കുറയാൻ തുടങ്ങി. അതിന്റെ ഫലമായി, എണ്ണ വിൽക്കുന്നതിനായി റഷ്യ പുതിയ ഉപഭോക്താക്കളെ തേടിത്തുടങ്ങി. പുതിയ ഉപഭോക്താക്കളെ ആകർഷിക്കുന്നതിനായി, അവർ അന്താരാഷ്ട്ര മാർക്കറ്റിലെ അസംസ്കൃത എണ്ണ വിലയെക്കാൾ കുറഞ്ഞ വിലക്ക് എണ്ണ നൽകി. ഒരു ബാരലിന് 5 മുതൽ 30 ഡോളർ വരെ അങ്ങനെ കുറച്ചു നൽകി. ചൈന, ഇന്ത്യ, തുർക്കി എന്നീ രാജ്യങ്ങൾ ഈ അവസരം മുതലെടുത്തു.

ഇന്ത്യ എന്നാൽ ഇന്ത്യൻ ഗവൺമെന്റ് മാത്രമല്ല, ഇന്ത്യൻ ബഹുരാഷ്ട്ര കോർപ്പറേഷനുകൾ കൂടിയാണ്—പ്രത്യേകിച്ച് ഇക്കാര്യത്തിൽ അംബാനിയുടെ റിലയൻസ് മൊബിലിറ്റി. ഇത് റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡും(RIL) ഒരു ബ്രിട്ടീഷ് ബഹുരാഷ്ട്ര എണ്ണ-വാതക കമ്പനിയായ ബിപിയും തമ്മിലുള്ള ഒരു സംയുക്ത സംരംഭമാണ്. ജിയോ-ബിപി ബ്രാൻഡിന് കീഴിലുള്ള ഈ കമ്പനി റഷ്യയിൽനിന്ന് കുറഞ്ഞ വിലയ്ക്ക് അസംസ്കൃത എണ്ണ ഇറക്കുമതി ചെയ്യുകയും, തങ്ങളുടെ ഇന്ത്യൻ റിഫൈനറികളിൽവെച്ച് അത് ശുദ്ധീകരിക്കുകയും, പിന്നീട് യൂറോപ്യൻ, അമേരിക്കൻ വിപണികളിൽ ഉയർന്ന വിലയ്ക്ക് വിൽക്കുകയും ചെയ്യുന്നു. റഷ്യയിൽ നിന്ന് ഇറക്കുമതി ചെയ്ത എണ്ണ കഴിഞ്ഞ വർഷം ഗുജറാത്തിലെ ജാംനഗർ റിലയൻസ് റിഫൈനറിയിൽ വെച്ച് ശുദ്ധീകരിക്കുകയും ഏകദേശം 2 ബില്യൺ ഡോളറിന് അമേരിക്കയ്ക്ക് വിൽക്കുകയും ചെയ്തു. ഈ പ്രക്രിയയിലൂടെ അംബാനിയുടെ സംയുക്ത സംരംഭം കഴിഞ്ഞ വർഷം 6,850 കോടി രൂപയുടെ ലാഭമുണ്ടാക്കി. *(ദി ഹിന്ദു, 18-03-25)* അങ്ങനെയെങ്കിൽ, റഷ്യയിൽ നിന്നുള്ള എണ്ണ ഇറക്കുമതി നിർത്തിയാൽ ആർക്കായിരിക്കും നഷ്ടം സംഭവിക്കുക? പ്രധാനമന്ത്രി മോദിയുമായി അടുപ്പമുള്ള അംബാനിമാർക്കായിരിക്കും നഷ്ടം. അതിനാൽ ഈ ഏർപ്പാട് വേണ്ടെന്നുവെക്കാൻ മോദിജിക്ക് കഴിയുമോ?

സന്ദർഭവശാൽ ഒരു കാര്യം കൂടി പറയേണ്ടതുണ്ട്. 2022 മുതൽ തന്നെ റഷ്യയിൽ നിന്നുള്ള വില കുറഞ്ഞ എണ്ണയുടെ ഇറക്കുമതി ആരംഭിച്ചിരുന്നു. എന്നാൽ രാജ്യത്തെ പെട്രോളിന്റെയും ഡീസലിന്റെയും വില കുറഞ്ഞോ? ഇല്ല, അത് കുറഞ്ഞില്ല. എന്നു മാത്രമല്ല, അത് പല മടങ്ങായി വർദ്ധിക്കുകയും ചെയ്തു. അതുകൊണ്ട്, റഷ്യയിൽ നിന്നുള്ള വില കുറഞ്ഞ എണ്ണയുടെ ഇറക്കുമതിക്ക് നമ്മുടെ രാജ്യത്തെ കർഷകർ ഉൾപ്പെടെയുള്ള ജനങ്ങളുടെ താൽപ്പര്യങ്ങളുമായി യാതൊരു ബന്ധവുമില്ലെന്ന് വ്യക്തമാണ്. പെരുകുന്ന ലാഭത്തിന്റെ എല്ലാ നേട്ടങ്ങളും അംബാനിയും മറ്റ് വൻകിട എണ്ണക്കമ്പനികളുമാണ് കൈയടക്കുന്നത്. അതിനാൽ, റഷ്യൻ എണ്ണയുടെ ഇറക്കുമതി നിലച്ചാൽ, അത് കർഷകരെയല്ല, മറിച്ച് അംബാനിയെപ്പോലുള്ള ഇന്ത്യൻ ബഹുരാഷ്ട്ര കോർപ്പറേഷനുകളെയും എണ്ണ വിപണന കമ്പനികളെയുമായിരിക്കും ബാധിക്കുക. പ്രധാനമന്ത്രി മോദിക്ക് ഇത് സ്വപ്നത്തിൽ പോലും അനുവദിക്കാൻ കഴിയുമോ? അതിനാൽ, ഈ വിഷയത്തിലുള്ള കോലാഹലം കർഷകർക്കുവേണ്ടിയുള്ളതല്ല. ട്രംപ് വിരുദ്ധ ജിഹാദ് എന്ന തരത്തിലുള്ള തട്ടുപൊളിപ്പൻ പ്രകടനങ്ങളെല്ലാം കുത്തക ഭീമന്മാരുടെ താൽപ്പര്യത്തിന് വേണ്ടി മാത്രമുള്ളതാണ്.

വാസ്തവത്തിൽ, ട്രംപ് ലോകമെമ്പാടും കച്ചവടയുദ്ധം നടത്തുകയാണ്. പ്രതിസന്ധിയിലായ അമേരിക്കൻ ബഹുരാഷ്ട്ര കുത്തകകളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഉയർന്ന താരിഫുകൾ ചുമത്തുന്നു. അതുപോലെ, പ്രതിസന്ധിഗ്രസ്തമായ, ഭരണവർഗ്ഗമായ ഇന്ത്യൻ കുത്തകകളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ മോദിയും എല്ലാ വാതിലും മുട്ടുന്നു. കൊള്ളയടിക്കാനായി അന്തർദ്ദേശീയ കമ്പോളം പങ്കിട്ടെടുക്കുന്ന സാമ്രാജ്യത്വശക്തികളുടെ വിളയാട്ടമാണിത്. കവർച്ചസംഘങ്ങൾ തമ്മിലുള്ള ഒരു കൈയാങ്കളി മാത്രം. ഈ വാൾപ്പയറ്റിന് നമ്മുടെ രാജ്യത്തെ കർഷകരുടെ താൽപ്പര്യങ്ങളുമായി എന്തെങ്കിലും ബന്ധമുണ്ടോ? ഇല്ല തന്നെ. ■

*(8-ാം പേജിൽ നിന്ന്)*

ണ്? എന്തുകൊണ്ടാണ് സാമ്രാജ്യത്വശക്തികൾക്ക് ഇത്ര യുദ്ധാവേശം? ജനങ്ങൾ യുദ്ധഭീതിയിലുഴലുമ്പോഴും ബന്ധുജനങ്ങളുടെ നാശത്തിൽ വേദനിക്കുമ്പോഴും പട്ടിണിയും ദാരിദ്ര്യവും തൊഴിലില്ലായ്മയും ജനങ്ങളെ വട്ടം ചുറ്റിക്കുമ്പോഴും, വിദ്യാഭ്യാസ, ആരോഗ്യ അവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോഴും എന്തുകൊണ്ടാണ് സാമ്രാജ്യത്വശക്തികളുടെ കണ്ണ് ആയുധവ്യാപാരത്തിലൂടെ പെരുകുന്ന ലാഭത്തിൽമാത്രം കുടുങ്ങിയിരിക്കുന്നത്? പോയ യുദ്ധങ്ങളിലൂടെ മനുഷ്യവിനാശമടക്കം യുദ്ധക്കെടുതികളുടെ പാരമ്യം കണ്ടിട്ടും സമാധാനത്തിനുവേണ്ടി പണം ചെലവഴിക്കുന്നതിൽ വിമുഖതയുടെ കാരണമെന്താണ്? എല്ലാ മുതലാളിത്ത രാജ്യങ്ങൾക്കും - വികസിതമോ അവികസിതമോ ആകട്ടെ, സമ്പദ്ഘടനയെ സൈനികവത്ക്കരിച്ചുകൊണ്ടുമാത്രമേ പിടിച്ചുനിൽക്കാനാകൂ എന്ന നഗ്നയാഥാർത്ഥ്യമാണ് ഇതിന്റെ ഒരേയൊരു കാരണമെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാപക ജനറൽ സെക്രട്ടറി സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാണിച്ചു. "സമ്പദ്ഘടനയെ സൈനികവത്ക്കരിച്ചുകൊണ്ടും യുദ്ധസജ്ജീകരണങ്ങൾ ഇടതടവില്ലാതെ നടത്തിക്കൊണ്ടും പ്രതിസന്ധി മറികടക്കാനാണ് സാമ്രാജ്യത്വശക്തികൾ പരിശ്രമിക്കുന്നത്. പ്രതിസന്ധിമൂലം മാന്ദ്യത്തിലാകുന്ന കമ്പോളം കൃത്രിമമായി ഉത്തേജിപ്പിക്കേണ്ടിയിരിക്കുന്നു. ജനങ്ങളുടെ നികുതിപ്പണമുപയോഗിച്ച് ആയുധങ്ങൾവാങ്ങുന്ന ഉപഭോക്താവായി സർക്കാർതന്നെ ആയുധകമ്പോളത്തിൽ പ്രത്യക്ഷപ്പെടുന്നു എന്നാണിതിനർത്ഥം. അവ എന്തിന് ഉപയോഗിക്കും? ആയതിനാൽ സൈനിക ശേഷി വർദ്ധിപ്പിക്കുക, അവിടെയും ഇവിടെയും യുദ്ധമാരംഭിക്കുക എന്നതാണ് സർക്കാർ ചെയ്യുന്നത്. യുദ്ധസാമഗ്രികൾ നിർമ്മിച്ചുകൊണ്ടേയിരിക്കും, സൈനിക ശേഷി വർദ്ധിപ്പിച്ചുകൊണ്ടേയിരിക്കും, പ്രതിരോധ വ്യവസായങ്ങൾ കെട്ടിയുയർത്തും. സമ്പദ്ഘടന ഇത്തരത്തിൽ സൈനികവത്ക്കരിക്കുന്നതിലൂടെ ഉൽപ്പാദനം സൈനിക ആവശ്യങ്ങളെ മുൻനിർത്തിയുള്ളതാകുമ്പോൾ വ്യവസായങ്ങളും സൈനികവത്ക്കരിക്കപ്പെടുന്നു. ഈ സൈനികവത്ക്കരണം മുതലാളിത്ത വൈരുദ്ധ്യങ്ങൾ മൂർച്ഛിപ്പിക്കും, പ്രതിസന്ധി കൂടുതൽ രൂക്ഷമാകും. പ്രതിസന്ധി രൂക്ഷമാകുന്നതിനനുസരിച്ച് സമ്പദ്ഘടന കൂടുതൽ സൈനികവത്ക്കരിക്കപ്പെടും. ഇതിങ്ങനെ ഒരു ദൂഷിതവലയമായി തുടരും. അന്തമില്ലാത്ത ആയുധ മത്സരത്തിലേക്ക് നയിക്കും." *(Selected Works, Vol 2, Page 45-46, Vol 4, Page 563-64)*

സമ്പദ്ഘടന കൂടുതൽ കൂടുതൽ സൈനികവത്ക്കരിക്കുകയെന്നാൽ ആയുധങ്ങൾ കുന്നുകൂട്ടുക എന്നാണർത്ഥം. കുന്നുകൂട്ടുന്ന ആയുധങ്ങൾ ചെലവഴിക്കണമെങ്കിൽ സാമ്രാജ്യത്വശക്തികൾക്ക് യുദ്ധം കൂടിയേ തീരൂ. യുദ്ധങ്ങൾ വർദ്ധിക്കുന്നതിനനുസരിച്ച് ആയുധങ്ങൾക്കുള്ള ഡിമാന്റ് വർദ്ധിക്കും, അത് പ്രതിരോധ വ്യവസായത്തിന് വളമാകും. യുദ്ധം ആദായകരമായ പ്രവൃത്തിയാക്കുന്ന സാമ്പത്തിക പ്രേരണകളും രാഷ്ട്രീയ സംവിധാനങ്ങളും ഒരു ഫോറൻസിക് പരിശോധനയ്ക്ക് വിധേയമാക്കിയാൽ ഇക്കാര്യങ്ങളാണ് വെളിപ്പെടുക. ■

# ബംഗാളി മുസ്ലീങ്ങളെ ദ്രോഹിക്കുന്നത് ജനങ്ങളെ ഭിന്നിപ്പിക്കാനുള്ള ബൂർഷ്വാ ഗൂഢാലോചനയുടെ ഭാഗം

**ഐകമത്യം മഹാബലം എന്നത് മർദ്ദിത ജനവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം അന്വർത്ഥമായ പഴമൊഴിയാണ്. മനുഷ്യൻ മനുഷ്യനെ ചൂഷണംചെയ്യുന്ന നമ്മുടേതുപോലൊരു വർഗ്ഗവിഭജിത സമൂഹത്തിൽ ഇതിന് സവിശേഷ പ്രാധാന്യമുണ്ട്. ഒരുപിടിവരുന്ന മുതലാളിമാർ ഉൽപാദനോപാധികളുടെ ഉടമസ്ഥരായിക്കൊണ്ട് സമ്പദ്ഘടനയെയും അതുവഴി രാഷ്ട്രീയ–സാമൂഹ്യ–സാംസ്കാരിക മണ്ഡലങ്ങളെയൊന്നാകെയും നിയന്ത്രിക്കുന്നു. തങ്ങൾക്കെതിരെയുള്ള അമർഷം ഒരു ബഹുജനപ്രക്ഷോഭമായി വളരാതിരിക്കാൻ ജനങ്ങൾക്കിടയിലുള്ള ഐക്യം തകർക്കാൻ അവർ സദാശ്രമിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങളെ മതത്തിന്റെയും ജാതിയുടെയുംപേരിൽ ഭിന്നിപ്പിച്ച്, തമ്മിലടിപ്പിച്ച് പഞ്ചതന്ത്രം കഥയിലെ കുറുക്കനെപ്പോലെ രക്തം നുണയുകയാണിവർ.**

ഇന്ന് ആർഎസ്എസ് ഉൾപ്പെടെയുള്ള ഹിന്ദുത്വവാദികൾ പ്രതിനിധാനം ചെയ്യുന്ന ഹിന്ദുത്വത്തിന്റെ മുഖ്യഊന്നൽ മുസ്ലീങ്ങൾക്കെതിരായുള്ള വെറുപ്പാണ്. മാത്രവുമല്ല, മനുസ്മൃതി അനുശാസിക്കുന്ന ബ്രാഹ്മണമേധാവിത്വത്തിന്റെപ്രയോക്താക്കളാണ് ഈ ഹിന്ദുത്വവാദികൾ. ജാതി ശ്രേണിയിൽ താഴെക്കിടയിലുള്ളവരും സ്ത്രീകളും തങ്ങളെക്കാൾ താഴ്ന്നവരാണെന്ന് ഇക്കൂട്ടർ കരുതുന്നു.ഈബ്രാഹ്മണമേധാവിത്വത്തിന്റെ പ്രത്യയശാസ്ത്രമാണ് മനുസ്മൃതിയിലൂടെ പുറത്തുവരുന്നത്.

മുസ്ലീംവിരോധത്തിന്റെ യഥാർത്ഥ ജനയിതാവ് 20–ാം നൂറ്റാണ്ടിലെ ഹിന്ദു മഹസഭാനേതാവായിരുന്ന വി.ഡി.സവർക്കറാണ്. പുതിയ രാഷ്ട്രീയ, സാമൂഹ്യ സാഹചര്യത്തിൽ തങ്ങളുടെ വംശീയ ശുദ്ധിയുടെയും ജാത്യാഭിമാനത്തിന്റെയും സിദ്ധാന്തങ്ങൾ മാറ്റിവച്ച് എല്ലാ ജാതിയിലുംപെട്ട ഹിന്ദുക്കൾ ഒരൊറ്റമതമാണെന്ന സിദ്ധാന്തം സവർക്കർ മുന്നോട്ടുവച്ചു. സവർക്കറെ സംബന്ധിച്ചിടത്തോളം ഹിന്ദുത്വ–അഥവാ ഹൈന്ദവദേശീയത– ഹിന്ദുമതത്തെക്കാൾ വിശാലമായ ഒന്നായിരുന്നു. ഭഗവത്ഗീതയെ ഹൈന്ദവ ഐക്യത്തിന്റെ ആഹ്വാനമായി സവർക്കർ വ്യാഖ്യാനിച്ചു. ഹിന്ദുരാഷ്ട്രം സ്ഥാപിച്ചെടുക്കാനുള്ള അടിസ്ഥാന പ്രമാണമായിരുന്നു സവർക്കർക്ക് ഗീത. ബ്രിട്ടീഷുകാരും മുസ്ലീങ്ങളും പുറത്തുനിന്നുവന്ന അധിനിവേശക്കാരാണ്. യുദ്ധധർമ്മങ്ങൾ ലംഘിച്ചവരുമാണ്. അതിനാൽതന്നെ എന്ത് വിലകൊടുത്തും തങ്ങളുടെ നഷ്ടപ്പെട്ട അഭിമാനവും സ്വാതന്ത്ര്യവും വീണ്ടെടുക്കാൻ ഹിന്ദുക്കൾക്ക് അവകാശമുണ്ട്. പിന്നീട് എം.സ്.ഗോൾവാൾക്കർ ഹിന്ദുരാഷ്ട്രത്തെ വിശദീകരിച്ചുകൊണ്ട് ഇങ്ങനെ എഴുതി, "ഹിന്ദുക്കൾ എന്നത് സ്വയം ഒരു ദേശവും ദേശീയതയുമാണ്. ഭൂമിശാസ്ത്രപരമായ അഖണ്ഡതയും പൊതുശത്രുവുമാണ് നമ്മുടെ രാഷ്ട്രസങ്കൽപ്പത്തെ ഇതുവരെ സ്വാധീനിച്ചത്. എന്നാൽ യഥാർത്ഥത്തിൽ നമ്മെ പ്രചോദിപ്പിക്കുന്ന ശരിയായ ഹിന്ദുരാഷ്ട്രത്തെ അറിയുന്നതിന് ഈ സങ്കൽപ്പങ്ങൾ തടസ്സമായി നിന്നു. നമ്മുടെ രാജ്യം എന്നാൽ ഹിന്ദുരാഷ്ട്രമാണ്, മറ്റൊന്നല്ല. വിദേശവംശജർ (അതായത് മുസ്ലീങ്ങളും കൃസ്ത്യാനികളും മറ്റും) ഹിന്ദു സംസ്കാരവും ഭാഷയും സ്വീകരിക്കണം. ഹിന്ദുമതത്തെ ബഹുമാനിക്കാനും ആദരിക്കാനും ശീലിക്കണം. ഹിന്ദുവംശത്തെയും സംസ്കാരത്തെയും പ്രകീർത്തിക്കാത്ത ഒരു ആശയത്തെ സ്വീകരിക്കരുത്. ഹിന്ദുരാഷ്ട്രത്തിന് അവർ പരിപൂർണമായും സമർപ്പിക്കണം. തങ്ങൾക്കുവേണ്ടി ഒരു സവിശേഷ ആനുകൂല്യങ്ങളോപ്രത്യേകപരിഗണനയോഎന്തിന് പൗരാവകാശംപോലും അവർ പ്രതീക്ഷിക്കാൻ പാടില്ല." വീണ്ടും പറയുന്നു, "തങ്ങളുടെ രാജ്യത്തിന്റെ സംസ്കാരവും വംശീയ ശുദ്ധിയും കാത്തുസൂക്ഷിക്കാൻ ജർമ്മനി അവരുടെയിടയിലെ സെമിറ്റിക് വിഭാഗമായ ജൂതന്മാരെ ഉന്മൂലനം ചെയ്യുകയുണ്ടായി. ലോകം അതുകണ്ട് ഞെട്ടിത്തരിച്ചെങ്കിലും വംശാഭിമാനത്തിന്റെ ഏറ്റവും ഉന്നതമായ രൂപമാണ് അവർ പ്രദർശിപ്പിക്കുന്നത്. മറ്റൊന്നുകൂടി അവർ നമുക്ക് കാണിച്ചുതന്നു. ആഴത്തിൽ വ്യത്യാസമുള്ള രണ്ട് ജനതയ്ക്കും സംസ്കാരങ്ങൾക്കും ഒരു രാഷ്ട്രമാകുക സാധ്യമല്ല. ഹിന്ദുസ്ഥാനിൽ നാം കണ്ടുപഠിക്കേണ്ട ഒരു മാതൃകയാണിത്." സവർക്കർക്കും ഇതേ അഭിപ്രായമായിരുന്നു. ഇന്നത്തെ ബിജെപിയെയും ആർഎസ്എസിനെയും നയിക്കുന്നത് ഈ ആശയങ്ങളാണ്.

ബിജെപിയുടെ മുസ്ലീം വിരോധത്തിന്റെപ്രത്യയശാസ്ത്രം തുറന്നുകാണിക്കാനാണ് ഇത്രയും പറഞ്ഞത്. ഹിറ്റ്ലറും മുസ്സോളിനിയും അവരവരുടെ നാട്ടുകളിലെ മുതലാളിവർഗ്ഗത്തിന്റെ വിശ്വസ്ത ദാസന്മാരായിരുന്നു. അതേപോലെ ഇന്ന് ഇന്ത്യയിലെ കുത്തക മുതലാളിവർഗ്ഗത്തിന്റെ താൽപര്യങ്ങളാണ് ബിജെപിയും നടപ്പിലാക്കുന്നത്. ചൂഷിതരായ കോടിക്കണക്കിന് ഇന്ത്യക്കാർ ഈ ചൂഷകവർഗ്ഗത്തിനെതിരെ ഒറ്റക്കെട്ടായി പൊരുതാനുള്ള സാധ്യത ഇല്ലാതാക്കാനാണ് അവരുടെ ശ്രമം.

സമീപകാലത്തായി അവരുടെ പകയുടെ മുന മുസ്ലീങ്ങൾക്കെതിരെ മാത്രമല്ല, മറ്റ് ന്യൂനപക്ഷ വിഭാഗങ്ങൾക്കെതിരെയും തിരിയുന്നതുകാണാം. ഒഡീഷയും മധ്യപ്രദേശും ഛത്തിസ്ഗഢും ഡൽഹിയുമടക്കം പല സംസ്ഥാനങ്ങളിലും ബംഗാളി സംസാരിക്കുന്ന തൊഴിലാളികളെ തിരഞ്ഞുപിടിച്ച്, അവർ ഇന്ത്യാക്കാരാണെന്ന് സ്ഥിരീകരിക്കുന്ന രേഖകൾ ഉണ്ടായിരുന്നിട്ടും അന്യായമായി തടങ്കലിൽ വക്കുകയും പലരെയും കൂട്ടമായി ബംഗ്ലാദേശിലേക്ക് നാടുകടത്തുകയും ചെയ്തു. ബംഗ്ലാദേശിൽനിന്നുള്ള കുടിയേറ്റക്കാരെ നിയന്ത്രിക്കാനെന്ന പേരിലാണ് ഈ നടപടികൾ. ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ ഇത് ഭീതി വിതക്കുന്നു. ഭരണവർഗ്ഗം തിരഞ്ഞെടുത്ത ചില ഉദ്യോഗസ്ഥന്മാരുടെ നിയന്ത്രണത്തിലുള്ള തിരഞ്ഞെടുപ്പ് കമ്മീഷന്റെ 'പ്രത്യേക അവലോകനം' എന്ന പരിപാടിയാണ് ന്യൂനപക്ഷങ്ങളെ വേട്ടയാടാൻ ഉപയോഗിക്കുന്നത്. ഇതിന്റെ പേരിൽത്തന്നെയാണ് ബീഹാറിൽ വോട്ടർ പട്ടിക പുതുക്കുന്നു എന്ന വ്യാജേന ലക്ഷക്കണക്കിനാളുകളെ വോട്ടർ പട്ടികയിൽനിന്ന് ഒഴിവാക്കുന്നത്.

നാടും വീടുംവിട്ട് ദൂരസ്ഥലങ്ങളിൽ ജോലി ചെയ്യാൻ നിർബന്ധിതരായിരിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളാണ് ഇവരുടെ പ്രധാന ഉന്നം. അത്തരക്കാരെ തിരഞ്ഞുപിടിച്ച് അവരുടെ ജനന സർട്ടിഫിക്കറ്റ് മാത്രമല്ല, മാതാപിതാക്കളുടെ ജനന സർട്ടിഫിക്കറ്റും ഹാജരാക്കണമെന്ന് ആവശ്യപ്പെടുന്നു. അത്ഭുതമെന്ന് പറയട്ടെ പാസ്പോർട്ട് എടുക്കുന്നതിനുപോലും തെളിവായി സ്വീകരിക്കുന്ന ആധാർകാർഡ് വോട്ടുചെയ്യാൻ മതിയായ രേഖയല്ല! ആധാർകാർഡും വോട്ടർ ഐഡി കാർഡും കൃത്രിമമാണെന്നാണ് ആക്ഷേപം. അങ്ങനെയാണെങ്കിൽ അത് ഗവൺമെന്റിന്റെ വീഴ്ചയല്ലേ? ഇങ്ങനെ കൃത്രിമം നടത്തുന്നവരെ കണ്ടെത്തിയിട്ടുണ്ടോ? അതിന്റെപേരിൽ സാധാരണ മനുഷ്യരെ ദ്രോഹിക്കുന്നതെന്തിന്? ഇലക്ഷൻ കമ്മീഷൻ തന്നെയാണ്, അപേക്ഷകരുടെ നിജസ്ഥിതി പരിശോധിച്ച് ബോധ്യപ്പെട്ടതിനുശേഷം വോട്ടർ ഐഡി കാർഡുകൾ നൽകുന്നത്. അത് ആധികാരിക രേഖയല്ലെന്നാണ് ഇപ്പോൾ കമ്മീഷൻ പറയുന്നത്. ഇത്രയും കാലം അവർ എന്തു ചെയ്യുകയായിരുന്നു?

പാവപ്പെട്ട മനുഷ്യർ പല കാരണങ്ങൾകൊണ്ടും നാടും വീടും ഉപേക്ഷിച്ച് പലായനം ചെയ്യാൻ നിർബന്ധിതരായേക്കാം. പ്രകൃതിദുരന്തങ്ങളും ഭരണകൂടം തന്നെ സൃഷ്ടിക്കുന്ന കലാപങ്ങളും മൂലം അവർ അഭയാർത്ഥികളായി മാറുന്നു. അത്തരം സന്ദർഭങ്ങളിൽ സുപ്രധാനമായ രേഖകൾ അവർക്ക് നഷ്ടപ്പെട്ടേക്കാം. അതിന് അവരാണോ കുറ്റക്കാർ? പ്രത്യേക അവലോകനത്തിന്റെ കാര്യം പറഞ്ഞ് പൊടുന്നനെ നടത്തുന്ന ഈ വ്യായാമം ജനങ്ങളിൽ ഭീതി വിതക്കാനും ശരിയായ വോട്ടർമാരെ നീക്കം ചെയ്യാനും



വേണ്ടിയുള്ളതാണ്. പ്രത്യേകിച്ച് കാരണമൊന്നും കാണിക്കാതെ ബിഹാറിൽ 65 ലക്ഷത്തോളം പേരെ വോട്ടർ പട്ടികയിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു. സർക്കാരും തിരഞ്ഞെടുപ്പ് കമ്മീഷനും ചേർന്നുള്ള ഒത്തുകളിയാണ് ഇതിന്റെ പിന്നിൽ.

പൗരത്വം തീരുമാനിക്കാനുള്ള അധികാരം തിരഞ്ഞെടുപ്പ് കമ്മിഷനില്ല. ആഭ്യന്തര മന്ത്രാലയമാണ് അത് ചെയ്യേണ്ടത്. തിരഞ്ഞെടുപ്പ് കമ്മീഷൻ അധികാരപരിധി ലംഘിച്ച് പൗരത്വ വിഷയത്തിൽ ഇടപെടുമ്പോൾ ഗവൺമെന്റ് മൗനം പാലിക്കുന്നു.

## ബംഗാളി മുസ്ലീങ്ങളെ ബംഗ്ലാദേശികളെന്ന് മുദ്രകുത്തുന്നു

തിരഞ്ഞെടുപ്പ് കമ്മീഷനും സർക്കാർ സംവിധാനവും ബംഗ്ലാദേശി കുടിയേറ്റക്കാരെ കണ്ടുപിടിക്കാനുള്ള യജ്ഞം തുടങ്ങിയിരിക്കുകയാണ്. എങ്ങനെയാണവർ അത്തരക്കാരെ കണ്ടുപിടിക്കുന്നത്? ബംഗാളിനു പുറത്ത് ആരെങ്കിലും ബംഗാളി സംസാരിക്കുകയും അവർ മുസ്ലീം ആയിരിക്കുകയും ചെയ്താൽ ബംഗ്ലാദേശികളായി! ബംഗാളിൽനിന്ന് തൊഴിലിനായി വിവിധസംസ്ഥാനങ്ങളിലേക്കു പോകുന്ന തൊഴിലാളികളാണ് ഇവരുടെ ഇരകൾ. ഉദാഹരണത്തിന്, ഡൽഹിയിലെ വസന്ത് കുഞ്ച് പ്രദേശത്ത് ജയ്ഹിന്ദ് കോളനിയിൽ ഒട്ടനവധി ബംഗാളി തൊഴിലാളികൾ താമസിക്കുന്നു. ഡൽഹിയിലെ ബിജെപി സർക്കാർ അവരുടെ വെള്ളവും വൈദ്യുതിയും വിച്ഛേദിച്ചിരിക്കുകയാണ്. ഗത്യന്തരമില്ലാതെ അവർ സ്വകാര്യ വാട്ടർ ടാങ്കറുകൾ വരുത്തിയപ്പോൾ ദ്രുതകർമ്മ സേന ഇടപെട്ട് അതും തടഞ്ഞു. ആ കോളനി ഒഴിപ്പിക്കാനുള്ള ഉത്തരവ് ഡൽഹിക്കോടതി തടഞ്ഞുവച്ചിരിക്കുകയാണ്. ബംഗാളി സംസാരിക്കുന്നു എന്നതിന്റെ പേരിൽ അവരെ ക്രിമിനലുകളായി കാണുന്നു. രാജസ്ഥാനിൽ ഏതാണ്ട് നാനൂറോളം ബംഗാളി തൊഴിലാളികളെ അറസ്റ്റു ചെയ്തിരിക്കുന്നു. ഗുജറാത്തിൽ ബംഗാളി തൊഴിലാളികളുടെ വീടുകളിൽ രാത്രി പോലീസ് അതിക്രമിച്ചു കയറി ബംഗ്ലാദേശികളെന്നു വിളിച്ച് അവരെ തല്ലിച്ചതച്ചു. എന്തിനാണ് പാവപ്പെട്ട ബംഗാളി മുസ്ലീങ്ങളെ ഇങ്ങനെ ദ്രോഹിക്കുന്നത്? അവരെ ഭയപ്പെടുത്തുക, പ്രതിഷേധിക്കാൻ ശേഷി ഇല്ലാത്തവരായി മാറ്റുക– ഇതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. മുൻ കാലങ്ങളിൽ വർഗ്ഗീയ കലാപങ്ങൾ സംഘടിപ്പിച്ചാണ് ന്യൂനപക്ഷങ്ങളെ ഭയപ്പെടുത്തിയിരുന്നതെങ്കിൽ ഇപ്പോൾ ഭരണ സംവിധാനംതന്നെ ഉപയോഗിച്ച് അവരെ ഭീതിയിലാക്കുന്നു.

ഡൽഹി പോലീസ് ചാണക്യപുരിയിലുള്ള 'വംഗഭവന്' എഴുതിയ ഒരു കത്തിൽ ബംഗാളിയെ വിശേഷിപ്പിച്ചത് 'ബംഗ്ലാദേശിഭാഷ' എന്നാണ്. ബിജെപിയുടെ കുപ്രസിദ്ധമായ ഐടി സെല്ലിന്റെ മേധാവി അമിത് മാളവ്യ പറഞ്ഞത് ബംഗാളി എന്ന ഭാഷ തന്നെ ഇല്ലെന്നാണ്. ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിൽപെട്ട 22 ഭാഷകളിൽ ഒന്നാണ് ബംഗാളി. ഇന്ത്യയിൽ ഹിന്ദി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആളുകൾ സംസാരിക്കുന്ന ഭാഷയും കൂടിയാണത്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെയും നവോത്ഥാനത്തിന്റെയും മുൻനിര നേതാക്കന്മാരായിരുന്ന സുഭാഷ്ചന്ദ്ര ബോസിനെയും രവീന്ദ്രനാഥ ടാഗോറിനെയും പോലുള്ള നിരവധി മഹാരഥന്മാരുടെ മാതൃഭാഷ!

ഇതൊന്നും ബിജെപിക്കോ ആർഎസ്എസിനോ അറിയാത്തതല്ല. ജനങ്ങളെ മതത്തിന്റെയും ഭാഷയുടെയും പേരിൽ ഭിന്നിപ്പിക്കാനുള്ള അവരുടെ തന്ത്രത്തിന്റെ ഭാഗമാണിത്. ഏതാനും വർഷങ്ങൾക്കുമുമ്പ് അസമിൽ ദേശീയ പൗരത്വ രജിസ്റ്റർ നടപ്പാക്കുന്നതിന്റെ പേരിൽ ഉണ്ടാക്കിയ കോലാഹലങ്ങൾ നാം മറന്നിട്ടില്ല. കോടികൾ ചെലവിട്ട് നടത്തിയ ആ പരിപാടിയുടെ ഉദ്ദേശ്യം എന്തായിരുന്നു? പാവപ്പെട്ട മുസ്ലീങ്ങളെ ബംഗ്ലാദേശികൾ എന്ന് ചാപ്പകുത്തുക, പലരെയും ക്രിമിനലുകൾ എന്നപോലെ തടങ്കലിലാക്കി, ചിലരെ ബംഗ്ലാദേശിലേക്ക് നാടുകടത്തി. അക്കൂട്ടത്തിൽ പലരുടെയും ഭൂമി കൈക്കലാക്കാൻ വമ്പൻ വ്യവസായികൾക്ക് അവസരം ഉണ്ടാക്കി. ഇന്നിപ്പോൾ ബംഗ്ലാദേശുമായുള്ള ബന്ധം വഷളായിരിക്കുന്ന സാഹചര്യത്തിൽ ബംഗ്ലാദേശി വിരുദ്ധ വികാരം കുത്തിയിളക്കാനും പോലീസ് വേട്ടകൾ ഉപയോഗിക്കുന്നു.

രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ ബംഗാളി സംസാരിക്കുന്നവരെ തിരഞ്ഞുപിടിച്ച് ദ്രോഹിക്കുന്നതിനോടൊപ്പം ബംഗാളിൽ ബംഗാളികളുടെ വികാരം ആളിക്കത്തിക്കാനും ശ്രമിക്കുന്നുണ്ട്. അസമിലാകട്ടെ അസാമി വികാരം ആളിക്കത്തിക്കുന്നു. ഇങ്ങനെ ഭാഷയുടെ പേരിൽ ജന

(ശേഷം 11–ാം പേജിൽ)

# ഉദാരതാവാദത്തെ ചെറുക്കുക

## മാവോ സേ തുങ്



സജീവമായ പ്രത്യയശാസ്ത്ര സമരത്തിനുവേണ്ടി നമ്മൾ നിലകൊള്ളുന്നു. കാരണം, നമ്മുടെ ലക്ഷ്യം നേടിയെടുക്കുന്നതിനായി, നമ്മുടെ പാർട്ടിയിലെയും വിപ്ലവസംഘടനകളിലെയുംഐക്യം ഉറപ്പാക്കുന്നതിനുള്ള ആയുധമാണത്. എല്ലാ കമ്മ്യൂണിസ്റ്റുകളും വിപ്ലവകാരികളും ഈ ആയുധമെടുക്കേണ്ടതുണ്ട്.

എന്നാൽ ഉദാരതാവാദം (Liberalism) പ്രത്യയശാസ്ത്ര സമരത്തെ നിരാകരിക്കുകയും തത്വദീക്ഷയില്ലാത്ത ശാന്തതയ്ക്കായി നിലകൊള്ളുകയും അതുവഴി, ജീർണ്ണവും സംസ്കാരവിരുദ്ധവുമായ (Philistine) മനോഘടനയ്ക്ക് ജന്മം നൽകുകയും പാർട്ടിയിലെയും വിപ്ലവസംഘടനകളിലെയും ഘടകങ്ങളിലും അംഗങ്ങളിലും രാഷ്ട്രീയ ജീർണ്ണത നിറയ്ക്കുകയും ചെയ്യുന്നു.

ഉദാരതാവാദം വിഭിന്നങ്ങളായ രൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്നു.

ഒരു വ്യക്തി സ്പഷ്ടമായും തെറ്റിന്റെ ഭാഗത്തേക്കു പോകുമ്പോൾ, അദ്ദേഹം പഴയ പരിചയക്കാരനോ നാട്ടുകാരനോ സഹപാഠിയോ ഉറ്റസുഹൃത്തോ സ്നേഹഭാജനമോ പഴയ സഹപ്രവർത്തകരിലൊരാളോ കീഴ്ജീവനക്കാരനോ ആണെന്നൊക്കെയുള്ള പരിഗണനയിൽ, പ്രശ്നമൊന്നുമുണ്ടാക്കണ്ട എന്നു കരുതി, തത്വദീക്ഷയോടെയുള്ള വാദപ്രതിവാദങ്ങളിൽ നിന്നൊഴിഞ്ഞു മാറി കാര്യങ്ങളെ അതിന്റെ വഴിക്കു വിടുക, അല്ലെങ്കിൽ നല്ലബന്ധം നിലനിർത്താൻ പ്രശ്നത്തിന്റെ ആഴത്തിലേക്കു കടക്കാതെ മൃദുവായി തൊട്ടുപോകുക മാത്രം ചെയ്യുക എന്ന സമീപനമെടുക്കുന്നു. വ്യക്തിക്കും സംഘടനയ്ക്കും പരിക്കേൽക്കുന്നു എന്നതാണിതിന്റെ പരിണതഫലം. ഇതാണ് ഒരു തരം ഉദാരതാവാദം.

സ്വന്തം നിർദ്ദേശങ്ങൾ സജീവമായി സംഘടനയ്ക്കു മുമ്പിൽ അവതരിപ്പിക്കുന്നതിനു പകരം സ്വകാര്യമായി, നിരുത്തരവാദപരമായ വിമർശനങ്ങൾ ഉന്നയിക്കുക, ആളുകളുടെ മുഖത്തു നോക്കിപ്പറയാതെ പിന്നിൽനിന്ന് ഏഷണി പറയുക, അല്ലെങ്കിൽ യോഗത്തിൽവെച്ച് ഒന്നും പറയാതെ പിന്നീട് അപവാദം പറയുക, കൂട്ടായ ജീവിതത്തിന്റെ തത്വങ്ങൾക്ക് യാതൊരു വിലയും കൊടുക്കാതെ സ്വന്തം താല്പര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുക. ഇതാണ് രണ്ടാമത്തെ തരം ഉദാരതാവാദം.

വ്യക്തിപരമായി തന്നെ ബാധിക്കുന്നില്ലെങ്കിൽ കാര്യങ്ങളെ അതിന്റെ വഴിക്കുവിടുക; എന്താണ് തെറ്റെന്നറിയാമെങ്കിലും കഴിയുന്നത്ര കുറച്ചുമാത്രം സംസാരിക്കുകയും പ്രായോഗികമിതത്വം കാണിച്ച് സുരക്ഷിതമായിരിക്കാൻ ശ്രമിക്കുകയും കുറ്റപ്പെടുത്തലുകളിൽ നിന്നു രക്ഷപ്പെടാൻ ശ്രമിക്കുകയും ചെയ്യുക. ഇതാണ് മൂന്നാമത്തെ തരം.

ഉത്തരവുകൾ അനുസരിക്കാതിരിക്കുകയും സ്വന്തം അഭിപ്രായങ്ങൾ അവതരിപ്പിക്കുന്നതിൽ അഭിമാനിക്കുകയും ചെയ്യുക. സംഘടനയിൽനിന്നു പ്രത്യേക പരിഗണന ആവശ്യപ്പെടുകയും അച്ചടക്കം ലംഘിക്കുകയും ചെയ്യുക. ഇതാണ് നാലാമത്തേത്.

ഐക്യത്തിനും പുരോഗതിക്കുംവേണ്ടി, പ്രവൃത്തികൾ ശരിയായി പൂർത്തീകരിക്കുന്നതിനും തെറ്റായ വീക്ഷണങ്ങൾക്കെതിരെ വാദിക്കുകയും പോരാടുകയും ചെയ്യുന്നതിനും പകരം, വ്യക്തിപരമായ ആക്രമണങ്ങൾ നടത്തുകയും വഴക്കിനുള്ള കാരണങ്ങൾ കണ്ടെത്തുകയും വ്യക്തിപരമായ വിദ്വേഷം പടർത്തി പ്രതികാരത്തിനൊരുങ്ങുകയും ചെയ്യുക എന്നതാണ് അഞ്ചാമത്തെ തരം ഉദാരതാവാദം.

തെറ്റായ വീക്ഷണഗതികളെ ചെറുക്കാതെ സ്വീകരിക്കുക, വിപ്ലവവിരുദ്ധമായ അഭിപ്രായപ്രകടനങ്ങൾക്കുപോലും ചെവികൊടുക്കുകയും അവ റിപ്പോർട്ടു ചെയ്യാതിരിക്കുകയും അവയെ ഗൗരവത്തിലെടുക്കാതെ, ഒന്നും സംഭവിച്ചിട്ടില്ലെന്ന മട്ടിൽ ശാന്തമായി സ്വീകരിക്കുകയും ചെയ്യുക. ഇതാണ് ആറാമത്തേത്.

ജനങ്ങൾക്കിടയിലിരിക്കുമ്പോഴും പ്രചാരണപ്രവർത്തനങ്ങളും പ്രക്ഷോഭണങ്ങളും നടത്താതിരിക്കുകയും യോഗങ്ങളിൽ സംസാരിക്കാതിരിക്കുകയും ജനങ്ങൾക്കിടയിൽ നിരീക്ഷണങ്ങളും അന്വേഷണങ്ങളും നടത്താതിരിക്കുകയും പകരം അവരോട് നിസ്സംഗത പുലർത്തുകയും അവരുടെ ക്ഷേമത്തിൽ ഒരു താല്പര്യവും കാണിക്കാതിരിക്കുകയും കമ്മ്യൂണിസ്റ്റാണെന്ന കാര്യം മറന്ന് ഒരു സാധാരണ കമ്മ്യൂണിസ്റ്റിതരവ്യക്തിയെപ്പോലെ പെരുമാറുകയും ചെയ്യുക. ഇതാണ് ഏഴാമത്തെ തരം.

ഒരാൾ ജനതാല്പര്യത്തിനു ക്ഷതംവരുത്തുന്നതു കണ്ടിട്ടും അതിൽ

**സൈദ്ധാന്തിക പാഠങ്ങൾ**

ധാർമ്മികരോഷം ഉണ്ടാകാതിരിക്കുകയും അയാളെ അതിൽനിന്നു പിന്തിരിപ്പിക്കാനോ തടയാനോ ശ്രമിക്കാതെ അതു തുടരാനുവദിക്കുകയും ചെയ്യുക. ഇതാണ് എട്ടാമത്തെ തരം.

വ്യക്തമായ ഒരു പദ്ധതിയോ ദിശയോ ഇല്ലാതെ പകുതി മനസ്സോടെ പ്രവർത്തനങ്ങളിലേർപ്പെടുകയും "സന്യാസിയായിരിക്കുന്നിടത്തോളം കാലം മണിയടിക്കണമല്ലോ" എന്ന മട്ടിൽ അലസമായിരിക്കുകയും ചെയ്യുക. ഇതാണ് ഒമ്പതാമത്തേത്.

വിപ്ലവത്തിനു വലിയ സേവനങ്ങൾ ചെയ്തയാളെന്നു സ്വയം കരുതുകയും മുതിർന്ന നേതാവിനെപ്പോലെ പെരുമാറുകയും പ്രധാന ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ ശേഷിയില്ലാതിരിക്കെത്തന്നെ ചെറിയ ജോലികൾ ഏറ്റെടുക്കാൻ വിസമ്മതിക്കുകയും പ്രവർത്തനങ്ങളിൽ അശ്രദ്ധമായി ഇടപെടുകയും പഠനങ്ങളിൽ ഉദാസീനത കാണിക്കുകയും ചെയ്യുക. ഇതാണ് പത്താമത്തെ തരം ഉദാരതാവാദം.

സ്വന്തം തെറ്റുകളെക്കുറിച്ചു ബോധമുണ്ടെങ്കിലും അവ പരിഹരിക്കാൻ യാതൊരു ശ്രമവും നടത്താതിരിക്കുകയും തന്നോടു തന്നെ ഉദാരസമീപനം കൈക്കൊള്ളുകയും ചെയ്യുക. ഇതാണ് പതിനൊന്നാമത്തെ തരം.

ഇനിയും നമുക്കിതു കൂട്ടാം. എന്നാൽ ഈ പതിനൊന്നെണ്ണമാണ് പ്രധാനപ്പെട്ടവ.

ഉദാരതാവാദത്തിന്റെ പ്രകടിതരൂപങ്ങളാണിവയെല്ലാം. ഒരു വിപ്ലവക്കൂട്ടായ്മയിൽ ഉദാരതാവാദം അങ്ങേയറ്റം ഹാനികരമാണ്.

ഐക്യത്തെ കാർന്നുതിന്നുന്നതും പരസ്പരബന്ധത്തെ തകർക്കുന്നതും താല്പര്യമില്ലായ്മയും അനൈക്യവും വളർത്തുന്നതുമാണിത്. വിപ്ലവഅണികളിൽനിന്ന് അതിന്റെ ഉറച്ച സംഘടനയെയും കർശനമായ അച്ചടക്കത്തെയും അപഹരിക്കുകയും നയങ്ങൾ നടപ്പാക്കുന്നതിനെ തടയുകയും പാർട്ടിസംഘടനയെ അതു നയിക്കുന്ന ജനങ്ങളിൽ നിന്നൊറ്റപ്പെടുത്തുകയും ചെയ്യുന്നതാണിത്. അങ്ങേയറ്റം മോശമായ പ്രവണതയാണിത്.

പെറ്റിബൂർഷ്വാ സ്വാർത്ഥതയിൽനിന്നാണ് ഉദാരതാവാദം ഉടലെടുക്കുന്നത്. അത് വ്യക്തിതാല്പര്യത്തെ മുന്നിൽ പ്രതിഷ്ഠിക്കുകയും വിപ്ലവതാല്പര്യത്തെ രണ്ടാമതായി കണക്കാക്കുകയും ചെയ്യും. അങ്ങനെ അത് പ്രത്യയശാസ്ത്രപരവും രാഷ്ട്രീയവും സംഘടനാപരവുമായ ഉദാരതാവാദത്തിനു ജന്മംനൽകുന്നു.

ഉദാരതാവാദികൾ മാർക്സിസത്തിന്റെ തത്വങ്ങളെ വെറും വരട്ടുതത്വങ്ങളായി കാണുന്നു. അവർ മാർക്സിസത്തെ ശരിവയ്ക്കുന്നു. പക്ഷേ, അതു പ്രയോഗിക്കുന്നതിന്, സമ്പൂർണ്ണമായി പ്രയോഗിക്കുന്നതിന് തയ്യാറല്ല. തങ്ങളുടെ ഉദാരതാവാദസമീപനത്തിനു പകരം മാർക്സിസത്തെ സ്ഥാപിക്കാൻ അവർ തയ്യാറല്ല. അവർക്ക് അവരുടേതായ മാർക്സിസമുണ്ട്. അതോടൊപ്പം അവരുടെ ഉദാരതാവാദവുമുണ്ട്. അവർ മാർക്സിസം പറയുകയും ഉദാരതാവാദം പ്രവർത്തിക്കുകയും ചെയ്യും. മറ്റുള്ളവരിൽ മാർക്സിസം പ്രയോഗിക്കും സ്വന്തം കാര്യത്തിൽ ഉദാരതാവാദവും. രണ്ടും അവർ കൈവശം വയ്ക്കും. രണ്ടിനും ഉപയോഗം കണ്ടെത്തുകയും ചെയ്യും. ഇങ്ങനെയാണു ചിലരുടെ മനസ്സു പ്രവർത്തിക്കുന്നത്.

ഉദാരതാവാദം അവസരവാദത്തിന്റെ പ്രകടിതരൂപമാണ്. അത് അടിസ്ഥാനപരമായി മാർക്സിസത്തിനെതിരാണ്. അതു നിഷേധാത്മകവും വസ്തുനിഷ്ഠമായി ശത്രുവിനെ സഹായിക്കുന്ന ഫലമുള്ളതുമാണ്. അതുകൊണ്ടാണ് നമ്മുടെ മനസ്സുകളിൽ അതു നിലനിർത്തുന്നതിനെ ശത്രുക്കൾ സ്വാഗതം ചെയ്യുന്നത്. ഇതാണതിന്റെ സ്വഭാവമെന്നിരിക്കെ വിപ്ലവത്തിന്റെ അണികളിൽ അതിനു യാതൊരു സ്ഥാനവുമുണ്ടാകാൻ പാടില്ല.

നിഷേധാത്മകമായ ഉദാരതാവാദത്തെ മറികടക്കുന്നതിന് നാം വിപ്ലവചൈതന്യത്തെ ഉദ്ദീപിപ്പിക്കുന്ന മാർക്സിസത്തെ ഉപയോഗിക്കണം. കമ്മ്യൂണിസ്റ്റുകൾക്ക് ഹൃദയവിശാലത വേണം. അയാൾ സജീവമായി ദൃഢതയോടെ നിലകൊള്ളുകയും വേണം. വിപ്ലവത്തിന്റെ താല്പര്യം സ്വന്തം ജീവിതചര്യയായി കണക്കാക്കി, സ്വന്തം താല്പര്യം വിപ്ലവത്തിന്റെ താല്പര്യങ്ങൾക്കു താഴെ പ്രതിഷ്ഠിക്കുകയും പാർട്ടിയുടെ സാമൂഹികജീവിതത്തെ ശക്തിപ്പെടുത്താനും പാർട്ടിയും ബഹുജനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും എവിടെയും എല്ലായ്പ്പോഴും തത്വാധിഷ്ഠിതമായി നിലകൊള്ളുകയും തെറ്റായ ധാരണകൾക്കും പ്രവൃത്തികൾക്കുമെതിരെ വിട്ടുവീഴ്ചയില്ലാത്ത സമരം നടത്തുകയും വേണം. ഏതെങ്കിലുമൊരു വ്യക്തിയേക്കാൾ പാർട്ടിയെയും ബഹുജനങ്ങളെയും സ്വന്തം താല്പര്യങ്ങളേക്കാൾ മറ്റുള്ളവരുടെ താല്പര്യങ്ങളെയും അദ്ദേഹം കൂടുതലായി പരിഗണിക്കണം. അപ്പോൾ മാത്രമേ അദ്ദേഹത്തെ ഒരു കമ്മ്യൂണിസ്റ്റായി കരുതാനാകൂ.

നമുക്കിടയിലെ ചിലർ പ്രദർശിപ്പിക്കുന്ന ഉദാരതാവാദസമീപനത്തെ ചെറുക്കാനും അവരെ നേർവഴിക്കു കൊണ്ടുവരാനും, പാർട്ടിയോടു കൂറുള്ള സത്യസന്ധരും സജീവമായി പ്രവർത്തിക്കുന്നവരുമായ എല്ലാ കമ്മ്യൂണിസ്റ്റുകളും ഒന്നിക്കേണ്ടതാണ്. പ്രത്യയ ശാസ്ത്ര മേഖലയിലെ ഉത്തരവാദിത്തങ്ങളിൽ പ്രധാനപ്പെട്ടതാണിത്.

**7 സെപ്തംബർ 1937,**
**Collected Works, Vol. 1**

---

(10–ാം പേജിൽ നിന്ന്)

ങ്ങളെ തമ്മിലടിപ്പിക്കുകയാണ്. എസ്‌യുസിഐ(സി)യുടെ സ്ഥാപകനും സമുന്നത മാർക്സിസ്റ്റ് ദാർശനികനുമായ സഖാവ് ശിബ്ദാസ് ഘോഷ് വളരെമുമ്പുതന്നെ ചൂണ്ടിക്കാണിച്ചു: "വിദേശ സാമ്രാജ്യത്വത്തിനെതിരെ പോരാടുന്ന കാലത്ത് വിവിധ ഭാഷകൾ സംസാരിക്കുന്ന ഇന്ത്യൻ ജനത, വിവിധ മതങ്ങളിൽ വിശ്വസിച്ച ഇന്ത്യൻ ജനത ഒരുമിച്ചുചേരുകയും രാഷ്ട്രീയമായി ഒന്നിക്കുകയും ചെയ്തു. എന്നാൽ സാമൂഹ്യമായും സാംസ്കാരികമായും ജനങ്ങളെ ഒന്നിപ്പിക്കുന്നതിലും ഫ്യൂഡലിസത്തിനെതിരെ പൊരുതി സമൂഹത്തെ ജനാധിപത്യവൽക്കരിക്കുന്നതിലും നമ്മുടെ ദേശീയപ്രസ്ഥാനം പരാജയപ്പെട്ടു. തൽഫലമായി ഇന്ത്യൻ ജനത ഇന്നും ഭാഷയുടെയും മതത്തിന്റെയും സംസ്കാരത്തിന്റെയും മേഖലയിൽ ഭിന്നിച്ചിരിക്കുന്നു."സ്വാതന്ത്ര്യലബ്ധിക്കുശേഷം ഈ ഭിന്നതകൾ ഇല്ലാതാക്കാനല്ല, മറിച്ച് അവ വർദ്ധിപ്പിക്കാനാണ് ഗവൺമെന്റുകൾ ശ്രമിച്ചത്.

നമ്മൾ മനസ്സിലാക്കേണ്ട പ്രധാനപ്പെട്ട കാര്യം ഭരണാധികാരികളും ഭരണവർഗ്ഗ പാർട്ടികളും ജനങ്ങളെ ഭിന്നിപ്പിക്കാൻ കിണഞ്ഞു ശ്രമിക്കുമ്പോഴും സാധാരണ ജനങ്ങളിൽ ഭൂരിഭാഗവും പരസ്പര സഹകരണത്തിനും സഹവർത്തിത്വത്തിലും സമാധാനത്തോടെ ജീവിക്കാൻ ആഗ്രഹിക്കുന്നവരാണ് എന്നതാണ്. തങ്ങൾക്കിടയിൽ ഐക്യം തകരരുത് എന്നാണ് അവർ ആഗ്രഹിക്കുന്നത്. അതിനാൽതന്നെ രാഷ്ട്രീയ പാർട്ടികളുടെ, വിശിഷ്യ ആർഎസ്എസിന്റെയും ബിജെപിയുടെയും കുതന്ത്രങ്ങൾ ജനങ്ങൾക്കുമുന്നിൽ തുറന്നു കാണിക്കേണ്ടതുണ്ട്. എന്നാൽ ഭരണവർഗത്തിന്റെ കുതന്ത്രങ്ങളും വർഗീയപ്രചാരണവും തടയാൻ കേവലം മുദ്രാവാക്യങ്ങൾ മതിയാവില്ല. ജാതി, മത, ഭാഷാഭേദമെന്യേ സർവ്വജനങ്ങളും ജീവൽപ്രധാനങ്ങളായ വിഷയങ്ങൾ ഉയർത്തിപ്പിടിച്ച്, യോജിച്ച, കരുത്തുറ്റ ജനകീയപ്രക്ഷോഭങ്ങളിൽ അണിനിരന്നുകൊണ്ട് മാത്രമേ ജനങ്ങളെ വിഭജിക്കാനുള്ള ശ്രമങ്ങൾക്ക് തടയിടാൻ സാധിക്കുകയുള്ളൂ. ഇതരസംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും അവരോടൊത്ത് പ്രക്ഷോഭത്തിൽ അണിനിരക്കാനും ഐക്യവും സമാധാനവും കാംക്ഷിക്കുന്ന മുഴുവൻ ജനങ്ങളും ഒത്തുചേരുമ്പോൾ മാത്രമേ ബിജെപിയുടെയും ആർഎസ്എസിന്റെയും ഈ ഹീന തന്ത്രങ്ങളെ പരാജയപ്പെടുത്താനും ആത്യന്തികമായി ഏകാധിപത്യ ഭരണത്തിന് അറുതി വരുത്താനും നമുക്ക് കഴിയൂ. അങ്ങനെ മാത്രമേ ജനങ്ങളുടെ യഥാർത്ഥ അഭിലാഷങ്ങൾ സാക്ഷാത്കരിക്കപ്പെടുകയുള്ളൂ. ■

REGISTERED.
R.N. 24773/1992

UNITY Malayalam Monthly

2025 October
Price: ₹ 10.00

## വിദഗ്ധ സമിതി റിപ്പോർട്ട് പുറത്തുവിടുക

# ഡിമാന്റുകൾ അംഗീകരിച്ച് ആശാസമരം ഒത്തുതീർപ്പാക്കുക

## ഒക്ടോബർ 22ന് മുഖ്യമന്ത്രിയുടെ വസതിയിലേക്ക് ആശമാരുടെ പ്രതിഷേധ മാർച്ച്

**ഓ**ണറേറിയം 21,000 രൂപയായി വർദ്ധിപ്പിക്കുക വിരമിക്കൽ ആനുകൂല്യം 5 ലക്ഷം രൂപ നൽകുക തുടങ്ങിയ ജീവൽ പ്രധാനങ്ങളായ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് ഫെബ്രുവരി 10ന് ആരംഭിച്ച ആശാസമരം 8 മാസം പൂർത്തിയാവുകയാണ്. ആശാസമരം ഉയർത്തുന്ന ഡിമാന്റുകൾ തികച്ചും ന്യായമാണെന്ന് കേരളം ഒന്നടങ്കം അംഗീകരിച്ചുകഴിഞ്ഞ വസ്തുതയാണ്. ഈ സമരം ഏറ്റവും ന്യായയുക്തമായി ഒത്തുതീർപ്പാക്കണമെന്ന് പലവിധത്തിൽ സർക്കാരിനോട് ഏവരും ആവശ്യപ്പെട്ടുകഴിഞ്ഞു. പക്ഷേ, ജനാഭിപ്രായം അംഗീകരിക്കാൻ ഇടതുപക്ഷമെന്ന് അവകാശപ്പെടുന്ന പിണറായി സർക്കാർ തയ്യാറാകുന്നില്ല എന്നത് ഏറ്റവും ജനാധിപത്യവിരുദ്ധമാണ്, തൊഴിലാളി വിരുദ്ധമാണ്, സ്ത്രീവിരുദ്ധവുമാണ്.

ആനുകൂല്യങ്ങൾ കേന്ദ്രം വർദ്ധിപ്പിച്ചാൽ സംസ്ഥാനം വർദ്ധിപ്പിക്കാം എന്നായിരുന്നു മുഖ്യമന്ത്രിയടക്കം എല്ലാവരുടെയും ന്യായം. എന്നാൽ ഇൻസന്റീവ് 1500 രൂപയും വിരമിക്കൽ ആനുകൂല്യം 20,000 എന്നത് 50,000 രൂപയുമായി വർദ്ധിപ്പിക്കുവാൻ മാർച്ച് 4ന് കേന്ദ്രഗവൺമെന്റ് തീരുമാനിച്ചു. കേരളത്തിലെ എംപിമാർ ആവശ്യപ്പെട്ട പ്രകാരം അതിന്റെ രേഖകൾ പാർലമെന്റിൽ നൽകുകയും എൻഎച്ച്എം ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടും അത് കള്ളമാണെന്ന് പറഞ്ഞ് തടിതപ്പാനാണ് ആദ്യം തുനിഞ്ഞത്. സമരക്കാരുമായി ഏപ്രിൽ 3ന് നടത്തിയ ചർച്ചയെത്തുടർന്ന് വിഷയം പഠിക്കാൻ കമ്മറ്റിയെ നിയോഗിക്കാം എന്നും കമ്മറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വേതന വർദ്ധനവ് ഉൾപ്പെടെ നടപ്പിലാക്കാം എന്നുമാണ് ആരോഗ്യ മന്ത്രിയടക്കം പറഞ്ഞത്.

ഹരിത വി.കുമാർ അദ്ധ്യക്ഷയായ കമ്മറ്റി ആഗസ്റ്റ് 26ന് റിപ്പോർട്ട് സമർപ്പിച്ചു. ഇപ്പോൾ ഒരു മാസം പിന്നിട്ടിരിക്കുന്നു. റിപ്പോർട്ടിന്റെ കോപ്പി ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയിട്ടും ഇതുവരെ അത് ലഭ്യമാക്കാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. വേതന വർദ്ധനവും വിരമിക്കൽ ആനുകൂല്യവുമടക്കം റിപ്പോർട്ടിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട് എന്നാണ് പുറത്തുവന്ന വിവരങ്ങളിൽനിന്ന് അറിയാൻ കഴിയുന്നത്. 8 മാസം പിന്നിടുമ്പോഴും സമരം ഒത്തുതീർപ്പാക്കുവാൻ സർക്കാർ തയ്യാറാകുന്നില്ല. വിവരണാതീതമായ പ്രതിബന്ധങ്ങൾ സഹിച്ചുകൊണ്ട് തെരുവിൽ സമരം ചെയ്യുന്ന സ്ത്രീത്തൊഴിലാളികളെ കണ്ടില്ലെന്ന് നടിക്കാതെ, ഡിമാന്റുകൾ അംഗീകരിച്ച് ഇനിയെങ്കിലും സമരം ഒത്തുതീർപ്പാക്കണം എന്നതാണ് കേരളത്തിന്റെ ജനാധിപത്യ മനഃസാക്ഷി സർക്കാരിനോട് ആവശ്യപ്പെടുന്നത്.

സമരത്തിന്റെ അടുത്ത ഘട്ടമെന്ന നിലയിൽ ഒക്ടോബർ 22ന് ആയിരക്കണക്കിന് ആശമാർ മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിലേക്ക് മാർച്ച് ചെയ്യുകയാണ്. ■



‘കേരളമെമ്പാടും 1000 പ്രതിഷേധ സദസ്സി’ന്റെ ഭാഗമായി ചെങ്ങറ അട്ടച്ചാക്കൽ നടന്ന സംഗമത്തിൽ ആശാസമരനേതാവ് എസ്. മിനി പ്രസംഗിക്കുന്നു.



ആലുവയിൽ നടന്ന പ്രതിഷേധ സദസ്സിൽ കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസ്സോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി എം.എ.ബിന്ദു പ്രസംഗിക്കുന്നു.



കൊല്ലം, കുന്നിക്കോട് നടന്ന പ്രതിഷേധ സദസ്സ് പ്രിയദർശിനി ഫൗണ്ടേഷൻ ചെയർമാൻ സി.ബി.വിജയകുമാർ ഉദ്ഘാടനം ചെയ്യുന്നു.

## ജീവനക്കാരും അധ്യാപകരും പെൻഷനേഴ്സും

# സെക്രട്ടേറിയറ്റ് മാർച്ച് നടത്തി

**ജീ**വനക്കാരുടെയും പെൻഷൻകാരുടെയും പക്കൽ നിന്നും കൊള്ളയടിച്ച 80,000 കോടി രൂപ തിരികെ നൽകുക, ഇല്ലാതാക്കിയ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുക, പന്ത്രണ്ടാം ശമ്പളപരിഷ്കരണം ഉടൻ നടപ്പിലാക്കുക, ഡിഎ കുടിശ്ശിക അനുവദിക്കുക, മെഡിസെപ്പ് പിൻവലിക്കുക, സ്കൂളുകളുടെ സാമ്പത്തിക ഉത്തരവാദിത്തം അധ്യാപകരുടെ തലയിൽ കെട്ടിവയ്ക്കുന്നത് അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉയർത്തി ജോയിന്റ് പ്ലാറ്റ്ഫോം ഓഫ് ആക്ഷൻ ഓഫ് ഗവൺമെന്റ് സെക്ടർ എംപ്ലോയീസ് ഓഫ് ഇന്ത്യ (ജെപിഎ)യുടെ നേതൃത്വത്തിൽ ജീവനക്കാരും അധ്യാപകരും പെൻഷൻകാരും സംയുക്തമായി സെക്രട്ടേറിയറ്റിലേക്ക് മാർച്ച് നടത്തി. ജെപിഎ അഖിലേന്ത്യ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ആർ.കുമാർ മാർച്ച് ഉദ്ഘാടനം ചെയ്തു.

ജീവനക്കാരോടും പെൻഷൻകാരോടും ഏറ്റവും വലിയ വഞ്ചന കാണിച്ച സർക്കാരാണ് ഇപ്പോൾ ഭരിക്കുന്നത്. കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന തൊഴിലാളി വിരുദ്ധ നയങ്ങൾ തന്നെയാണ് സംസ്ഥാനത്ത് പിണറായി സർക്കാർ നടപ്പിലാക്കുന്നത്. ജീവനക്കാരെ സംബന്ധിച്ച് എൻപിഎസ് പുനഃപരിശോധിക്കും എന്ന് വാഗ്ദാനം നൽകി അധികാരത്തിലെത്തിയ സർക്കാർ, പരിശോധനാ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടും ഇന്നുവരെ നടപടി സ്വീകരിച്ചിട്ടില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ജെപിഎ സംസ്ഥാന പ്രസിഡന്റ് വർഗീസ് എം.ജേക്കബ് അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി ടി.അരുൺജിത്, എഐയുടിയുസി സംസ്ഥാന പ്രസിഡന്റ് വി.കെ.സദാനന്ദൻ, വിവിധ അഫിലിയേറ്റഡ് സംഘടനകളെ പ്രതിനിധീകരിച്ച് എം.എ. പുഷ്പ, എബ്രഹാം പി.പി, പ്രസാദ് എന്നിവർ പ്രസംഗിച്ചു. ■


ജെപിഎ സംസ്ഥാന പ്രസിഡന്റ് വർഗീസ് എം.ജേക്കബ് സെക്രട്ടേറിയറ്റ് മാർച്ചിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുന്നു.

## അന്യായമായ കോർട്ട്ഫീ വർദ്ധനവ് പിൻവലിക്കുക: ജനകീയ സംഗമം

**അ**ന്യായമായ കോർട്ട്ഫീ വർദ്ധനവ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഡെമോക്രാറ്റിക് ലോയേഴ്സ് ഫോറം (ഡിഎൽഎഫ്) ഹൈക്കോടതി ചേമ്പർ ഹാളിൽ ജനകീയ സംഗമം സംഘടിപ്പിച്ചു. ഹൈക്കോർട്ട് ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ.യശ്വന്ത് ഷേണായി സംഗമം ഉദ്ഘാടനം ചെയ്തു. അന്യായമായ കോർട്ട് ഫീ വർദ്ധനവിനെതിരെ ശക്തമായ ജനകീയ ഇടപെടൽ അനിവാര്യമാണെന്നും സമൂഹത്തിന്റെ താത്പര്യത്തെ മുൻനിർത്തി അഭിഭാഷകർ ആത്മാർത്ഥമായി ഈ വിഷയത്തിൽ ഇടപെടണമെന്നും അദ്ദേഹം പറഞ്ഞു.

ഡെമോക്രാറ്റിക് ലോയേഴ്സ് ഫോറം സംസ്ഥാന കൺവീനർ അഡ്വ.ഇ.എൻ.ശാന്തിരാജ് അധ്യക്ഷത വഹിച്ചു. അഡ്വ.തോമസ് അടിപ്പുഴ, അഡ്വ.സി.ആർ.നീലകണ്ഠൻ, അഡ്വ.ജോൺസൺ പി.ജോൺ, അഡ്വ.സിബിലി നഹ, അഡ്വ.രാജു വടക്കേക്കര, അഡ്വ.പി.കെ.ശാന്തമ്മ, അഡ്വ.ജി.മോട്ടിലാൽ, അഡ്വ.ബി.കെ.രാജഗോപാൽ, കെ.ഒ.ഷാൻ, അഡ്വ.സുജ ആന്റണി, അഡ്വ.പോൾ ടി.സാമുവൽ, അഡ്വ.പി.സി.വിവേക് എന്നിവർ സംസാരിച്ചു. ■



ജനകീയ സംഗമം അഡ്വ.യശ്വന്ത് ഷേണായി ഉദ്ഘാടനം ചെയ്യുന്നു.

Volume: 52 No:7 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: Jaison Joseph.